കേരളസർക്കാർ

വാല്യം 09
ഇഷ്യൂ 03

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം

## New Government Vision










നിയമ (ഔദ്യോഗികഭാഷ – പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കുമായുള്ള സാമൂഹ്യനിയമ ബോധവൽക്കരണ പരിപാടിയായ '**മാറ്റൊലി 2026**' ചടങ്ങിന്റെ വിവിധ ദൃശ്യങ്ങൾ

കേരളസർക്കാർ



# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം







കേരള സർക്കാർ

**നിയമവകുപ്പ്**

# പ്രസാധകക്കുറിപ്പ്

തിരുവനന്തപുരം
16-03-2026

കേരളീയരായ നമ്മുടെ മാതൃഭാഷയായ മലയാളം സംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷയാക്കുന്നതിനായി കേരള സംസ്ഥാനം രൂപീകരിച്ചതുമുതൽ ആരംഭിച്ച നടപടികൾ 15-ാം കേരളനിയമസഭയുടെ 14-ാം സമ്മേളനത്തിൽ 'മലയാളഭാഷ ആക്റ്റ്, 2025' പാസ്സാക്കിയതോടെ ലക്ഷ്യപ്രാപ്തിയിലെത്തി എന്നുള്ളത് മലയാളികളായ ഏവർക്കും ഏറെ അഭിമാനകരമാണ്. മാത്രമല്ല അത് മലയാളഭാഷയുടെ സാർവ്വത്രികമായ വികാസത്തിന് വഴിയൊരുക്കും എന്നത് നിസ്സംശയമായ സംഗതിയാണ്. മാതൃഭാഷയിലുള്ള ഭരണ സംവിധാനം ജനാധിപത്യപ്രക്രിയയിൽ അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ഇതിനകം തന്നെ സർക്കാർ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. നിയമനിർമ്മാണ പ്രക്രിയയിലും നീതി നിർവ്വഹണ പ്രക്രിയയിലും മാതൃഭാഷയുടെ ഉപയാഗം വ്യാപകമാക്കുന്നതിന് സർക്കാർ വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ തുടർച്ചയായിട്ടാണ് സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ നിന്നും ബഹു. സുപ്രീം കോടതിയുടെയും, ബഹു. കേരള ഹൈക്കോടതിയുടെയും പ്രധാനപ്പെട്ടതും കാലിക പ്രസക്തിയുള്ള വിധിന്യായങ്ങളും വിധിന്യായങ്ങളുടെ പ്രസക്ത ഭാഗങ്ങളും മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് '**നിയമധ്വനി**' എന്ന നിയമ ജേർണൽ പ്രസിദ്ധീകരിച്ചു വരുന്നത്.

നിയമ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പൊതുജനങ്ങൾക്കും ഒരുപോലെ ഉപകാരപ്രദമാകുന്ന രീതിയിലാണ് ഒരു പതിറ്റാണ്ടിലേറെയായി നിയമധ്വനി പ്രസിദ്ധീകരിച്ചുവരുന്നത്. കൂടാതെ ഇത് മലയാളഭാഷയുടെ സാർവ്വത്രികമായ വളർച്ചക്കും വ്യാപനത്തിനും പരിപോഷണത്തിനും സമൂഹത്തിന് നിയമ അവബോധം ലഭ്യമാക്കുന്നതിനും ഏറെ സഹായകരമാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് നിയമധ്വനിയുടെ ഈ പതിപ്പ് മാന്യവായനക്കാർക്ക് സമർപ്പിച്ചുകൊള്ളുന്നു.

നിയമധ്വനിയെ കുറിച്ചുള്ള വായനക്കാരുടെ അഭിപ്രായങ്ങൾ വിലപ്പെട്ടതാണ്. ഭാഷാപ്രയോഗത്തിലെ പിഴവുകളോ മെച്ചപ്പെട്ട പദപ്രയോഗങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

നിയമവകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം

കേരള സർക്കാർ

# നിയമധ്വനി



## നിയമവകുപ്പ് പ്രസിദ്ധീകരണം


പത്രാധിപസമിതി

ചീഫ് എഡിറ്റർ
**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

എഡിറ്റർ
**ഷിബു തോമസ്**
അഡീഷണൽ നിയമസെക്രട്ടറി

അംഗങ്ങൾ

**ജാക്വലിൻ ഇ. ഡബ്ല്യു.**
ജോയിന്റ് സെക്രട്ടറി

**ഗായത്രി എം. എം.**
സെക്ഷൻ ഓഫീസർ

**അനന്ത കൃഷ്ണൻ എ. കെ.**
ലീഗൽ അസിസ്റ്റന്റ്

**ഉമാ ദേവി എസ്.**
ലീഗൽ അസിസ്റ്റന്റ്



പുറം താൾ രൂപകൽപ്പന
രൂപകൽപന വിഭാഗം
അച്ചടി വകുപ്പ്, ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം

അച്ചടി
ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം-2025


---

മാന്യവായനക്കാരുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുക

വിലാസം


നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം 695 001
ഫോൺ : 04712517064, 04712517066
email.id: so.olpc.law@kerala.gov.in

# ഉൾത്താളുകളിൽ


**I. സുപ്രീം കോടതി വിധിന്യായങ്ങൾ** **3**

1. മുഹമ്മദ് ഇമ്രാൻ @ ഡി.സി. ഗുഡ്ഡു V. ജാർഖണ്ഡ് സംസ്ഥാനം 5

2. സിതാര എൻ.എസ്-ഉം മറ്റുള്ളവരും V. സായ് റാം ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് 10

**II. ഹൈക്കോടതി വിധിന്യായങ്ങൾ** **13**

1. ആർ. രാഗവേന്ദ്രനും മറ്റൊരാളും V. യൂണിയൻ ഓഫ് ഇന്ത്യ 15

2. ബിജു എട്ടാമ്മൽ V. കേരള സംസ്ഥാനവും മറ്റുള്ളവരും 20

3. ഇമ്രാൻ @ ഹംസത്ത് ഇക്തിയാർ @ ഇർഷാദ് V. കേരള സംസ്ഥാനവും മറ്റൊരാളും 23

**III. സുപ്രീം കോടതി വിധി : സംക്ഷിപ്തം** **28**

രാമ ബായ് V. ഇൻചാർജ് ഓഫീസർ/കോംപിറ്റന്റ് ഓഫീസർ മുഖേന M/s. അമിത് മിനറൽസ് ഉം മറ്റൊരാളും 29

**IV. കേരള ഹൈക്കോടതി വിധി : സംക്ഷിപ്തം** **33**

സി. ജെ. മാത്യൂസ് V. എറണാകുളം ജില്ലാ കളക്ടറും മറ്റുള്ളവരും 35

**37**

**V. സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ** 39

1. സോഹൻ വി.എം. V. കേരള സംസ്ഥാനം 40

2. ഷാജി സെബാസ്റ്റ്യൻ V. ജൂലി ജോസഫ് 41

3. പ്രണവ് മോഹനൻ V. ജില്ലാ ജിയോളജിസ്റ്റ് 42

4. ഇൻ റേ : എൻ. പെഡി രാജുവും മറ്റുള്ളവരും 43

5. ഡോ. സൊഹൈൽ മാലിക് V. യൂണിയൻ ഓഫ് ഇന്ത്യ 44

6. എ.എൽ.കെ.എ.ആർ.എസ്.എഫ്. അപ്പാരൽസ് പ്രൈവറ്റ് ലിമിറ്റഡ് V. കേരള സംസ്ഥാനം 45

**47**

49

**VI. ലേഖനങ്ങൾ**

1. വിവരാവകാശ നിയമത്തിന്റെ 20 വർഷങ്ങൾ 54

(കെ പ്രസാദ്, റിട്ട. അഡീഷണൽ നിയമസെക്രട്ടറി

2. കാർബൺ ക്രെഡിറ്റ് (Carbon Credit) എന്ന ആശയവും ഇന്ത്യയിലെ നിയമ പിന്തുണയും 61
(ദിപിൻ റോയ് എസ്. എൽ., സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്.)

**VII. വേറിട്ടവിധികൾ**

ബാഗേജ് നഷ്ടപ്പെട്ടതിന് 1.19 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ വിമാനക്കമ്പനിക്ക് നിർദ്ദേശം 63

**VIII. നിയമപദപരിചയം** 65

**IX. നിയമസൂക്തങ്ങൾ** 67

**X. മാനകപദാവലി** 69

**XI. നിയമലോകം**

**XII. പതിനഞ്ചാം കേരളനിയമസഭയുടെ 16-ാം സമ്മേളനത്തിൽ ആക്റ്റ് ആയ ബില്ലുകൾ** 71

**XIII. നിയമവകുപ്പുവാർത്തകൾ** 72



# സുപ്രീം കോടതി

## വിധിന്യായങ്ങൾ

**സുപ്രീം കോടതി മുമ്പാകെ**

ക്രിമിനൽ അപ്പീൽ അധികാരിത

**ബഹു. ജസ്റ്റിസ് ജെ. ബി. പർദിവാല**

**&**

**ബഹു. ജസ്റ്റിസ് കെ. വി. വിശ്വനാഥൻ**

ക്രിമിനൽ അപ്പീൽ നം. ..... / 2026

[എസ്.എൽ.പി. (ക്രിമിനൽ) നമ്പർ 12110/2025-ൽ നിന്ന് ഉത്ഭവിച്ചത്]

&

ക്രിമിനൽ അപ്പീൽ നം. ..... / 2026

[എസ്. എൽ. പി. (ക്രിമിനൽ) നമ്പർ 19548/2025-ൽ നിന്ന് ഉത്ഭവിച്ചത്]

**മുഹമ്മദ് ഇമ്രാൻ @ ഡി.സി. ഗുഡ്ഡു - അപ്പീൽവാദി**

**v.**

**ജാർഖണ്ഡ് സംസ്ഥാനം - എതിർകക്ഷി**

(07.01.2026-ന് വിധി പ്രസ്താവിച്ചത്)

**ഉത്തരവിലെ പ്രസക്തഭാഗങ്ങൾ**

സി.ആർ.പി.സി.യുടെ 319-ാം വകുപ്പ് പ്രകാരം പ്രതി ചേർത്ത ഒരാളെ ഒടുവിൽ അറസ്റ്റ് ചെയ്യുകയും അയാൾ ജാമ്യത്തിനായി അപേക്ഷിക്കുകയും ചെയ്യുമ്പോൾ, ജാമ്യത്തിനായുള്ള അയാളുടെ അപേക്ഷ പരിഗണിക്കുമ്പോൾ കോടതി അദ്ദേഹത്തിന്റെ പങ്കാളിത്തത്തിന്റെ സാധ്യതയെക്കാൾ പരിഗണിക്കേണ്ടത് പ്രധാനമായും ശക്തവും വിശ്വാസകരവുമായ തെളിവുകൾ ആയിരിക്കണം. കുറ്റം ചുമത്തുന്ന സമയത്ത് പ്രഥമദൃഷ്ട്യാ കേസ് ഉണ്ടോ എന്ന് നോക്കുന്നതിനേക്കാൾ സൂക്ഷ്മ പരിശോധനയാണ് പ്രയോഗിക്കേണ്ടത്. എന്നാൽ തെളിവുകൾ ഖണ്ഡിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ അത് കുറ്റസ്ഥാപനത്തിലേക്ക് നയിക്കും എന്ന ബോധ്യപ്പെടുത്തലിന്റെ ആവശ്യമില്ല കുറ്റകൃത്യത്തിന്റെ സ്വഭാവം, പുതുതായി പ്രതി ചേർത്ത വ്യക്തിക്കെതിരെയുള്ള തെളിവുകളുടെ നിലവാരം, അയാൾ ഒളിച്ചോടാനോ തെളിവുകൾ നശിപ്പിക്കാനോ ഉള്ള സാധ്യത തുടങ്ങിയ ഘടകങ്ങൾ കോടതി വിലയിരുത്തണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പുതുതായി പ്രതി ചേർത്ത വ്യക്തിയുടെ പങ്കാളിത്തം സ്ഥാപിക്കുന്നതിന് ആദ്യം പ്രതി ചേർത്ത ആൾക്കെതിരെ കുറ്റം ചുമത്തുന്നതിന് ആവശ്യമായതിനേക്കാൾ ശക്തവും വിശ്വാസകരമായതുമായ തെളിവുകൾ ഉണ്ടെന്ന് കോടതിക്ക് ബോധ്യപ്പെടണം.

## ഉത്തരവ്

1. അനുമതി നൽകി.

2. തലക്കെട്ടിൽ പറഞ്ഞിരിക്കുന്ന രണ്ട് അപ്പീലുകളിലും ഉൾപ്പെട്ടിരിക്കുന്ന വിഷയങ്ങൾ സമാനമായതിനാൽ, അവ ഒരുമിച്ച് വാദം കേൾക്കുന്നതിനായി എടുക്കുകയും പൊതുവായ ഈ ഉത്തരവിലൂടെ തീർപ്പാക്കുകയും ചെയ്യുന്നു.

3. എസ്.എൽ.പി. (ക്രിമിനൽ) നമ്പർ 12110/2025-ൽ നിന്ന് ഉത്ഭവിച്ച അപ്പീലിനെ സംബന്ധിച്ചിടത്തോളം, അത് മുഹമ്മദ് ഇമ്രാൻ @ ഡി.സി. ഗുഡ്ഡു ആണ് ഫയൽ ചെയ്തിരിക്കുന്നത്.

4. റാഞ്ചിയിലെ ജാർഖണ്ഡ് ഹൈക്കോടതി 08.04.2025-ന് 2758/2025 നമ്പർ ജാമ്യാപേക്ഷയിൽ പുറപ്പെടുവിച്ച ഉത്തരവിൽ നിന്നാണ് ഇമ്രാൻ @ ഡി. സി. ഗുഡ്ഡു സമർപ്പിച്ച അപ്പീൽ ഉത്ഭവിച്ചിരിക്കുന്നത്. അതിൽ ഇന്ത്യൻ ശിക്ഷാ നിയമസംഹിത (ചുരുക്കത്തിൽ "ഐ.പി.സി.") ലെ 147, 148, 149, 302 എന്നീ വകുപ്പുകളും 1959-ലെ ആയുധങ്ങൾ ആക്റ്റിലെ 25(1-ബി)എ/26/27/35 എന്നീ വകുപ്പുകളും പ്രകാരം ശിക്ഷാർഹമായ കുറ്റത്തിന് രജിസ്റ്റർ ചെയ്ത ഡെയ്‌ലി മാർക്കറ്റ് പോലീസ് സ്റ്റേഷനിലെ 46/2018 നമ്പർ കേസും 100239 /2019 നമ്പർ എസ്.ടി. യുമായി ബന്ധപ്പെട്ട് അപ്പീൽവാദി സമർപ്പിച്ച ജാമ്യാപേക്ഷ തള്ളിയിരുന്നു.

5. ഹാജരാക്കിയിരിക്കുന്ന രേഖകളിൽ നിന്നും മരണപ്പെട്ടയാളുടെ പിതാവ് നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ. ആറിൽ പ്രതിയായി പേർ ചേർക്കപ്പെട്ടവരിൽ ഒരാളാണ് ഇതിലെ അപ്പീൽവാദിയായ മുഹമ്മദ് ഇമ്രാൻ @ ഡി സി ഗുഡ്ഡു എന്ന് കാണുന്നു.

6. ഒമ്പത് പ്രതികൾക്കെതിരെയുമാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരുന്നത്. അന്വേഷണത്തിനൊടുവിൽ മൂന്ന് പ്രതികൾക്കെതിരെ മാത്രമാണ് കുറ്റപത്രം സമർപ്പിച്ചത്. എന്നാൽ കൂട്ടുപ്രതികളായ മറ്റ് ആറ് പേരെ സംബന്ധിച്ചിടത്തോളം ക്രിമിനൽ നടപടികൾ അവസാനിപ്പിക്കാൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വിചാരണ വേളയിൽ, സംഭവത്തിന്റെ ദൃക്സാക്ഷികളായ മരണപ്പെട്ടയാളുടെ കുടുംബാംഗങ്ങൾ, എഫ് .ഐ.ആറിൽ ആദ്യം പരാമർശിച്ചിരുന്ന ഒമ്പത് പ്രതികളുടെയും പങ്കാളിത്തം സംബന്ധിച്ച് മൊഴി നൽകി.

7. ദൃക്സാക്ഷികളുടെ മൊഴികൾ 2020 ലും 2021 ലും യഥാക്രമം രേഖപ്പെടുത്തിയിരുന്നു. പോലീസ് ഒഴിവാക്കിയ മറ്റ് ആറ് കൂട്ടുപ്രതികളെയും പ്രതി ചേർത്ത് വിചാരണ നേരിടാൻ സമൻ ചെയ്യാൻ അപേക്ഷിച്ച്, 2022-ൽ, പ്രഥമ വിവരദാതാവ് (Ist informant) ക്രിമിനൽ നടപടിക്രമ നിയമ സംഹിതയുടെ 319-ാം വകുപ്പ് പ്രകാരം വിചാരണ കോടതിയിൽ അപേക്ഷ നൽകി. ദൃക്സാക്ഷികൾ കേസുമായി ബന്ധപ്പെട്ട് നൽകിയ മൊഴികളുടെ അടിസ്ഥാനത്തിലായിരുന്നു ഇത്തരമൊരു അപേക്ഷ സമർപ്പിച്ചത്.

8. പ്രഥമ വിവരദാതാവ് സമർപ്പിച്ച അപേക്ഷ വിചാരണ കോടതി പരിശോധിക്കുകയും ഒടുവിൽ അത് ഭാഗികമായി അനുവദിക്കുകയും ചെയ്തു. ഒഴിവാക്കപ്പെട്ട ആറ് പ്രതികളിൽ നിന്ന് മൂന്നുപേരെ സമൻ ചെയ്യുന്നത് ഉചിതമാണെന്ന നിഗമനത്തിൽ വിചാരണക്കോടതി എത്തി. മറ്റ് മൂന്ന് പേരെ സംബന്ധിച്ചിടത്തോളം, സി.ആർ.പി.സി.യുടെ 319-ാം വകുപ്പിലെ അധികാരങ്ങൾ വിനിയോഗിച്ച് അവരെ പ്രതി ചേർക്കുന്നത് ഉചിതമല്ലെന്ന് വിചാരണ കോടതി കണ്ടെത്തി.

9. സി.ആർ.പി.സി.യുടെ 319-ാം വകുപ്പിൻ കീഴിൽ വിചാരണ കോടതി പാസാക്കിയ പ്രഥമ ഉത്തരവ് ചോദ്യം ചെയ്യപ്പെട്ടില്ല എന്നതിൽ തർക്കമില്ല. ഉത്തരവ് അന്തിമമായിട്ടുള്ളതാണ്. ജാമ്യമില്ലാ വാറണ്ട് പുറപ്പെടുവിച്ചതിനെ തുടർന്നാണ് അപ്പീൽവാദിയായ മുഹമ്മദ് ഇമ്രാൻ @ ഡി സി ഗുഡ്ഡുനെ അറസ്റ്റ് ചെയ്തത്. ബന്ധപ്പെട്ട അപ്പീലുകളിലെ എതിർകക്ഷികളെ സംബന്ധിച്ചിടത്തോളം, അവരെ അറസ്റ്റ് ചെയ്യുന്നതിന് മുമ്പ് തന്നെ അവർ ഹൈക്കോടതിയെ സമീപിക്കുകയും മുൻകൂർ ജാമ്യത്തിനായി അപേക്ഷിക്കുകയും ചെയ്തു. ഹൈക്കോടതി ഇവർക്ക് മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു.

10. മുകളിൽ പരാമർശിച്ച സാഹചര്യങ്ങൾ അനുസരിച്ച്, ഞങ്ങൾക്ക് മുന്നിൽ രണ്ട് അപ്പീലുകലാണ് ഉള്ളത്, അറസ്റ്റ് ചെയ്യപ്പെട്ട് നിലവിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിയുന്ന പ്രതിയായ മുഹമ്മദ് ഇമ്രാൻ @ ഡി.സി.ഗുഡ്ഡു ഫയൽ ചെയ്ത അപ്പീലും, മറ്റ് രണ്ട് കൂട്ടുപ്രതികളെ മുൻകൂർ ജാമ്യത്തിൽ വിട്ടയച്ച ഹൈക്കോടതി ഉത്തരവിൽ ആവലാതിപ്പെട്ട് ജാർഖണ്ഡ് സംസ്ഥാനം സമർപ്പിച്ച അനുബന്ധ

അപ്പീലും.

11. മൂന്ന് പ്രതികളെയും കൂടി ഇപ്പോൾ സമൻ ചെയ്തിരിക്കുന്നതിനാൽ, അവർക്കെതിരായ വിചാരണ നടപടികൾ പുതുതായി തുടങ്ങേണ്ടിവരും. അവർക്കെതിരെയുള്ള കുറ്റാരോപണങ്ങൾ തയ്യാറാക്കിയിട്ടുണ്ടെന്ന് ഞങ്ങളുടെ ശ്രദ്ധയിൽ വന്നിട്ടുണ്ട്.

12. പ്രതികൾക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകരായ ശ്രീ. സാമന്ത് സിംഗ്, ശ്രീ. രാകേഷ് കുമാർ സിംഗ്, ശ്രീ. ഗണേഷ് ഖന്ന എന്നിവരെയും ജാർഖണ്ഡ് സംസ്ഥാനത്തിന് വേണ്ടി ഹാജരാകുന്ന അഭിഭാഷക ശ്രീമതി പ്രഗ്യ ബാഗേലിനെയും ഞങ്ങൾ കേട്ടു.

13. ഞങ്ങൾ വിഷയം ആഴത്തിൽ പരിശോധിച്ചു. മൂന്ന് പ്രതികളെയും കൂടി കൊലപാതകക്കുറ്റത്തിന് വിചാരണ നേരിടുന്നതിനായി ഇപ്പോൾ സമൻ ചെയ്യാൻ അടിസ്ഥാനമായ ദൃക്സാക്ഷികളുടെ മൊഴികളെയും ഞങ്ങൾ പരിശോധിച്ചു.

14. സി.ആർ.പി.സി.യുടെ 319-ാം വകുപ്പ് പ്രകാരം പ്രതി ചേർത്ത ഒരാളെ ഒടുവിൽ അറസ്റ്റ് ചെയ്യുകയും അയാൾ ജാമ്യത്തിനായി അപേക്ഷിക്കുകയും ചെയ്യുമ്പോൾ, ജാമ്യത്തിനായുള്ള അയാളുടെ അപേക്ഷ പരിഗണിക്കുമ്പോൾ കോടതി അദ്ദേഹത്തിന്റെ പങ്കാളിത്തത്തിന്റെ സാധ്യതയെക്കാൾ പരിഗണിക്കേണ്ടത് പ്രധാനമായും ശക്തവും വിശ്വാസകരവുമായ തെളിവുകൾ ആയിരിക്കണം. കുറ്റം ചുമത്തുന്ന സമയത്ത് പ്രഥമദൃഷ്ട്യാ കേസ് ഉണ്ടോ എന്ന് നോക്കുന്നതിനേക്കാൾ സൂക്ഷ്മ പരിശോധനയാണ് പ്രയോഗിക്കേണ്ടത്. എന്നാൽ തെളിവുകൾ ഖണ്ഡിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ അത് കുറ്റസ്ഥാപനത്തിലേക്ക് നയിക്കും എന്ന ബോധ്യപ്പെടുത്തലിന്റെ ആവശ്യമില്ല. കുറ്റകൃത്യത്തിന്റെ സ്വഭാവം, പുതുതായി പ്രതി ചേർത്ത വ്യക്തിക്കെതിരെയുള്ള തെളിവുകളുടെ നിലവാരം, അയാൾ ഒളിച്ചോടാനോ തെളിവുകൾ നശിപ്പിക്കാനോ ഉള്ള സാധ്യത തുടങ്ങിയ ഘടകങ്ങൾ കോടതി വിലയിരുത്തണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പുതുതായി പ്രതി ചേർത്ത വ്യക്തിയുടെ പങ്കാളിത്തം സ്ഥാപിക്കുന്നതിന് ആദ്യം പ്രതി ചേർത്ത ആൾക്കെതിരെ കുറ്റം ചുമത്തുന്നതിന് ആവശ്യമായതിനേക്കാൾ ശക്തവും വിശ്വാസകരമായതുമായ തെളിവുകൾ ഉണ്ടെന്ന് കോടതിക്ക് ബോധ്യപ്പെടണം.

15. ഇതിനകം തന്നെ മറ്റ് രണ്ട് കൂട്ടുപ്രതികളായ മുഹമ്മദ് സംഷേറും മുഹമ്മദ് അർഷാദും 02.07.2025 മുതൽ മുൻകൂർ ജാമ്യത്തിലാണ്. അവർ എല്ലാ തീയതികളിലും വിചാരണ കോടതിയിൽ ഹാജരാകുന്നുണ്ടെന്നാണ് ഞങ്ങൾ മനസിലാക്കിയിരിക്കുന്നത്.

16. കേസ് വിചാരണ കോടതിയുടെ പരിഗണനയിലായതിനാൽ, ഞങ്ങൾ കൂടുതലായൊന്നും നിരീക്ഷിക്കേണ്ടതില്ല.

17. വിചാരണ കോടതിക്ക് ഏർപ്പെടുത്താൻ ഉചിതമെന്ന് കാണുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി മുഹമ്മദ് ഇമ്രാൻ @ ഡി.സി. ഗുഡ്ഡുവിനെ ജാമ്യത്തിൽ വിടാൻ ഉത്തരവിടുന്നു.

18. മറ്റ് രണ്ട് പ്രതികളെ സംബന്ധിച്ചിടത്തോളം, അവർ ഇതിനകം തന്നെ മുൻകൂർ ജാമ്യത്തിലാണ്. മുൻകൂർ ജാമ്യം റദ്ദാക്കുന്നതിന് സംസ്ഥാനം ഒരു കാരണവും സ്ഥാപിച്ചിട്ടില്ല.

19. തൽഫലമായി, മുഹമ്മദ് ഇമ്രാൻ @ ഡി.സി. ഗുഡ്ഡു സമർപ്പിച്ച അപ്പീൽ അനുവദിക്കുകയും ജാർഖണ്ഡ് സംസ്ഥാനം സമർപ്പിച്ച അപ്പീൽ തള്ളുകയും ചെയ്യുന്നു.

20. മൂന്ന് പ്രതികളും മുടക്കം കൂടാതെ വിചാരണ കോടതിയിൽ ഹാജരാകണമെന്നും വിചാരണ വേഗത്തിൽ തീർപ്പാക്കുന്നതിൽ സഹകരിക്കണമെന്നും ഞങ്ങൾ വ്യക്തമാക്കുന്നു.

21. മുഹമ്മദ് ഇമ്രാൻ @ ഡി.സി. ഗുഡ്ഡുവിന്റെ ജാമ്യാപേക്ഷയിൽ തീരുമാനമെടുക്കുന്നതിനും മുഹമ്മദ് ഷംഷേർ ആലമിനും മുഹമ്മദ് അർഷാദിനും മുൻകൂർ ജാമ്യം അനുവദിച്ച ഉത്തരവിനെതിരെ സംസ്ഥാനം ഫയൽ ചെയ്ത അപ്പീൽ പരിഗണിക്കുന്നതിനും വേണ്ടി മാത്രമാണ് ഈ ഉത്തരവിലെ നിരീക്ഷണങ്ങൾ എന്നും കൂടി ഞങ്ങൾ വ്യക്തമാക്കുന്നു. വിചാരണ കോടതി നിയമം അനുസരിച്ചുള്ള നടപടികളുമായിട്ട് മുന്നോട്ട് പോകേണ്ടതാണ്, കൂടാതെ ഈ ഉത്തരവിലെ നിരീക്ഷണങ്ങൾ വിചാരണ കോടതിയെ സ്വാധീനിക്കാൻ പാടില്ല.

22. തീർപ്പാക്കാത്ത അപേക്ഷ(കൾ) ഉണ്ടെങ്കിൽ അവ തീർപ്പാക്കുന്നു.

# സുപ്രീം കോടതി മുമ്പാകെ

സിവിൽ അപ്പീൽ അധികാരിത

**ബഹു. ജസ്റ്റിസ് സഞ്ജയ് കരോൾ**

**&**

**ബഹു. ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്ര**

സിവിൽ അപ്പീൽ നം. 14718-14719 / 2025

[എസ്.എൽ.പി. (സിവിൽ) നമ്പർ 281-282/2019 -ൽ നിന്ന് ഉത്ഭവിച്ചത്]

**സിതാര എൻ.എസ്.ഉം മറ്റുള്ളവരും - അപ്പീൽവാദികൾ**

**v.**

**സായ് റാം ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - എതിർകക്ഷി**

(12.12.2025-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

മോട്ടോർ വാഹന അപകട കേസുകളിൽ, തെളിവിന്റെ ആവശ്യമായ മാന ദണ്ഡം സംഭാവ്യതകളുടെ ആധിക്യമാണെന്ന സുസ്ഥിര നിയമത്തെക്കുറിച്ച് ഈ കോടതിക്ക് ബോധ്യമുണ്ട്. അപകടം നടന്നയുടനെ സമർപ്പിക്കുന്ന എഫ്.ഐ. ആറിലോ പരാതിയിലോ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ ഇല്ലാത്തത് കൊണ്ട് മാത്രം അവകാശവാദം ഇല്ലാതാകില്ല എന്നതും സുസ്ഥിരമാണ്. എഫ്.ഐ.ആർ. ഒരു വിജ്ഞാനകോശമല്ല കൂടാതെ പ്രാരംഭ ഘട്ടത്തിൽ വരുന്ന ഒഴിവാക്കലുകൾ നിർണായകമാകണമെന്നുമില്ല. എന്നിരുന്നാലും, അപകടത്തിന് പ്രസ്തുത വാഹന വുമായുള്ള ബന്ധം വിശ്വാസ്യമായതും ആശ്രയിക്കാവുന്നതുമായ തെളിവുകൾ വഴി സ്ഥാപിക്കപ്പെടണം എന്ന ഉപാധിയോടെ, അവകാശവാദികൾ വാഹനത്തിന്റെയോ ഡ്രൈവറുടെയോ വ്യക്തമായ വിവരങ്ങൾ സ്ഥാപിച്ചെടുക്കണം.

**വിധിന്യായം**

**ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്ര**

1. അനുമതി നൽകി.

2. ബെംഗളൂരുവിലെ കർണാടക ഹൈക്കോടതി എം.എഫ്.എ. നമ്പർ 5891/2015, 5892/2015 (എം.വി.) എന്നിവയിൽ 07.06.2018-ാം തീയതിയിൽ പാസാക്കിയ പൊതുവിധിന്യായത്തെ ഈ അപ്പീലുകളിൽ ചോദ്യം ചെയ്തിരിക്കുന്നു. അതിൽ, മരണപ്പെട്ട രണ്ട് പേരുടെയും നിയമാനുസൃത പ്രതിനിധികളായ നിലവിലെ അപ്പീൽവാദികൾ ഫയൽ ചെയ്ത അപ്പീലുകൾ ഹൈക്കോടതി തള്ളുകയും, അവർ ഫയൽ ചെയ്തിരുന്ന അവകാശവാദ ഹർജികൾ തള്ളിക്കൊണ്ട് ഷിമോഗയിലെ മോട്ടോർ ആക്സിഡന്റ്

ക്ലെയിംസ് ട്രൈബ്യൂണൽ-VII പാസാക്കിയ 30.04.2015-ാം തീയതിയിലെ ഉത്തരവ് ശരിവെക്കുകയും ചെയ്തിരുന്നു.

3) 14.08.2013-ന്, ഹൊന്നാലിയിൽ നിന്ന് സുനിൽ സിംഗും അവന്റെ സുഹൃത്തായ ശിവുവും KA-14-ED-9828 എന്ന രജിസ്ട്രേഷൻ നമ്പർ ഉള്ള മോട്ടോർ സൈക്കിളിൽ മടങ്ങുകയായിരുന്നു. ഏകദേശം രാത്രി 11.30 മണിക്ക്, അവർ സുഗൂർ ഗ്രാമത്തിന് സമീപ മെത്തിയപ്പോൾ, 1-ാം എതിർകക്ഷി KA-20-AA-6786 എന്ന രജിസ്ട്രേഷൻ നമ്പർ ഉള്ള ഒരു കാന്റർ ലോറി അലക്ഷ്യവും അശ്രദ്ധവുമായി ഓടിച്ച് അവരുടെ മോട്ടോർ സൈക്കിളിൽ ഇടിച്ചുകയറ്റിയെന്ന് ആരോപിക്കപ്പെടുന്നു. ശിവു സംഭവസ്ഥലത്ത് വെച്ച് തന്നെ മരണപ്പെടുന്നതിനും സുനിൽ പിന്നീട് ആശുപത്രിയിൽ വച്ച് മരണപ്പെടുന്നതിനും ഇത് കാരണമായി. മരണപ്പെട്ട രണ്ടുപേരുടെയും നിയമാനുസൃത പ്രതിനിധികൾ ട്രൈബ്യൂണൽ മുമ്പാകെ രണ്ട് വ്യത്യസ്ത അവകാശവാദ ഹർജികൾ സമർപ്പിച്ചു. മരണപ്പെട്ട സുനിൽ സിങ്ങിന്റെ നിയമാനുസൃത പ്രതിനിധികൾ 1155/2013-ാം നമ്പർ എം.വി.സി.യും, മരണപ്പെട്ട ശിവുവിന്റെ നിയമാനുസൃത പ്രതിനിധികൾ 1156/2013-ാം എം.വി.സി. യും ഫയൽ ചെയ്തിരുന്നു. വിശദമായ പരിശോധനക്ക് ശേഷം ട്രൈബ്യൂണൽ രണ്ട് അവകാശവാദ ഹർജികളും തള്ളി. ഇതിൽ ആവലാതിപ്പെട്ട്, നിയമാനുസൃത പ്രതിനിധികൾ / അപ്പീൽ വാദികൾ ഹൈക്കോടതി മുമ്പാകെ അവരുടെ അപ്പീലുകൾ ഫയൽ ചെയ്തു. എന്നാൽ ആരോപിക്കപ്പെട്ട അപകടത്തിൽ ഉൾപ്പെട്ട വാഹനത്തിന്റെ പങ്കാളിത്തം തെളിയിക്കുന്നതിൽ അപ്പീൽവാദികൾ പരാജയപ്പെട്ടുവെന്ന് നിരീക്ഷിച്ചുകൊണ്ട് അവയും തള്ളുകയായിരുന്നു.

**പ്രസ്താവനകൾ**

4) 26 വയസ്സുള്ള സുനിൽ സിങ്ങിന്റെയും 22 വയസ്സുള്ള ശിവുവിന്റെയും മരണത്തിന് കാരണമായ 14.08.2013-ലെ അപകടം സംഭാവ്യതകളുടെ ആധിക്യത്തിന്റെ [preponderance of probabilites] അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടതാണെന്ന് അപ്പീൽവാദികൾക്കുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ശക്തമായി വാദിച്ചു. 277/2013-ാം നമ്പർ എഫ്.ഐ.ആർ., ഒന്നിലധികം പരിക്കുകളിൽ നിന്നുള്ള രക്തസ്രാവം മൂലമാണ് മരണം സംഭവിച്ചതെന്ന് സ്ഥിരീകരിക്കുന്ന പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ, കൃത്യത്തിൽ ഉൾപ്പെട്ട വാഹനത്തിന്റെ ഡ്രൈവർക്കെതിരെ (1-ാം എതിർകക്ഷി) ഫയൽ ചെയ്ത കുറ്റപത്രം, പി.ഡബ്ല്യു. 1 മുതൽ പി.ഡബ്ല്യു. 4 വരെയുള്ളവരുടെ മൊഴികൾ എന്നിവയെ അദ്ദേഹം ആശ്രയിച്ചു.

5) സംഭാവ്യതകളുടെ ആധിപത്യത്തിനു പകരം, ന്യായമായ സംശയത്തിനതീതം എന്ന തെളിവുകളുടെ മാനദണ്ഡം പ്രയോഗിച്ചതിലും, സാങ്കേതിക കാരണങ്ങളുടെ അടിസ്ഥാനത്തിൽ അവകാശവാദ ഹർജികൾ നിരസിച്ചതിലും കീഴ്ക്കോടതികൾക്ക് തെറ്റ് സംഭവിച്ചുവെന്നും അദ്ദേഹം വാദിച്ചു.

6) അന്വേഷണത്തിനിടെ പോലീസ് തയ്യാറാക്കിയ സ്പോട്ട് മഹസർ, റിക്കവറി പഞ്ചനാമങ്ങൾ, ഇൻക്വസ്റ്റ് മഹസർ എന്നിവയെ ശക്തമായി ആശ്രയിച്ചു. ഈ രേഖകൾ അപകടസ്ഥലം അഖണ്ഡ്യമായി തെളിയിക്കുകയും ഡ്രൈവറുടെ (1-ാം എതിർകക്ഷി യുടെ) ഭാഗത്തുനിന്നുള്ള അലക്ഷ്യവും അശ്രദ്ധവുമായ ഡ്രൈവിംഗ് സ്ഥാപിക്കുകയും ചെയ്യുന്നു. അപകടത്തിൽ ഉൾപ്പെട്ട വാഹനത്തിൽ ഡ്രൈവറും ഉടമയും രേഖാമൂലമുള്ള ആക്ഷേപങ്ങൾ ഫയൽ ചെയ്തെങ്കിലും, അവർ അപകടം നടന്നത് നിഷേധിച്ചിട്ടില്ലെന്നും, അപകടത്തിന്റെ വസ്തുതയെയോ ഡ്രൈവറുടെ (1-ാം എതിർകക്ഷി യുടെ) അശ്രദ്ധയെയോ ഖണ്ഡിക്കുന്ന ഏതെ

ങ്കിലും തെളിവ് ഹാജരാക്കുന്നതിൽ അവർ പരാജയപ്പെട്ടുവെന്നും കൂടി വാദിച്ചു.

7) നേരെ മറിച്ച്, 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെ 166-ാം വകുപ്പ് പ്രകാരം, വാഹനത്തിന്റെ പങ്കാളിത്തവും അലക്ഷ്യവും അശ്രദ്ധവുമായ പ്രവൃത്തിയും തെളിയിക്കേണ്ടത് ഹർജിയുടെ നിയമസാധുതയ്ക്ക് അനിവാര്യമാണെന്ന് 3-ാം എതിർകക്ഷിയായ സായ് റാം ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന്റെ അഭിഭാഷകൻ വാദിച്ചു. കൃത്യത്തിൽ ഉൾപ്പെട്ട വാഹനത്തിന് അപകടത്തിൽ പങ്കാളിത്തം ഉണ്ടെന്ന് തെളിയിക്കുന്ന ഒരു തെളിവും ഇല്ലെന്ന് രണ്ട് കീഴ്ക്കോടതികളും ഒരേപോലെ വിധിച്ചതായി വാദിച്ചു.

8) അപ്പീൽവാദികൾ അവരുടെ അവകാശവാദം സ്ഥാപിക്കുന്നതിന് 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെ 166-ാം വകുപ്പിൻ കീഴിലുള്ള മൂന്ന് ഘടകങ്ങൾ തെളിയിക്കണമെന്ന് വാദിച്ചു (i) അപകട സംഭവം; (ii) വാഹനത്തിന്റെ പങ്കാളിത്തം; കൂടാതെ (iii) കൃത്യത്തിൽ ഉൾപ്പെട്ട വാഹനത്തിന്റെ ഭാഗത്തുനിന്നുള്ള അലക്ഷ്യവും അശ്രദ്ധവുമായ പ്രവൃത്തി. ഈ കേസിൽ സംഭവം നടന്നതായി മാത്രമേ തെളിയിക്കപ്പെട്ടിട്ടുള്ളൂ അല്ലാതെ പങ്കാളിത്തവും അലക്ഷ്യവും അശ്രദ്ധവുമായ പ്രവൃത്തിയും സ്ഥാപിച്ചിട്ടില്ല.

9) സമർപ്പിച്ച കുറ്റപത്രം സുവിശേഷ സത്യമായി കണക്കാക്കരുതെന്നും അത് സംഭാവ്യതകളുടെ ആധിക്യത്തിലെ ഒരു ഘടകം മാത്രമായിരിക്കണമെന്നും അല്ലാതെ ഒരേയൊരു ഘടകം മാത്രമായിരിക്കരുതെന്നും വാദിച്ചു. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ 05.10.2013-ാം തീയതിയിലെ റിപ്പോർട്ട് അപ്പീൽവാദികളുടെ കേസിനെ പിന്തുണയ്ക്കുന്നില്ലെന്നും ചൂണ്ടിക്കാണിച്ചു.

10) അപകടം നടന്നിട്ട് ഒന്നര മാസത്തിനുശേഷം കണ്ടെടുത്ത വാഹനത്തെ സംബന്ധിച്ച കുറ്റപത്രം ഒഴികെ, കൃത്യത്തിൽ ഉൾപ്പെട്ടെന്ന് ആരോപിക്കപ്പെട്ട വാഹനത്തിന്റെ പങ്കാളിത്തം സ്ഥാപിക്കുന്നതിന് മറ്റ് തെളിവുകളൊന്നുമില്ലെന്നും വാദിച്ചു.

**വിശകലനം**

11) ഞങ്ങൾ ഇരു കക്ഷികളുടെയും അഭിഭാഷകർ മുന്നോട്ടുവച്ച വാദങ്ങൾ ശ്രദ്ധാപൂർവ്വം പരിഗണിക്കുകയും ചോദ്യം ചെയ്യപ്പെട്ട വിധിന്യായം പരിശോധിക്കുകയും ചെയ്തു. 26-ഉം 22-ഉം വയസ്സുള്ള സുനിൽ സിങ്ങും ശിവുവും എന്ന രണ്ട് ചെറുപ്പക്കാരുടെ അകാല നിര്യാണത്തിൽ കലാശിച്ച ദാരുണമായ ഒരു അപകടം സംഭവിച്ചിട്ടുണ്ട് എന്നത് തർക്കമില്ലാത്തതാണെങ്കിലും, കൃത്യത്തിൽ ഉൾപ്പെട്ടെന്ന് ആരോപിക്കപ്പെട്ട വാഹനത്തിന്റെ പങ്കാളിത്തം തെളിയിക്കുന്നതിൽ അപ്പീൽവാദികൾ പരാജയപ്പെട്ടുവെന്ന് വിധിച്ചതിൽ ഹൈക്കോടതിക്ക് നിയമപരമായി പിശക് സംഭവിച്ചിട്ടുണ്ടോ എന്നതാണ് നമ്മുടെ പരിഗണനയിൽ വന്നിട്ടുള്ള ചോദ്യം.

12) ട്രൈബ്യൂണൽ രേഖപ്പെടുത്തിയതും ഹൈക്കോടതി സ്ഥിരീകരിച്ചതുമായ കണ്ടെത്തലുകൾ വസ്തുതകളെ സംബന്ധിച്ച് ഒരേപോലെയുള്ള കണ്ടെത്തലുകളാണെന്ന് ആദ്യം തന്നെ ഞങ്ങൾ നിരീക്ഷിക്കുന്നു. "ഇന്ത്യൻ ഭരണഘടനയുടെ 136-ാം അനുച്ഛേദം പ്രകാരമുള്ള അധികാരിത അസാധാരണമായ ഒന്നാണ്, കൂടാതെ വസ്തുതകളെ സംബന്ധിച്ച കീഴ്ക്കോടതികൾ രേഖപ്പെടുത്തിയിട്ടുള്ള ഒരേപോലെയുള്ള കണ്ടെത്തലുകളിൽ ഇടപെടുന്നത് അസാധാരണമായ കേസുകളിൽ മാത്രമേ അനുവദനീയമാകൂ, അല്ലാതെ എല്ലാ സന്ദർഭങ്ങളിലും കഴിയില്ല എന്ന് കളക്ടർ സിംഗ് v. എൽ.എം.എൽ ലിമിറ്റഡ്, കാൺപൂർ എന്ന കേസിൽ ഈ കോടതി നിരീക്ഷിച്ചു." തെളിവിന്റെ വിലയിരുത്തൽ പൂർണ്ണമായും തൃപ്തികരമല്ലാത്തിടത്തും

അതിൽ നിന്ന് എത്തിച്ചേരുന്ന നിഗമനം ന്യായരഹിതമായിടത്തും, ഒരുപോലെയുള്ള അത്തരം കണ്ടെത്തലുകളിൽ ഈ കോടതിക്ക് ഇടപെടാവുന്നതാണെന്നും കൂടി നിരീക്ഷിച്ചു.

13) ട്രൈബ്യൂണൽ, തെളിവുകൾ സൂക്ഷ്മ മായി പരിശോധിച്ചതിന് ശേഷം, സാക്ഷികളുടെ മൊഴികളിൽ ഗുരുത രമായ ദൗർബല്യങ്ങളും സാരമായ വൈരുദ്ധ്യങ്ങളും കണ്ടെത്തിയതായി രേഖകളുടെ വായന വെളിവാക്കുന്നു. ഒന്നാം അപ്പീലിലെ 2-ാം അപ്പീൽവാദിയായ പി.ഡബ്ല്യു.1 (പരശുറാം സിംഗ്) പരസ് പര വിരുദ്ധമായ മൊഴി നൽകിയതായി ട്രൈബ്യൂണൽ രേഖപ്പെടുത്തി. ഒരു സമയം പോലീസിൽ നിന്നാണ് അപകടത്തെ ക്കുറിച്ച് അറിഞ്ഞതെന്ന് അദ്ദേഹം അവകാശപ്പെട്ടു, പിന്നീട് സാക്ഷികളിൽ നിന്നാണ് താൻ അതിനെക്കുറിച്ച് അറിഞ്ഞതെന്ന് അദ്ദേഹം പറഞ്ഞു. സംഭവത്തിന്റെ സാക്ഷികളെന്ന് ആരോപിക്കപ്പെട്ട പി.ഡബ്ല്യു.3 (ലോകേഷ്), പി.ഡബ്ല്യു.4 (രവി) എന്നിവരെ തനിക്ക് യാതൊരു പരിചയവും ഇല്ലെന്ന് അദ്ദേഹം എതിർവിസ്താരത്തിൽ സമ്മതിച്ചു. അപകടസമയത്ത് താനോ തന്റെ മക്കളോ സ്ഥലത്തുണ്ടായിരുന്നില്ലെന്നും സംഭവസ്ഥലത്ത് താൻ പോയിട്ടില്ലെന്നും കുടി അദ്ദേഹം സമ്മതിച്ചു.

14) താൻ അപകടം നേരിട്ട് കണ്ടിട്ടില്ലെന്നും ആരോപണ വിഷയമായ കാന്റർ ലോറി അപ കടത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമായ വിവരം തനിക്കില്ലെന്നും പോലീസ് തന്നോട് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഇത് പറഞ്ഞതെന്നും രണ്ടാം അപ്പീലിലെ 1-ാം അപ്പീൽവാദിയായ പി.ഡബ്ല്യു.2 (പരമേഷ്) സമ്മതിച്ചു. ഹൈക്കോടതി, ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ ട്രൈബ്യൂണലിന്റെ ഈ കണ്ടെത്തലുകളുമായി യോജിക്കുകയും, അപ്പീൽവാദികളുടെ പ്രധാന സാക്ഷികളായ പി.ഡബ്ല്യു.1 നും പി.ഡബ്ല്യു.2 നും അപകടം എങ്ങനെ സംഭവിച്ചു എന്നതിനെക്കുറിച്ചും അതുപോലെ തന്നെ കൃത്യത്തിൽ ഉൾപ്പെട്ടന്ന് ആരോപിക്കപ്പെട്ട വാഹനത്തിന്റെ പങ്കാളിത്തത്തെക്കുറിച്ചും ഉറപ്പില്ലായിരുന്നുവെന്ന് നീരിക്ഷിക്കുകയും ചെയ്തു.

15) 1-ാം എതിർകക്ഷി സ്വമേധയാ തങ്ങളെ സമീപിച്ചുവെന്നും രണ്ട് വാഹനങ്ങളുടെയും രജിസ്ട്രേഷൻ നമ്പറുകൾ വെളിപ്പെടുത്തിക്കൊണ്ട് അപ കടമുണ്ടാക്കിയതായി സമ്മതിച്ചുവെന്നു മുള്ള പി.ഡബ്ല്യു.3 (ലോകേഷ്), പി.ഡബ്ല്യു.4 (രവി) എന്നിവരുടെ മൊഴികൾ അടിസ്ഥാനപരമായി അസംഭവ്യവും സാധാരണ മാനുഷികമായ പെരുമാറ്റത്തിന് വിരുദ്ധവുമാണെന്ന് ട്രൈബ്യൂണൽ നിരീക്ഷിച്ചു. അപകടത്തിന് കാരണമായിട്ടുള്ളത് ആരാണെന്ന് തനിക്ക് അറിയില്ലെന്ന് പി.ഡബ്ല്യു.3 സമ്മതിച്ചുക്കൊണ്ടും, അപകടത്തിൽ ഉൾപ്പെട്ട വാഹനം ഏതാണെന്ന് തനിക്ക് അറിയില്ലെന്ന് പി.ഡബ്ല്യു.4 സമ്മതിച്ചുക്കൊണ്ടും, മുഖ്യവിസ്താരത്തിൽ തങ്ങൾ പറഞ്ഞതിന് വിരുദ്ധമായി രണ്ട് സാക്ഷികളും എതിർ വിസ്താരത്തിനിടെ മൊഴി നൽകിയതായി ട്രൈബ്യൂണൽ രേഖപ്പെടുത്തി. ഈ വസ്തുതാപ രമായ കണ്ടെത്തലുകൾ തെളിവുകളുടെ ശരിയായ വിലയിരുത്തലിനെ അടിസ്ഥാന മാക്കിയുള്ളതാണെന്നും യാതൊരുവിധ വൈരുദ്ധ്യവും അവയിൽ ഇല്ലെന്നും ഞങ്ങൾ കാണുന്നു.

16) മോട്ടോർ വാഹന അപകട കേസുകളിൽ, തെളിവിന്റെ ആവശ്യമായ മാനദണ്ഡം സംഭാവ്യതകളുടെ ആധിക്യമാണെന്ന സുസ്ഥിര നിയമത്തെക്കുറിച്ച് ഈ കോടതിക്ക് ബോധ്യമുണ്ട്. അപകടം നടന്നയുടനെ സമർപ്പിക്കുന്ന എഫ്.ഐ. ആറിലോ പരാതിയിലോ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ ഇല്ലാത്തത്

കൊണ്ട് മാത്രം അവകാശവാദം ഇല്ലാതാകില്ല എന്നതും സുസ്ഥിരമാണ്. എഫ്.ഐ.ആർ. ഒരു വിജ്ഞാനകോശമല്ല കൂടാതെ പ്രാരംഭ ഘട്ടത്തിൽ വരുന്ന ഒഴിവാക്കലുകൾ നിർണായകമാക ണമെന്നുമില്ല. എന്നിരുന്നാലും, അപകടത്തിന് പ്രസ്തുത വാഹന വുമായുള്ള ബന്ധം വിശ്വാസ്യമായതും ആശ്രയിക്കാവുന്നതുമായ തെളിവുകൾ വഴി സ്ഥാപിക്കപ്പെടണം എന്ന ഉപാധിയോടെ, അവകാശവാദികൾ വാഹനത്തിന്റെയോ ഡ്രൈവറുടെയോ വ്യക്തമായ വിവരങ്ങൾ സ്ഥാപിച്ചെടുക്കണം.

17) എന്നാൽ, ഈ കേസിൽ, വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരാതിയിൽ ഉൾപ്പെടുത്താത്തതിനെ ഒറ്റയ്ക്ക് പരി ഗണിക്കാൻ കഴിയില്ല, മറിച്ച് തെളിവുകളിലെ മറ്റ് പോരായ്മകളുമായി ചേർത്താണ് പരിഗണിക്കേണ്ടത്. കൃത്യത്തിൽ ഉൾപ്പെട്ടെന്ന് ആരോപിക്കപ്പെട്ട വാഹനത്തെ സൂചിപ്പിക്കാതെ വാഹനാപകടം സംഭവിച്ചു എന്ന് മാത്രമാണ് പരാതിയിൽ പരാമർശിച്ചിരിക്കുന്നത്. അപകടം നടന്ന് കുറെ ദിവസങ്ങൾക്ക് ശേഷമാണ് സ്പോട്ട് മഹസർ തയ്യാറാക്കിയിട്ടുള്ളത് എന്നത് സമ്മതിച്ച വസ്തുതയാണ്. അപകടത്തിന് ദൃക്സാക്ഷികളാരും ഇല്ലാത്തതിനാൽ, സ്പോട്ട് മഹസർ എന്തടിസ്ഥാനത്തിലാണ് തയ്യാറാക്കിയതെന്നും ആരുടെ പ്രസ്താവന യാണ് അതിന് അടിസ്ഥാനമായതെന്നും കാണിക്കുന്ന യാതൊന്നും തന്നെയില്ല.

18) കൃത്യത്തിൽ ഉൾപ്പെട്ടെന്ന് ആരോപിക്കപ്പെട്ട വാഹനത്തിന് യാതൊരു കേടുപാടുകളും ഉണ്ടായിട്ടില്ലെന്ന് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ 05.10.2013-ാം തീയതിയിലെ റിപ്പോർട്ട് വെളിപ്പെടുത്തുന്നു എന്നത് അങ്ങേയറ്റം പ്രാധാന്യമുള്ളതാണ്. രണ്ട് പേരുടെ മരണത്തിനിടയായ തരത്തിലുള്ള ഗുരുതരമായ അപകടവുമായി പൂർണ്ണമായും പൊരുത്തപ്പെടാത്ത ഒരു സാഹചര്യമാണിത്. ഈ റിപ്പോർട്ട് അവകാശവാദത്തിന് യാതൊരു അടിസ്ഥാനവും നൽകുന്നില്ല, കൂടാതെ അപകടം നടന്ന് ഒന്നര മാസം കഴിഞ്ഞ് വാഹനം കണ്ടെടുത്തതിന് ശേഷമാണ് കുറ്റപത്രം സമർപ്പിച്ചത് എന്ന വസ്തുത തെളിവുകളുടെ വിശ്വാസ്യതയെക്കുറിച്ച് ആശങ്കകൾ ഉയർത്തുന്നു.

19) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുണ്ടായ ദാരുണമായ നഷ്ടത്തെക്കുറിച്ച് ഞങ്ങൾക്ക് അങ്ങേയറ്റം ബോധ്യമുണ്ട്. ചെറുപ്പത്തിൽ തന്നെ ജീവൻ നഷ്ടപ്പെടുന്നതിന്റെ വേദന അളക്കാനാവാത്തതാണ്. എന്നിരുന്നാലും, സഹതാപത്തിന്റെ പേരിൽ മാത്രം നിയമ തത്വങ്ങളെ അവഗണിക്കാൻ കഴിയില്ല. മോട്ടോർ വെഹിക്കിൾ ആക്റ്റ് പ്രകാരമുള്ള ബാധ്യത വിശ്വസനീയമായ തെളിവുകൾ വഴി സ്ഥാപിക്കപ്പെടേണ്ടതാണ്. തെളിവുകൾ സൂക്ഷ്മമായി പരിശോ ധിച്ച ശേഷം, 1-ാം എതിർകക്ഷി ഓടിച്ചിരുന്നതും കൃത്യത്തിൽ ഉൾപ്പെട്ടെന്ന് ആരോപിക്കപ്പെട്ടതുമായ വാഹനത്തിന്റെ പങ്കാളിത്തം തെളിയിക്കുന്നതിൽ അപ്പീൽവാദികൾ പരാജയപ്പെട്ടുവെന്ന് കീഴ് ക്കോടതികൾ കണ്ടെത്തി. തെളിവുകളുടെ വിലയിരുത്തലിൽ ഒരു വൈരുദ്ധ്യമോ, ഒരുപോലെയുള്ള കണ്ടെത്തലുകളിൽ ഇടപെ ടൽ ആവശ്യമാക്കുന്ന അസാധാരണമായ സാഹചര്യങ്ങളോ ഞങ്ങൾ കാണുന്നില്ല.

20) അതിനാൽ, കഴമ്പില്ലാത്ത ഈ അപ്പീലുകൾ തള്ളുന്നു. ചെലവ് സംബന്ധിച്ച് ഉത്തരവ് പാസാക്കുന്നില്ല.




# ഹൈക്കോടതി

## വിധിന്യായങ്ങൾ

# കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് സുശ്രുത് അരവിന്ദ് ധർമ്മാധികാരി**
&
**ബഹു. ജസ്റ്റിസ് പി. വി. ബാലകൃഷ്ണൻ**
ക്രിമിനൽ എം.സി. നം.10590/2025

**ആർ. രാഗവേന്ദ്രനും മറ്റൊരാളും – ഹർജിക്കാർ/പ്രതികൾ**
**v.**
**യൂണിയൻ ഓഫ് ഇന്ത്യ - എതിർകക്ഷി**

[ ദേശീയ അന്വേഷണ ഏജൻസി (കൊച്ചി, എറണാകുളം) യുടെ ക്രൈം നം.1/2022 ; എൻ.ഐ.എ. കേസുകളുടെ വിചാരണയ്ക്കുള്ള എറണാകുളത്തെ പ്രത്യേക കോടതി മുമ്പാകെയുള്ള ആർ.സി. നമ്പർ 1/2022-ലെ സി. ആർ.എം.പി.115/2025-ലെ 03.09.2025–ലെ ഉത്തരവിനെതിരെ ]

(06.02.2026-ന് വിധി പ്രസ്താവിച്ചത്)

**ഉത്തരവിലെ പ്രസക്തഭാഗങ്ങൾ**

യു.എ.പി. ആക്റ്റിലെ 44–ാം വകുപ്പിലെയും എൻ.ഐ.എ. ആക്റ്റിലെ 17–ാം വകുപ്പിലെയും വ്യവസ്ഥകൾ സമാനമാണ്. യു.എ.പി. ആക്റ്റിലെ 44(2)-ാം വകുപ്പ് പ്രകാരം സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതിന് വേണ്ടിയുള്ള അപേക്ഷ സാക്ഷിക്കോ പബ്ലിക് പ്രോസിക്യൂട്ടർക്കോ ഫയൽ ചെയ്യാവുന്നതാണ്. 44(2)-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന നിബന്ധനകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, സാക്ഷിയുടെ വ്യക്തിവിവരവും മേൽവിലാസവും രഹസ്യമായി സൂക്ഷിക്കുന്നതിന് ആവശ്യമെന്ന് കരുതുന്ന ഉചിതമായ നടപടികൾ വിചാരണ കോടതിക്കും സ്വമേധയാ സ്വീകരിക്കാവുന്നതാണ്. സാക്ഷിയുടെ ജീവൻ അപകടത്തിലാണെന്ന ബോധ്യപ്പെടൽ പ്രത്യേക കോടതി രേഖപ്പെടുത്തുന്നതാണ് അധികാരം വിനിയോഗിക്കുന്നതിനുള്ള ആദ്യ ഉപാധിയെന്ന് 44(2)-ാം വകുപ്പ് വ്യക്തമാക്കുന്നു. പ്രസ്തുത ബോധ്യപ്പെടൽ രേഖപ്പെടുത്തിയ ശേഷമാണ്, രണ്ടാം ഘട്ടം ആരംഭിക്കുകയും, അത് സാക്ഷിയുടെ വ്യക്തിവിവരവും മേൽവിലാസവും രഹസ്യമായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവുകൾ പാസാക്കുവാൻ കോടതിയെ നയിക്കുകയും ചെയുന്നത്. എങ്ങനെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കുമ്പോൾ അതിനുള്ള കാരണങ്ങൾ കോടതി രേഖപ്പെടുത്തേണ്ടതാണെന്ന് 44(2)-ാം വകുപ്പ് അനുശാസിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

(മേൽ പരാമർശിച്ച) മുഹമ്മദ് അസറുദ്ദീൻ കേസിൽ ബഹു. സുപ്രീം കോടതി, യു.എ.പി. ആക്റ്റിലെ 44(2)-ാം വകുപ്പിന്റെയും എൻ.ഐ.എ. ആക്റ്റിലെ 17–ാം വകുപ്പിന്റെയും വ്യാപ്തിയും പരിധിയും പരിഗണിച്ചപ്പോൾ, ബന്ധപ്പെട്ട സാക്ഷിയുടെ

ജീവൻ അപകടത്തിലാണെന്ന ബോധ്യപ്പെടൽ പ്രത്യേക കോടതി രേഖപ്പെടുത്തേണ്ടത്, കോടതിയുടെ മുമ്പാകെ ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ദൃഢമായി വിധിച്ചിട്ടുണ്ട്. അങ്ങനെയുള്ള ബോധ്യപ്പെടൽ രേഖപ്പെടുത്താൻ ആവശ്യമായ വസ്തുതകളുടെ വ്യാപ്തിയും സ്വഭാവവും ഓരോ കേസിന്റെയും വസ്തുതകളെയും സാഹചര്യങ്ങളെയും ആശ്രയിച്ചിരിക്കും എന്നും, വസ്തുതകളെ അടിസ്ഥാനമാക്കി വ്യക്തമായ ബോധ്യപ്പെടൽ രേഖപ്പെടുത്തുന്നത് നിർബന്ധമാണെന്നും കൂടി വിധിച്ചിട്ടുണ്ട്. കൂടാതെ ബോധ്യപ്പെടൽ രേഖപ്പെടുത്തിയ ശേഷം, ഹാജരാക്കിയ വസ്തുതകളിന്മേൽ യുക്തിപൂർവ്വം ആലോചിച്ച് കോടതി പ്രവർത്തിക്കണമെന്നും, അത്തരം സാക്ഷിയുടെ വ്യക്തിവിവരവും മേൽവിലാസവും രഹസ്യമായി സൂക്ഷിക്കുന്നതിന് ഏത് തരത്തിലുള്ള നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കണമെന്നും, അതിനായി കോടതി ഹ്രസ്വമായ കാരണങ്ങൾ രേഖപ്പെടുത്തേണ്ടതാണെന്നും സുപ്രീം കോടതി വിധിച്ചു. പ്രത്യേക കോടതി യുക്തിപൂർവ്വം ആലോചിച്ച് പ്രവർത്തിക്കണമെന്നും, അവരുടെ ജീവന് ഉണ്ടാകാവുന്ന അപകടങ്ങൾ സംബന്ധിച്ച് ഓരോ സാക്ഷിയുടെയും കേസ് പ്രത്യേകം പരിഗണിക്കണമെന്നും കൂടി വിധിച്ചു.

## ഉത്തരവ്

## ജസ്റ്റിസ് പി. വി. ബാലകൃഷ്ണൻ

എൻ.ഐ.എ. കേസുകളുടെ വിചാരണയ്ക്കുള്ള പ്രത്യേക കോടതി (എറണാകുളം, കേരളം) ആർ.സി. നം.01/2022/NIA/KOC-ലെ ക്രിമിനൽ എം.പി. നം.115/2025 ലെയും ക്രിമിനൽ എം.പി. നം.95/2025 ലെയും 03.09.2025–ലെ ഉത്തരവുകളെ ചോദ്യം ചെയ്താണ് 2023–ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയുടെ (ചുരുക്കത്തിൽ 'ബി.എൻ.എസ്.എസ്.' ന്റെ) 528–ാം വകുപ്പ് പ്രകാരം ഈ ക്രിമിനൽ മിസ്സലേനിയസ് കേസ് ഫയൽ ചെയ്തിരിക്കുന്നത്.

2. എൻ.ഐ.എ. കേസുകളുടെ വിചാരണയ്ക്കുള്ള എറണാകുളത്തെ പ്രത്യേക കോടതിയുടെ പരിഗണനയിലുള്ള എസ്.സി.2/2025/എൻ.ഐ.എ.യിലെ ആറും, ഏഴും പ്രതികളാണ് ഹർജിക്കാർ. ഐ.പി.സി.യിലെ 120 ബി, 121 എ, 122 എന്നീ വകുപ്പുകളും 1967–ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (നിവാരണം) ആക്റ്റിലെ (ഇനിമുതൽ ചുരുക്കത്തിൽ 'UAP ആക്റ്റ്'' എന്ന് പരാമർശിക്കുന്നു) 18, 18 ബി, 20, 38, 39 എന്നീ വകുപ്പുകളും പ്രകാരമുള്ള കുറ്റങ്ങളാണ് ഹർജിക്കാർക്കെതിരെ ആരോപിച്ചിരിക്കുന്നത്. 27.11.2024–ന് ഹർജിക്കാരെ അറസ്റ്റ് ചെയ്യുകയും, അന്വേഷണം പൂർത്തിയാക്കിയ ശേഷം 21.05.2025–ന് അവർക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു.

3. എസ്.സി. നമ്പർ 2/2025/എൻ.ഐ.എ. പരിഗണനയിലിരിക്കെ, സി. ഡബ്ല്യു. 49 മുതൽ 53 വരെയുള്ളവരെയും, സി. ഡബ്ല്യു. 61, സി. ഡബ്ല്യു. 62, സി. ഡബ്ല്യു. 79 എന്നിവരെയും സംരക്ഷിത സാക്ഷികളായി (protected witnesses) കണക്കാക്കാനും, സാക്ഷികളുടെ വ്യക്തിവിവരം വെളിപ്പെടുത്തുന്ന അനുബന്ധം IV ചാർജ് ഷീറ്റിൽ ചേർത്തിട്ടുള്ള സി.ആർ.പി.സി.യുടെ 161–ാം വകുപ്പിൻ കീഴിൽ നൽകിയ പ്രസ്താവനകളുടെയും അനുബന്ധം E ലിസ്റ്റിൽ സൂചിപ്പിച്ചിട്ടുള്ള രേഖകളുടെയും ഉള്ളടക്കം നൽകാതിരിക്കാനുമുള്ള ഉത്തരവിനായി അപേക്ഷിച്ചുകൊണ്ട് എതിർകക്ഷി പ്രത്യേക കോടതി മുമ്പാകെ യു.എ.പി. ആക്ടിലെ 44–ാം വകുപ്പ് പ്രകാരം ക്രിമിനൽ എം.പി. നമ്പർ.115/2025 ഫയൽ ചെയ്തിരുന്നു.

അനുബന്ധം V ഉത്തരവ് പ്രകാരം പ്രത്യേക കോടതി ക്രിമിനൽ എം.പി. നം.115/2025 അനുവദിച്ചു. തുടർന്ന്, അനുബന്ധം VI ഉത്തരവ് പ്രകാരം, ബി.എൻ.എസ്.എസ്-ലെ 193(7)-ാം വകുപ്പ് പ്രകാരം എതിർകക്ഷി ഫയൽ ചെയ്ത ക്രിമിനൽ എം.എ. നം.95/2025 അനുവദിക്കുകയും, കുറ്റപത്രത്തിൽ ചേർത്തിട്ടുള്ള രേഖകളുടെ പട്ടികയിൽ നൽകിയിരിക്കുന്ന 30 മുതൽ 36, 74 മുതൽ 79, 86, 87 എന്നീ നമ്പറുള്ള രേഖകളുടെ ഒഴിവാക്കൽ വരുത്തിയതിന് ശേഷമുള്ള (Redacted) ഭാഗം മാത്രം പ്രതികൾക്ക് നൽകുവാൻ കോടതി നിർദ്ദേശിച്ചു. അനുബന്ധം V ഉം VI ഉം ഉത്തരവുകളെ ചോദ്യം ചെയ്താണ് 6-ഉം 7-ഉം പ്രതികൾ ഈ ക്രിമിനൽ എം.സി. ഫയൽ ചെയ്തിരിക്കുന്നത്.

4. ഹർജിക്കാർക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ അഡ്വ. തുഷാർ നിർമ്മൽ സാരഥിയെയും എതിർകക്ഷിക്ക് വേണ്ടി ഹാജരായ ഡെപ്യൂട്ടി സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ അഡ്വ. ഒ. എം. ഷാലിനയെയും കേട്ടു.

5. 161-ാം വകുപ്പിൻ കീഴിൽ സി. ഡബ്ല്യു. 49 മുതൽ 53, സി. ഡബ്ല്യു. 61, സി. ഡബ്ല്യു. 62, സി. ഡബ്ല്യു. 79 എന്നിവർ നൽകിയ പ്രസ്താവനകളുടെ ഉള്ളടക്കം നൽകരുതെന്നും അവരെ സംരക്ഷിത സാക്ഷികളായി കണക്കാക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് പ്രത്യേക കോടതി പുറപ്പെടുവിച്ച ഉത്തരവുകൾ നിയമവിരുദ്ധവും ക്രമരഹിതവും നീതിയുടെ ലക്ഷ്യങ്ങൾക്ക് വിരുദ്ധവുമാണെന്ന് ഹർജിക്കാരുടെ അഭിഭാഷകൻ വാദിച്ചു. സംരക്ഷിക്കാൻ ഉത്തരവിട്ട രണ്ട് സാക്ഷികളുടെ വ്യക്തിവിവരം എതിർകക്ഷി ഇതിനകം വെളിപ്പെടുത്തിയിട്ടുണ്ടെന്നും, അങ്ങനെയിരിക്കെ, യു.എ.പി. ആക്റ്റിലെ 44(2)-ാം വകുപ്പിന്റെ ഉദ്ദേശ്യം പരാജയപ്പെട്ടുവെന്നും, അതിനാൽ, ഈ സാക്ഷികളെ സംബന്ധിച്ചുള്ള ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകൾ നിലനിൽക്കില്ലെന്നും മുഹമ്മദ് അസറുദ്ദീൻ v. യൂണിയൻ ഓഫ് ഇന്ത്യ (2025 KHC OnLine 6526) എന്ന കേസിലെ സുപ്രീം കോടതിയുടെ വിധിന്യായത്തെ ആശ്രയിച്ചുകൊണ്ട് അദ്ദേഹം വാദിച്ചു. ഹർജിക്കാരുടെ ഭാഗത്ത് നിന്ന് ഈ സാക്ഷികളുടെ ജീവന് ഭീഷണി ഒന്നുമില്ലെന്നും, അത്തരമൊരു ഭീഷണി ഉണ്ടെന്ന് സ്വയം ബോധ്യപ്പെടാതെയാണ് വിചാരണ കോടതി ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകൾ പാസാക്കിയതെന്നും അദ്ദേഹം വാദിച്ചു. ഓരോ സാക്ഷിയുടെയും കാര്യത്തിൽ പ്രത്യേക കോടതി ബോധ്യപ്പെടൽ രേഖപ്പെടുത്താൻ ബാധ്യസ്ഥമാണെന്നും, ചില പൊതുവായ /അവ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം അപേക്ഷകൾ അനുവദിക്കാൻ പാടില്ലായിരുന്നുവെന്നും അദ്ദേഹം വാദിച്ചു. അവസാനമായി, പ്രത്യേക കോടതി പാസാക്കിയ ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകൾ, ചിന്തിക്കാതെയുള്ളതും അവ പാസാക്കാൻ ഇടയായ കാരണം രേഖപ്പെടുത്താത്തതുമായ ഉത്തരവുകളാണെന്നും, ഈ കാരണത്താൽ മാത്രം അവ റദ്ദാക്കപ്പെടേണ്ടതാണെന്നും അദ്ദേഹം വാദിച്ചു.

6. നേരേ മറിച്ച്, എതിർകക്ഷിയുടെ അഭിഭാഷക ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകളെ പിന്തുണയ്ക്കുകയും അതിൽ ഇടപെടാൻ യാതൊരു കാരണവുമില്ലെന്ന് വാദിക്കുകയും ചെയ്തു. ഹർജിക്കാർ തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, കേസിലെ പ്രധാന സാക്ഷികളുടെ വ്യക്തിവിവരം വെളിപ്പെടുത്തിയാൽ ആ സാക്ഷികളുടെ ജീവൻ അപകടത്തിലാകുമെന്നും അവർ വാദിച്ചു. ജീവന് ഭീഷണിയുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഓരോ സാക്ഷിയെയും സംബന്ധിച്ച് പ്രത്യേക പ്രസ്താവനകളോടെയാണ് പ്രോസിക്യൂഷൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും,

വിചാരണ കോടതി രേഖയിലുള്ള വസ്തുതകൾ പരിഗണിച്ച ശേഷം ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകൾ പാസാക്കിയത് ശരിയായിരുന്നു എന്നും അവർ വാദിച്ചു.

7. ഇരു കക്ഷികളുടെയും പ്രസ്താവനകളും രേഖയിലുള്ള വസ്തുതകളും ഒറ്റനോട്ടത്തിൽ പരിശോധിക്കുമ്പോൾ, ഹർജിക്കാരുടെ അഭിഭാഷകൻ മുന്നോട്ട് വച്ച വാദങ്ങളിൽ കഴമ്പുണ്ടെന്ന് ഞങ്ങൾ കാണുന്നു. എൻ.ഐ.എ. ആക്റ്റിലെ 17-ാം വകുപ്പ് യു.എ.പി. ആക്റ്റിലെ 44-ാം വകുപ്പുമായി കൂട്ടി വായിച്ച പ്രകാരം പ്രോസിക്യൂഷൻ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ക്രിമിനൽ എം.പി.നം. 115/2025-ൽ അനുബന്ധം V ഉത്തരവ് പാസാക്കിയത്. നിയമ വിരുദ്ധ പ്രവർത്തനങ്ങൾ (നിവാരണം) ആക്റ്റിലെ 44-ാം വകുപ്പ് ഉദ്ധരിച്ചു.

8. യു.എ.പി. ആക്റ്റിലെ 44-ാം വകുപ്പിലെയും എൻ.ഐ.എ. ആക്റ്റിലെ 17-ാം വകുപ്പിലെയും വ്യവസ്ഥകൾ സമാനമാണ്. യു.എ.പി. ആക്റ്റിലെ 44(2)-ാം വകുപ്പ് പ്രകാരം സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതിന് വേണ്ടിയുള്ള അപേക്ഷ സാക്ഷിക്കോ പബ്ലിക് പ്രോസിക്യൂട്ടർക്കോ ഫയൽ ചെയ്യാവുന്നതാണ്. 44(2)-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന നിബന്ധനകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, സാക്ഷിയുടെ വ്യക്തിവിവരവും മേൽവിലാസവും രഹസ്യമായി സൂക്ഷിക്കുന്നതിന് ആവശ്യമെന്ന് കരുതുന്ന ഉചിതമായ നടപടികൾ വിചാരണ കോടതിക്കും സ്വമേധയാ സ്വീകരിക്കാവുന്നതാണ്. സാക്ഷിയുടെ ജീവൻ അപകടത്തിലാണെന്ന ബോധ്യപ്പെടൽ പ്രത്യേക കോടതി രേഖപ്പെടുത്തുന്നതാണ് അധികാരം വിനിയോഗിക്കുന്നതിനുള്ള ആദ്യ ഉപാധിയെന്ന് 44(2)-ാം വകുപ്പ് വ്യക്തമാക്കുന്നു. പ്രസ്തുത ബോധ്യപ്പെടൽ രേഖപ്പെടുത്തിയ ശേഷമാണ്, രണ്ടാം ഘട്ടം ആരംഭിക്കുകയും, അത് സാക്ഷിയുടെ വ്യക്തിവിവരവും മേൽവിലാസവും രഹസ്യമായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവുകൾ പാസാക്കുവാൻ കോടതിയെ നയിക്കുകയും ചെയുന്നത്. എങ്ങനെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കുമ്പോൾ അതിനുള്ള കാരണങ്ങൾ കോടതി രേഖപ്പെടുത്തേണ്ടതാണെന്ന് 44(2)-ാം വകുപ്പ് അനുശാസിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

9. (മേൽ പരാമർശിച്ച) മുഹമ്മദ് അസറുദ്ദീൻ കേസിൽ ബഹു. സുപ്രീം കോടതി, യു.എ.പി. ആക്റ്റിലെ 44(2)-ാം വകുപ്പിന്റെയും എൻ.ഐ.എ. ആക്റ്റിലെ 17-ാം വകുപ്പിന്റെയും വ്യാപ്തിയും പരിധിയും പരിഗണിച്ചപ്പോൾ, ബന്ധപ്പെട്ട സാക്ഷിയുടെ ജീവൻ അപകടത്തിലാണെന്ന ബോധ്യപ്പെടൽ പ്രത്യേക കോടതി രേഖപ്പെടുത്തേണ്ടത്, കോടതിയുടെ മുമ്പാകെ ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ദൃഢമായി വിധിച്ചിട്ടുണ്ട്. അങ്ങനെയുള്ള ബോധ്യപ്പെടൽ രേഖപ്പെടുത്താൻ ആവശ്യമായ വസ്തുതകളുടെ വ്യാപ്തിയും സ്വഭാവവും ഓരോ കേസിന്റെയും വസ്തുതകളെയും സാഹചര്യങ്ങളെയും ആശ്രയിച്ചിരിക്കും എന്നും, വസ്തുതകളെ അടിസ്ഥാനമാക്കി വ്യക്തമായ ബോധ്യപ്പെടൽ രേഖപ്പെടുത്തുന്നത് നിർബന്ധമാണെന്നും കൂടി വിധിച്ചിട്ടുണ്ട്. കൂടാതെ ബോധ്യപ്പെടൽ രേഖപ്പെടുത്തിയ ശേഷം, ഹാജരാക്കിയ വസ്തുതകളിന്മേൽ യുക്തിപൂർവ്വം ആലോചിച്ച് കോടതി പ്രവർത്തിക്കണമെന്നും, അത്തരം സാക്ഷിയുടെ വ്യക്തിവിവരവും മേൽവിലാസവും രഹസ്യമായി സൂക്ഷിക്കുന്നതിന് ഏത് തരത്തിലുള്ള നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കണമെന്നും, അതിനായി കോടതി ഹ്രസ്വമായ കാരണങ്ങൾ രേഖപ്പെടുത്തേണ്ടതാണെന്നും സുപ്രീം കോടതി വിധിച്ചു. പ്രത്യേക കോടതി യുക്തിപൂർവ്വം ആലോചിച്ച് പ്രവർത്തിക്കണമെന്നും, അവരുടെ ജീവന്

ഉണ്ടാകാവുന്ന അപകടങ്ങൾ സംബന്ധിച്ച് ഓരോ സാക്ഷിയുടെയും കേസ് പ്രത്യേകം പരിഗണിക്കണമെന്നും കൂടി വിധിച്ചു.

10. ഈ കേസിൽ, പ്രോസിക്യൂഷൻ പല സാക്ഷികളെയും സംബന്ധിച്ച് അപേക്ഷ നൽകിയിട്ടുണ്ട് എന്നതും ഓരോ സാക്ഷിയെക്കുറിച്ചും പ്രത്യേക പ്രസ്താവനകൾ ഉണ്ടെന്നതും ശരിയാണ്. എന്നാൽ ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകൾ പരിശോധിച്ചാൽ, വസ്തുതകളെ അടിസ്ഥാനമാക്കി സാക്ഷികളുടെ ജീവൻ അപകടത്തിലാണെന്ന വ്യക്തമായ ബോധ്യപ്പെടൽ പ്രത്യേക കോടതി രേഖപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമാകുന്നതാണ്. സാക്ഷികളുടെ വ്യക്തിവിവരം രഹസ്യമായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ തീരുമാനിക്കുന്നതിന് മുമ്പായി ഹാജരാക്കിയ വസ്തുതകൾ പരിഗണിച്ചതായി ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകൾ പ്രതിഫലിപ്പിക്കുന്നില്ലെന്നും കാണുന്നു. അപേക്ഷ അനുവദിച്ചതിന് യാതൊരു കാരണവും, ചുരുക്കത്തിൽ പോലും, വ്യക്തമാക്കിയിട്ടില്ല, മാത്രവുമല്ല "ഹർജിയിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ വിശ്വസനീയമാണ്" എന്ന് മാത്രമാണ് ഉത്തരവിൽ പറയുന്നത്. കൂടാതെ, ഹാജരാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഓരോ സാക്ഷിയുടെയും ജീവന് ഉണ്ടാകാവുന്ന അപകടങ്ങളെക്കുറിച്ച് വെവ്വേറെ പ്രത്യേക കോടതി പരിഗണിച്ചിട്ടില്ല. പ്രതിക്ക് യാതൊരു ദോഷവും ഉണ്ടാകില്ലെന്ന് കണ്ടെത്തിക്കൊണ്ട് പ്രത്യേക കോടതി അപേക്ഷ അനുവദിക്കുകയായിരുന്നു. സാക്ഷികളിൽ രണ്ട് പേരുടെ വ്യക്തിവിവരം ഇതിനകം പ്രോസിക്യൂഷൻ വെളിപ്പെടുത്തിയിട്ടുണ്ടെന്നും യു.എ.പി ആക്റ്റിലെ 44 (2)-ാം വകുപ്പിന്റെ ഉദ്ദേശ്യം തന്നെ പരാജയപ്പെട്ടുവെന്നും ഹർജിക്കാർ പ്രത്യേകം വാദിച്ചിരുന്നെങ്കിലും, പ്രത്യേക കോടതി അത് പരിഗണിച്ചിട്ടില്ല എന്ന വസ്തുത കൂടി ഈ ഘട്ടത്തിൽ ഞങ്ങൾ കണക്കിലെടുക്കുന്നു.

11. പ്രത്യേക കോടതി പാസാക്കിയ ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകൾ നിലനിൽക്കില്ലെന്നും അവ റദ്ദാക്കപ്പെടേണ്ടതാണ് എന്നുമാണ് മേൽപറഞ്ഞ ചർച്ചകളുടെ പരിണിത ഫലം. ഈ സാഹചര്യത്തിൽ, മേൽപറഞ്ഞ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ, ക്രിമിനൽ എം.പി. നം.115/2025 ഉം ക്രിമിനൽ എം.പി. നം.95/2025 ഉം നിയമപ്രകാരം പുതുതായി പുനഃപരിശോധിക്കാൻ പ്രത്യേക കോടതിയോട് നിർദ്ദേശിക്കുന്നു.

തൽഫലമായി, ക്രിമിനൽ എം.സി. നം.10590/2025 താഴെപ്പറയും പ്രകാരം അനുവദിക്കുന്നു:

(i) എൻഐഎ. കേസുകളുടെ വിചാരണയ്ക്കുള്ള പ്രത്യേക കോടതി (എറണാകുളം, കേരളം) ആർസി. നം.01/2022/ എൻഐഎ./കെഒസി. -ലെ ക്രിമിനൽ എംപി. നം.115/2025-ൽ പാസാക്കിയ 03.09.2025-ാം തീയതിയിലെ ഉത്തരവ് റദ്ദാക്കുന്നു.

(ii) എൻഐഎ. കേസുകളുടെ വിചാരണയ്ക്കുള്ള പ്രത്യേക കോടതി (എറണാകുളം, കേരളം) ആർസി. നം.01/2022/ എൻഐഎ./കെഒസി. -ലെ ക്രിമിനൽ എംപി. നം.95/2025-ൽ പാസാക്കിയ 03.09.2025-ാം തീയതിയിലെ ഉത്തരവും കൂടി റദ്ദാക്കുന്നു.

(iii) ക്രിമിനൽ എം.പി. നം.115/2025 ഉം ക്രിമിനൽ എം.പി. നം.95/2025 ഉം, ഈ ഉത്തരവിലെ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ, നിയമപ്രകാരം പുതുതായി പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനും വേണ്ടി പ്രത്യേക കോടതിയിലേക്ക് തിരിച്ചയയ്ക്കുന്നു.

(iv) ഈ അപേക്ഷകൾ കഴിയുന്നത്ര വേഗത്തിൽ തീർപ്പാക്കാൻ പ്രത്യേക കോടതി എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്.

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ഡോ. ജസ്റ്റിസ് കൗസർ എടപ്പഗത്ത്**

റിട്ട് ഹർജി (ക്രിമിനൽ) നം. 1631/ 2025

**ബിജു എട്ടാമ്മൽ – ഹർജിക്കാരൻ**

**v.**

**കേരള സംസ്ഥാനവും മറ്റുള്ളവരും – എതിർകക്ഷികൾ**

(25.11.2025-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

അബ്കാരി ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റകൃത്യം ചെയ്യുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ അത് ചെയ്യുന്നതിന് മുഖാന്തരം ആയിട്ടുള്ളതോ ആയ സ്വത്ത് കണ്ട്കെട്ടുന്നത് സംബന്ധിച്ച വ്യവസ്ഥകളാണ് അബ്കാരി ആക്റ്റിലെ 65, 67B വകുപ്പുകളിൽ പ്രസ്താവിച്ചിരിക്കുന്നത്. കുറ്റകൃത്യം ചെയ്യുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ അത് ചെയ്യുന്നതിന് മുഖാന്തരം ആയിട്ടുള്ളതോ ആയ സ്വത്ത് കണ്ട്കെട്ടുന്നതിനുള്ള അധികാരം അധികാരപ്പെട്ട ഉദ്യോഗസ്ഥന് എല്ലാ സംഗതികളിലും നൽകുന്നില്ല എന്നതാണ് 65, 67B വകുപ്പുകളുടെ വായന കാണിക്കുന്നത്. സ്വത്ത് കണ്ട്കെട്ടാൻ ഉത്തരവിടുന്നതിന് മുമ്പായി, അത് ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റകൃത്യവുമായി ബന്ധപ്പെട്ടിരുന്നു എന്നും അല്ലെങ്കിൽ അത് മുഖാന്തിരം ചെയ്തിരുന്നു എന്നും, പ്രസ്തുത സ്വത്ത് കണ്ടുകെട്ടപ്പെടേണ്ടതാണെന്നും അധികാരപ്പെട്ട ഉദ്യോഗസ്ഥന് ബോധ്യപ്പെടേണ്ടതാണ്. 67B(2) വകുപ്പിൽ ഉപയോഗിച്ചിരിക്കുന്ന 'may' എന്ന പദം സൂചിപ്പിക്കുന്നത് സ്വത്ത് കണ്ടുകെട്ടാനായി ഉത്തരവിടാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥന് നൽകിയിട്ടുള്ള അധികാരം വിവേചനപരമായിതിനാൽ പ്രസ്തുത സ്വത്തുമായി ബന്ധപ്പെട്ടതോ അല്ലെങ്കിൽ അത് മുഖാന്തരം ആക്റ്റിൻ കീഴിൽ ഒരു കുറ്റകൃത്യം ചെയ്തിട്ടുള്ളതായി അയാൾക്ക് ബോധ്യപ്പെട്ടാൽ പോലും കണ്ട്കെട്ടുവാനുള്ള 'ഉത്തരവ്' പുറപ്പെടുവിക്കാൻ ടിയാന് ബാധ്യതയില്ല. അധികാരപ്പെട്ട ഉദ്യോഗസ്ഥൻ വസ്തുതാപരമായ വിലയിരുത്തൽ നടത്തിയതിന് ശേഷം സ്വത്ത് കണ്ടുകെട്ടപ്പെടേണ്ടതുണ്ടോ എന്ന് തീരുമാനിക്കേണ്ടതാണ്.

### വിധിന്യായം

### ഡോ. ജസ്റ്റിസ് കൗസർ എടപ്പഗത്ത്

കേരള അബ്കാരി ആക്റ്റിലെ 67 B (2)-ാം വകുപ്പ് പ്രകാരം പാസാക്കിയ കണ്ടുകെട്ടൽ ഉത്തരവിനെ ചോദ്യം ചെയ്താണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

2. കാസർഗോഡ് അസിസ്റ്റന്റ് സെഷൻസ് കോടതിയുടെ (ചുരുക്കത്തിൽ, വിചാരണ കോടതി) ഫയലുകളിലെ SC നമ്പർ 415/2020-ലെ ഏക പ്രതിയായിരുന്നു ഹർജിക്കാരൻ. കേരള അബ്കാരി ആക്റ്റിലെ 55(a) വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റത്തിന് അദ്ദേഹം വിചാരണ നേരിട്ടു.

3. 11/10/2019 രാത്രി 11.50-ന്, ഹർജിക്കാരൻ KL-13S-1772 രജിസ്ട്രേഷൻ നമ്പർ ഉള്ള അയാളുടെ ഇന്നോവ കാറിൽ അബ്കാരി ആക്റ്റിന് വിരുദ്ധമായി 750 മില്ലിലിറ്ററിന്റെ 12 കുപ്പി ഇന്ത്യൻ നിർമ്മിത വിദേശ മദ്യം കടത്തിക്കൊണ്ടു പോയെന്ന് കണ്ടെത്തി എന്നതാണ് ചുരുക്കത്തിൽ പ്രോസിക്യൂഷൻ കേസ്.

4. വിചാരണ നടപടികൾ പൂർത്തിയാക്കിയ ശേഷം, എക്സിബിറ്റ് പി4 വിധിന്യായം പ്രകാരം ഹർജിക്കാരനെ കുറ്റവിമുക്തനാക്കി.

5. കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിരുന്ന ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ള കാർ അന്വേഷണത്തിനിടെ പിടിച്ചെടുത്തു. അതിന്റെ ഇടക്കാല സൂക്ഷിപ്പ് അയാൾക്ക് വിട്ടുകൊടുത്തു. തുടർന്ന്, 4-ാം എതിർകക്ഷി അബ്കാരി ആക്റ്റിലെ 67B വകുപ്പ് പ്രകാരമുള്ള കണ്ടുകെട്ടൽ നടപടികൾ ആരംഭിച്ചു. Ext. P1 ഉത്തരവ് പ്രകാരം കാർ കണ്ടുകെട്ടാൻ ഉത്തരവിടുകയും അത് അപ്പീലിൽ മൂന്നാം എതിർകക്ഷിയുടെ Ext. P3 ഉത്തരവ് പ്രകാരം സ്ഥിരീകരിക്കുകയും ചെയ്തു. ഹർജിക്കാരൻ Ext. P1, P3 ഉത്തരവുകളെ 314/2022-ാം നമ്പർ റിട്ട് ഹർജി (ക്രിമിനൽ) യിൽ ഈ കോടതി മുമ്പാകെ ചോദ്യം ചെയ്തു. ഹർജിക്കാരനെ കുറ്റവിമുക്തനാക്കിയ Ext. P4 വിധിന്യായത്തിന്റെ വെളിച്ചത്തിൽ രണ്ടാം എതിർകക്ഷിയോട് വിഷയം പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചുകൊണ്ട് Ext. P5 വിധിന്യായ പ്രകാരം ഹർജി തീർപ്പാക്കി. അതിനുശേഷം രണ്ടാം എതിർകക്ഷി Ext. P3 ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ട് Ext. P6 ഉത്തരവ് പാസാക്കി. Ext. P1, P3, P6 എന്നിവ റദ്ദാക്കുന്നതിനായാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

6. ഹർജിക്കാരന്റെ അഭിഭാഷകനായ ശ്രീ. അരുൺ കുമാർ എ., പബ്ളിക് പ്രോസിക്യൂട്ടറായ ശ്രീ. സംഗീത രാജ് എൻ. ആർ. എന്നിവരെ ഞാൻ കേട്ടു.

7. അബ്കാരി ആക്റ്റിലെ 67 B വകുപ്പ് പ്രകാരമുള്ള നടപടികളിൽ, കണ്ടുകെട്ടാൻ ഉത്തരവിടുന്നതിന് മുമ്പായി, കണ്ടുകെട്ടാൻ ശ്രമിക്കുന്ന സ്വത്തുമായി ബന്ധപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ അതു മുഖേനയോ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റകൃത്യം നടന്നിട്ടുണ്ടെന്ന് ബോധ്യപ്പെടേണ്ടത് ക്ഷമതയുള്ള അധികാരിയുടെ ബാധ്യതയാണ്. എന്നാൽ ഈ കേസിൽ അത്തരമൊരു ബോധ്യപ്പെടൽ ഉണ്ടായിട്ടില്ലെന്നും ഹർജിക്കാരന്റെ അഭിഭാഷകൻ വാദിച്ചു. ഹർജിക്കാരനെ കുറ്റവിമുക്തനാക്കിയതിന്റെ വെളിച്ചത്തിൽ കണ്ടുകെട്ടൽ ഉത്തരവ് റദ്ദാക്കപ്പെടേണ്ടതാണെന്നും കൂടി അഭിഭാഷകൻ വാദിച്ചു. മറുവശത്ത്, അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വത്ത് കണ്ടുകെട്ടുന്നതിന് ഉത്തരവിടാൻ നൽകിയിട്ടുള്ള അധികാരം ആരോപിക്കപ്പെട്ട കുറ്റകൃത്യത്തിന്മേൽ ക്രിമിനൽ നടപടി തുടങ്ങിയിട്ടുണ്ടോ ഇല്ലയോ എന്ന് ഗണിക്കാതെയുള്ള ഒരു അധികാരമാണെന്ന് പബ്ളിക് പ്രോസിക്യൂട്ടർ വാദിച്ചു. കേസിൽ വെളിപ്പെടുത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ വാഹനം കണ്ടുകെട്ടാൻ ഉത്തരവിട്ടതിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും വീഴ്ച വന്നിട്ടുണ്ടെന്ന് പറയാൻ കഴിയില്ലെന്ന് പ്രോസിക്യൂട്ടർ വാദിച്ചു.

8. അബ്കാരി ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റകൃത്യം ചെയ്യുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ അത് ചെയ്യുന്നതിന് മുഖാന്തരം ആയിട്ടുള്ളതോ ആയ സ്വത്ത് കണ്ട്കെട്ടുന്നത് സംബന്ധിച്ച വ്യവസ്ഥകളാണ് അബ്കാരി ആക്റ്റിലെ 65, 67B വകുപ്പുകളിൽ പ്രസ്താവിച്ചിരിക്കുന്നത്. കുറ്റകൃത്യം ചെയ്യുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ അത് ചെയ്യുന്നതിന് മുഖാന്തരം ആയിട്ടുള്ളതോ ആയ സ്വത്ത് കണ്ട്കെട്ടുന്നതിനുള്ള അധികാരം അധികാരപ്പെട്ട ഉദ്യോഗസ്ഥന് എല്ലാ സംഗതികളിലും നൽകുന്നില്ല

എന്നതാണ് 65, 67B വകുപ്പുകളുടെ വായന കാണിക്കുന്നത്. സ്വത്ത് കണ്ട്കെട്ടാൻ ഉത്തരവിടുന്നതിന് മുമ്പായി, അത് ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റകൃത്യവുമായി ബന്ധപ്പെട്ടിരുന്നു എന്നും അല്ലെങ്കിൽ അത് മുഖാന്തിരം ചെയ്തിരുന്നു എന്നും, പ്രസ്തുത സ്വത്ത് കണ്ടുകെട്ടപ്പെടേണ്ടതാണെന്നും അധികാരപ്പെട്ട ഉദ്യോഗസ്ഥന് ബോധ്യ പ്പെടേണ്ടതാണ്. 67B(2) വകുപ്പിൽ ഉപയോഗിച്ചിരിക്കുന്ന 'may' എന്ന പദം സൂചിപ്പിക്കുന്നത് സ്വത്ത് കണ്ടുകെട്ടാനായി ഉത്തരവിടാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥന് നൽകിയിട്ടുള്ള അധികാരം വിവേചനപരമായിതിനാൽ പ്രസ്തുത സ്വത്തുമായി ബന്ധപ്പെട്ടതോ അല്ലെങ്കിൽ അത് മുഖാന്തരം ആക്റ്റിൻ കീഴിൽ ഒരു കുറ്റകൃത്യം ചെയ്തിട്ടുള്ളതായി അയാൾക്ക് ബോധ്യപ്പെട്ടാൽ പോലും കണ്ട്കെട്ടുവാനുള്ള 'ഉത്തരവ്' പുറപ്പെടുവിക്കാൻ ടിയാന് ബാധ്യതയില്ല. അധികാരപ്പെട്ട ഉദ്യോഗസ്ഥൻ വസ്തുതാപരമായ വിലയിരുത്തൽ നടത്തിയതിന് ശേഷം സ്വത്ത് കണ്ടുകെട്ടപ്പെടേണ്ടതുണ്ടോ എന്ന് തീരുമാനിക്കേണ്ടതാണ്. (കേരള സംസ്ഥാനവും മറ്റുള്ളവരും vs. നവരു സ്വപ്ന റെഡ്ഡി 2022(1) KHC 563 കാണുക). അധികാരപ്പെട്ട ഉദ്യോഗസ്ഥൻ വസ്തുതാപരമായി വിലയിരുത്തൽ നടത്തിയിട്ടുള്ളതായി കാണിക്കുന്നതൊന്നും Exts. P1, P3, P6 ഉത്തരവുകളിൽ ഇല്ല. ഹർജിക്കാരൻ കാറിൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം കടത്തിയെന്ന് തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു എന്നാണ് Exts. P4 വിധിന്യായത്തിന്റെ വായന കാണിക്കുന്നത്. ഇതുകൂടാതെ, 750 മില്ലിലിറ്ററിന്റെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ 12 കുപ്പി മാത്രമേ സംഭവത്തിൽ ഉൾപ്പെട്ടിരുന്നുള്ളൂ. ഈ വസ്തുതകൾ സൂചിപ്പിക്കുന്നത് ആക്റ്റ്പ്രകാരമുള്ള ഒരു കുറ്റകൃത്യം നടന്നിട്ടുണ്ടെന്ന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സ്വയം ബോധ്യപ്പെടുന്നതിൽ പരാജയപ്പെട്ടു എന്നാണ്.

9. 2004-ലെ മധ്യപ്രദേശ് ഗോവധ നിരോധന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം വാഹനം കണ്ടുകെട്ടുന്നതുമായി ബന്ധപ്പെട്ട് ക്രിമിനൽ നടപടികളിൽ നിന്ന് ഒരാളെ കുറ്റവിമുക്തനാക്കുമ്പോൾ കുറ്റകൃത്യത്തിനായി ഉപയോഗിച്ച വാഹനം കണ്ടുകെട്ടുന്നത് അയാളുടെ സ്വത്തിനെ ഏകപക്ഷീയമായി നഷ്ടപ്പെടുത്തുന്നതിന് തുല്യമാണെന്നും അത് ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 300 എ ഉറപ്പുനൽകുന്ന അവകാശത്തെ ലംഘിക്കുന്നുവെന്നുമാണ് അബ്ദുൾ വഹാബ് vs. മധ്യപ്രദേശ് സംസ്ഥാനം (2022 KHC online 6250) എന്ന കേസിൽ സുപ്രീം കോടതി വിധിച്ചത്. അതിലെ ആധികാരിക പ്രസ്താവന അബ്കാരി ആക്റ്റിലെ 67B വകുപ്പ് പ്രകാരമുള്ള കണ്ടുകെട്ടലിനും ബാധകമാക്കാം. അതിനാൽ, പ്രധാന ക്രിമിനൽ നടപടികളിൽ ഹർജിക്കാരനെ കുറ്റവിമുക്തനാക്കുമ്പോൾ അബ്കാരി ആക്റ്റിലെ 67 B വകുപ്പ് പ്രകാരമുള്ള വാഹനം കണ്ടുകെട്ടൽ നിലനിൽക്കില്ല. അതിനാൽ, ചോദ്യംചെയ്യപ്പെട്ട ഉത്തരവുകൾ നിലനിൽക്കില്ല, അവ റദ്ദാക്കുന്നു. വാഹനം ഇടക്കാലത്തേക്ക് വിട്ടുകൊടുത്ത സമയത്ത് നിക്ഷേപിച്ച തുക ഹർജിക്കാരന് തിരികെ നൽകാൻ മൂന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

മുകളിൽ പറഞ്ഞ പ്രകാരം റിട്ട്. ഹർജി അനുവദിക്കുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ഡോ. ജസ്റ്റിസ് കൗസർ എടപ്പഗത്ത്**

ജാമ്യ അപേക്ഷ നം. 12588/ 202

**ഇമ്രാൻ @ ഹംസത്ത് ഇക്തിയാർ @ ഇർഷാദ് - ഹർജിക്കാരൻ / ഒന്നാംപ്രതി**

**v.**

**കേരള സംസ്ഥാനവും മറ്റൊരാളും - എതിർകക്ഷികൾ**

(10.02.2026 ന് വിധി പ്രസ്താവിച്ചത്)

**ഉത്തരവിലെ പ്രസക്തഭാഗങ്ങൾ**

പ്രസ്തുത നോട്ടീസിൽ കേസിൽ ഉൾപ്പെട്ടിരിക്കുന്ന നിരോധിക്കപ്പെട്ട സാധനത്തിന്റെ അളവ് പരാമർശിച്ചിട്ടില്ല എന്നത് ശരിയാണ്. എന്നിരുന്നാലും, നിരോധിക്കപ്പെട്ട സാധനങ്ങൾ ഒന്നും അപേക്ഷകന്റെ പക്കൽ നിന്നും പിടിച്ചെടുത്തിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. 3 ഉം 8 ഉം പ്രതികളുടെ പക്കൽ നിന്നുമാണ് നിരോധിക്കപ്പെട്ട സാധനങ്ങൾ പിടിച്ചെടുത്തിട്ടുള്ളത്. കേസിന് ആധാരമായ നിരോധിക്കപ്പെട്ട സാധനങ്ങൾ മൂന്നും എട്ടും പ്രതികൾക്ക് ബാംഗ്ലൂരിൽ നിന്നും എത്തിച്ചു കൊടുക്കുകയും അവരോടൊപ്പം ബാംഗ്ലൂരിലെ ഒരു ലോഡ്ജിൽ താമസിക്കുകയും ചെയ്തു എന്നുമാണ് അപേക്ഷകനെതിരെയുള്ള പ്രധാന ആരോപണം. അപേക്ഷകനെതിരെയുള്ള ഈ ആരോപണം ബിഎൻഎസ്എസ്-ന്റെ 47-ാം വകുപ്പ് പ്രകാരം അയാൾക്ക് നൽകിയ നോട്ടീസിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച യാഹൻ, റായിസ്, വിഷ്ണു എന്നീ കേസുകളിൽ എൻ.ഡി.പി.എസ്. ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളിൽ പിടിച്ചെടുത്ത നിരോധിക്കപ്പെട്ട സാധനങ്ങളുടെ അളവ് അറിയിക്കേണ്ടത് നിർബന്ധിതമാണെന്ന കോടതിയുടെ കണ്ടെത്തൽ, കുറ്റകൃത്യത്തിൽ അവരുടെ പങ്കാളിത്തം പരിഗണിക്കാതെ എല്ലാ പ്രതികൾക്കും ബാധകമാണെന്ന് വ്യാഖ്യാനിക്കാൻ കഴിയില്ല. പിടിച്ചെടുത്ത നിരോധിക്കപ്പെട്ട സാധനങ്ങളുടെ അളവ് സംബന്ധിച്ച വിശദാംശങ്ങൾ, ഏത് പ്രതിയുടെ പക്കൽ നിന്നാണോ അത് പിടിച്ചെടുത്തത് അയാളെ മാത്രമേ അറിയിക്കേണ്ടതുള്ളൂ. നിരോധിക്കപ്പെട്ട സാധനങ്ങൾ അവരുടെ പക്കൽ നിന്നും പിടിച്ചെടുക്കപ്പെട്ടിട്ടില്ലെങ്കിലും കുറ്റകൃത്യത്തിൽ മറ്റ് വിധത്തിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് പ്രതികളെ സംബന്ധിച്ചിടത്തോളം കുറ്റകൃത്യത്തിലെ അവരുടെ പങ്കും അറസ്റ്റിനുള്ള കാരണങ്ങളും അവരെ അറിയിച്ചാൽ മതിയാകും.

## ഉത്തരവ്

## ഡോ. ജസ്റ്റിസ് കൗസർ എടപ്പഗത്ത്

ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (ചുരുക്കത്തിൽ, ബി.എൻ.എസ്.എസ്.) യുടെ 483-ാം വകുപ്പ് പ്രകാരം സാധാരണ ജാമ്യം അഭ്യർഥിച്ചുകൊണ്ടാണ് ഈ അപേക്ഷ ഫയൽ ചെയ്തിരിക്കുന്നത്.

2. കോഴിക്കോട് ജില്ലയിലെ കുന്നമംഗലം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 56/2025 ലെ ഒന്നാം പ്രതിയാണ് അപേക്ഷകൻ.1985 ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ടിലെ (ചുരുക്കത്തിൽ, 'എൻഡിപി എസ് ആക്ട') 22(സി), 27എ, 29 എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യങ്ങളാണ് അയാൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ളത്.

3. പ്രോസിക്യൂഷൻ കേസ് ചുരുക്കത്തിൽ, 21/01/2025 ഉച്ചയ്ക്ക് 12.50 ന്, കുന്നമംഗലം, കാരന്തൂരിലുള്ള ഹോട്ടൽ വി.ആർ. റെസിഡൻസിയുടെ 208-ാം നമ്പർ മുറിയിലെ അലമാരയ്ക്കുള്ളിൽ സൂക്ഷിച്ചിരുന്നതും ഒന്നും രണ്ടും പ്ര തികളുടെ കൈവശമുണ്ടായിരുന്ന തുമായ 221.89 ഗ്രാം എം.ഡി.എം.എ. കണ്ടെത്തിയെന്നും, അതിനാൽ മുകളിൽ പറഞ്ഞ കുറ്റകൃത്യങ്ങൾ ചെയ്തു എന്നതുമാണ്.

4. അപേക്ഷകന്റെ അഭിഭാഷകനായ ശ്രീ. പി. മുഹമ്മദ് സബായുടെയും സീനിയർ പബ്ലിക് പ്രോസിക്യൂട്ടറായ ശ്രീ. കെ. എ. നൗഷാദിന്റെയും വാദം ഞാൻ കേട്ടു. കേസ് ഡയറി പരിശോധിച്ചു.

5. ഇന്ത്യൻ ഭരണഘടനയുടെ 22 (1)-ാം അനുച്ഛേദവും ബിഎൻഎസ്എസ്സിന്റെ 47-ാം വകുപ്പും പ്രകാരം അറസ്റ്റ് ചെയ്ത വ്യക്തിയെ അറസ്റ്റിനുള്ള കാരണങ്ങൾ അറിയിച്ചിരിക്കേണ്ടത് നിർബന്ധിതമാണെന്നും അറസ്റ്റിനുള്ള കാരണങ്ങൾ അപേക്ഷകന് നൽകി യിട്ടില്ലാത്തതിനാൽ അയാളുടെ അറസ്റ്റ് നിയമവിരുദ്ധമാണെന്നും ജാമ്യത്തിൽ വിടേണ്ടതാണെന്നും അപേക്ഷകന് വേണ്ടി ഹാജരായ അഭിഭാഷകൻ വാദിച്ചു. മറുഭാഗത്ത്,അപേക്ഷകനെഅറസ്റ്റ് ചെയ്തപ്പോൾ ബി. എൻ. എസ്. എസിന്റെ V-ാം അധ്യായത്തിന് അനുസൃതമായി എല്ലാ നിയമപരമായ ഔപചാരികതകളും പാലിച്ചതായി പബ്ലിക് പ്രോസിക്യൂട്ടർ പ്രസ്താവിച്ചു. ആരോപിക്കപ്പെട്ട സംഭവം അപേക്ഷകന്റെ മനഃപൂർവമായുള്ള ക്രിമിനൽ പ്രവർത്തികളുടെ ഭാഗമായാണ് സംഭവിച്ചിട്ടുള്ളതെന്നും അതിനാൽ ഈ ഘട്ടത്തിൽ അദ്ദേഹത്തിന് ജാമ്യത്തിന് അർഹതയില്ലെന്നും കൂടി വാദിച്ചു.

6. 20/5/2025-ന് ആയിരുന്നു അപേക്ഷകനെ അറസ്റ്റ് ചെയ്തത്. അന്നുമുതൽ അയാൾ ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

7. അപേക്ഷകനെ കുറ്റകൃത്യവുമായി ബന്ധിപ്പിക്കുന്നതിന് പ്രഥമദൃഷ്ട്യാ തെളിവുകളുണ്ടെങ്കിലും, അയാളുടെ അറസ്റ്റിന്റെ കാരണങ്ങൾ അറിയിക്കാ തിരുന്നതിനെക്കുറിച്ച് അപേക്ഷകൻ ചോദ്യം ഉന്നയിച്ചിട്ടുള്ളതിനാൽ, അത് ഞാൻ പരിഗണിക്കാം.

8. 2023 ലെ ബിഎൻഎസ്എസിന്റെ V-ാം അദ്ധ്യായം വ്യക്തികളുടെ അറസ്റ്റ് സംബന്ധിച്ചുള്ളതാണ്. ബിഎൻഎസ് എസിന്റെ 35-ാം വകുപ്പിലെ (1)-ാം ഉപ വകുപ്പ് വാറണ്ടില്ലാതെ പോലീസിന് ഒരാളെ അറസ്റ്റ് ചെയ്യാൻ കഴിയുന്ന കേസുകൾ സൂചിപ്പിച്ചിരിക്കുന്നു. വാറന്റില്ലാതെ

ഏതെങ്കിലും വ്യക്തിയെ അറസ്റ്റ് ചെയ്യുന്ന ഓരോ പോലീസ് ഉദ്യോഗസ്ഥനും അല്ലെങ്കിൽ മറ്റേതൊരു വ്യക്തിയും ഏത് കുറ്റകൃത്യവുമായി ബന്ധപ്പെട്ടാണോ ആയാളെ അറസ്റ്റ് ചെയ്തിട്ടുള്ളത് അതിന്റെ പൂർണ്ണ വിവരങ്ങളോ അല്ലെങ്കിൽ അറസ്റ്റിനുള്ള മറ്റ് കാരണങ്ങളെക്കുറിച്ചോ ഉടനടി അയാളെ അറിയിക്കേണ്ടതാണെന്ന് ബി. എൻ. എസ്. എസിന്റെ 47-ാം വകുപ്പിൽ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ 22(1)-ാം അനുഛേദ പ്രകാരം അറസ്റ്റ് ചെയ്യപ്പെടുന്ന ഏതൊരു വ്യക്തിയെയും, കഴിയുന്നത്ര വേഗത്തിൽ അറസ്റ്റിനുള്ള കാരണങ്ങൾ അറിയിക്കാതെ തടങ്കലിൽ വയ്ക്കാൻ പാടില്ല. അതിനാൽ, അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ അറസ്റ്റ് ചെയ്യാനുള്ള കാരണങ്ങൾ അറിയിക്കേണ്ടത് ഒരു ഔപചാരികതയല്ല, മറിച്ച് നിർബന്ധിതവും നിയമപരവും ഭരണഘടനാപരമായുള്ളതുമായ ഒരു ആവശ്യകതയാണ്. ഭരണഘടനയുടെ 22(1)-ാം അനുച്ഛേദം പാലിക്കാതിരിക്കുന്നത് പ്രസ്തുത അനുച്ഛേദം കുറ്റാരോപിതന് ഉറപ്പുനൽകിയിട്ടുള്ള മൗലികാവകാശ ത്തിന്റെ ലംഘനമായിരിക്കും. കൂടാതെ അത് ഭരണഘടനയുടെ 21-ാം അനുഛേദം ഉറപ്പുനൽകുന്ന വ്യക്തി സ്വതന്ത്ര്യത്തിനുള്ള അവകാശത്തിന്റെ ലംഘനത്തിന് തുല്യമായിരിക്കും.

9. അറസ്റ്റിനുള്ള കാരണങ്ങൾ രേഖാമൂലം അറിയിക്കുന്നതിൽ വീഴ്ചവരുത്തുന്നത് അറസ്റ്റ് നിയമവിരുദ്ധമാക്കി പ്രതിയുടെ മോചനം അനിവാര്യമാക്കുമോ എന്ന ചോദ്യം ഒരു പുതിയ വിഷയമല്ല. അറസ്റ്റിനുള്ള കാരണങ്ങൾ ഒരു വ്യക്തിയെ രേഖാമൂലം അറിയിക്കേണ്ടത് ഭരണഘടനയുടെ അനുച്ഛേദം 22 (1) പ്രകാരവും ബി. എൻ. എസ്. എസിന്റെ 47-ാം വകുപ്പ് പ്രകാരവും നിർബന്ധിതമായ ആവശ്യകതയാണ് എന്നും അതിന്റെ അഭാവത്തിൽ അറസ്റ്റ് നിയമവിരുദ്ധമാക്കും എന്നും പങ്കജ് ബൻസാൽ v. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും [(2024) 7 SCC 576], പ്രബീർ പുർകായസ്ഥ v. സംസ്ഥാനം (എൻ.സി.ടി ഓഫ് ഡൽഹി) [(2024) 8 SCC 254] എന്നീ കേസുകളിൽ, ബഹു.സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. പിന്നീട് വിഹാൻ കുമാർ v. ഹരിയാന സംസ്ഥാനവും മറ്റുള്ളവരും (2025 SCC Online SC 269) എന്ന കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ അറസ്റ്റ് ചെയ്തതിന്റെ കാരണങ്ങൾ അറിയിക്കേണ്ടതിന്റെ ആവശ്യകത ഒരു ഔപചാരികതയല്ല, മറിച്ച് നിർബന്ധിത ഭരണഘടനാപരമായ ആവശ്യകതയാണെന്ന് ആവർത്തിച്ച് പറഞ്ഞു. എന്നിരുന്നാലും, അറസ്റ്റിനുള്ള കാരണങ്ങൾ രേഖാമൂലം അറിയിക്കേണ്ട ആവശ്യമില്ലെന്ന് നിരീക്ഷിച്ചു. അടുത്തിടെ, മിഹിർ രാജേഷ് ഷാ v. മഹാരാഷ്ട്ര സംസ്ഥാനവും മറ്റൊരാളും (2025 SCC Online SC 2356) എന്ന കേസിൽ സുപ്രീം കോടതിയുടെ മൂന്നംഗ ബഞ്ച് മുകളിൽ സൂചിപ്പിച്ച മൂന്ന് വിധിന്യായങ്ങളും പരിശോധിച്ച ശേഷം, അറസ്റ്റിനുള്ള കാരണങ്ങൾ ഓരോ കേസിലും അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ ഒരു ഒഴിവാക്കലും കൂടാതെ അറിയിക്കണമെന്നും അത്തരം കാരണങ്ങൾ അറിയിക്കുന്നതിനുള്ള മാർഗ്ഗം അയാൾക്ക് മനസ്സിലാകുന്ന ഭാഷയിൽ രേഖാമൂലം ആയിരിക്കണമെന്നും വിധിച്ചു. എൻഡിപിഎസ് ആക്റ്റ് പ്രകാരമുള്ള കേസുകളെ സംബന്ധിച്ചിടത്തോളം, യാസിൻ എസ്. v. കേരള സംസ്ഥാനവും (2025 KHC Online 2383), റയീസ് ആർ.എം. v. കേരള സംസ്ഥാനവും (2025 KHC 2086), വിഷ്ണു എൻ.പി. v. കേരള സംസ്ഥാനവും (2025 KHC Online 1262) എന്നീ കേസുകളിൽ

ഈ കോടതിയുടെ സിംഗിൾ ബെഞ്ച് അറസ്റ്റ് ചെയ്യാനുള്ള കാരണങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിന് പിടിച്ചെടുത്ത നിരോധിക്കപ്പെട്ട സാധനത്തിന്റെ അളവ് വ്യക്തമാക്കേണ്ടത് നിർബന്ധമാണെന്ന് വാദിച്ചു.

ബി. എൻ. എസ്. എസിന്റെ 47, 35 (1) (ബി) (ii) എന്നീ വകുപ്പുകൾ പ്രകാരം അപേക്ഷകന് നൽകിയ അറസ്റ്റിന്റെ കാരണങ്ങൾ രേഖാമൂലം അറിയിക്കുന്ന നോട്ടീസിൽ പിടിച്ചെടുത്ത നിരോധിക്കപ്പെട്ട സാധനത്തിന്റെ അളവ് കാണിച്ചിട്ടില്ലെന്നും അതിനാൽ അറസ്റ്റ് അസാധുവാണെന്നും അപേക്ഷകന്റെ അഭിഭാഷകൻ ശക്തമായി വാദിച്ചു.

പ്രസ്തുത നോട്ടീസിൽ കേസിൽ ഉൾപ്പെട്ടിരിക്കുന്ന നിരോധിക്കപ്പെട്ട സാധനത്തിന്റെ അളവ് പരാമർശിച്ചിട്ടില്ല എന്നത് ശരിയാണ്. എന്നിരുന്നാലും, നിരോധിക്കപ്പെട്ട സാധനങ്ങൾ ഒന്നും അപേക്ഷകന്റെ പക്കൽ നിന്നും പിടിച്ചെടുത്തിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. 3 ഉം 8 ഉം പ്രതികളുടെ പക്കൽ നിന്നുമാണ് നിരോധിക്കപ്പെട്ട സാധനങ്ങൾ പിടിച്ചെടുത്തിട്ടുള്ളത്. കേസിന് ആധാരമായ നിരോധിക്കപ്പെട്ട സാധനങ്ങൾ മൂന്നും എട്ടും പ്രതികൾക്ക് ബാംഗ്ലൂരിൽ നിന്നും എത്തിച്ചു കൊടുക്കുകയും അവരോടൊപ്പം ബാംഗ്ലൂരിലെ ഒരു ലോഡ്ജിൽ താമസിക്കുകയും ചെയ്തു എന്നുമാണ് അപേക്ഷകനെതിരെയുള്ള പ്രധാന ആരോപണം. അപേക്ഷകനെതിരെയുള്ള ഈ ആരോപണം ബിഎൻഎസ്എസ്-ന്റെ 47-ാം വകുപ്പ് പ്രകാരം അയാൾക്ക് നൽകിയ നോട്ടീസിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച യാഹൻ, റായിസ്, വിഷ്ണു എന്നീ കേസുകളിൽ എൻ.ഡി.പി.എസ്. ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളിൽ പിടിച്ചെടുത്ത നിരോധിക്കപ്പെട്ട സാധനങ്ങളുടെ അളവ് അറിയിക്കേണ്ടത് നിർബന്ധിതമാണെന്ന കോടതിയുടെ കണ്ടെത്തൽ, കുറ്റകൃത്യത്തിൽ അവരുടെ പങ്കാളിത്തം പരിഗണിക്കാതെ എല്ലാ പ്രതികൾക്കും ബാധകമാണെന്ന് വ്യാഖ്യാനിക്കാൻ കഴിയില്ല. പിടിച്ചെടുത്ത നിരോധിക്കപ്പെട്ട സാധനങ്ങളുടെ അളവ് സംബന്ധിച്ച വിശദാംശങ്ങൾ, ഏത് പ്രതിയുടെ പക്കൽ നിന്നാണോ അത് പിടിച്ചെടുത്തത് അയാളെ മാത്രമേ അറിയിക്കേണ്ടതുള്ളൂ. നിരോധിക്കപ്പെട്ട സാധനങ്ങൾ അവരുടെ പക്കൽ നിന്നും പിടിച്ചെടുക്കപ്പെട്ടിട്ടില്ലെങ്കിലും കുറ്റകൃത്യത്തിൽ മറ്റ് വിധത്തിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് പ്രതികളെ സംബന്ധിച്ചിടത്തോളം കുറ്റകൃത്യത്തിലെ അവരുടെ പങ്കും അറസ്റ്റിനുള്ള കാരണങ്ങളും അവരെ അറിയിച്ചാൽ മതിയാകും. ഇതിനകം പറഞ്ഞതുപോലെ കുറ്റകൃത്യത്തിൽ അപേക്ഷകന്റെ പ്രത്യേക പങ്കും അറസ്റ്റിനുള്ള വിശദമായ കാരണങ്ങളും ബി. എൻ. എസ്. എസിന്റെ 47,35 (1) (ബി) (ii) വകുപ്പുകൾ പ്രകാരം അദ്ദേഹത്തിന് നൽകിയ നോട്ടിസിൽ പരാമർശിച്ചിട്ടുണ്ട്. അതിനാൽ, ബി. എൻ. എസ്. എസിലെ 47-ാം വകുപ്പും ഇന്ത്യൻ ഭരണഘടനയുടെ 22 (1)-ാം അനുച്ഛേദവും തൃപ്തികരമായി പാലിച്ചിട്ടുണ്ടെന്ന് ഞാൻ കാണുന്നു. അതനുസരിച്ച് ജാമ്യാപേക്ഷ തള്ളുന്നു.



# സുപ്രീംകോടതി വിധി
## സംക്ഷിപ്തം

# സുപ്രീം കോടതി മുമ്പാകെ

സിവിൽ അപ്പീൽ അധികാരിത

**ബഹു. ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ**

**&**

**ബഹു. ജസ്റ്റിസ് എൻ. വി. അഞ്ജാരിയ**

സിവിൽ അപ്പീൽ നം. 9669 / 2024

**രാമ ബായ്** - അപ്പീൽവാദി

v.

**ഇൻചാർജ് ഓഫീസർ/കോംപിറ്റന്റ് ഓഫീസർ മുഖേന M/s. അമിത് മിനറൽസ് ഉം മറ്റൊരാളും** - എതിർകക്ഷികൾ

(24.09.2025-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ഹൈക്കോടതി ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ രാം ബാബു തിവാരി കേസിലെ വിധിന്യായത്തെ ആശ്രയിച്ചുകൊണ്ട്, മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെ പ്രത്യേക വ്യവസ്ഥകൾ അനുസരിച്ച്, ഡ്രൈവർക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഇല്ലെങ്കിൽ, അത് ഇൻഷ്വറൻസ് പോളിസിയുടെ വ്യവസ്ഥകളുടെ ലംഘനത്തിന് കാരണമാകുമെന്നും ഇൻഷ്വററെ (ഇൻഷ്വറൻസ് കമ്പനിയെ) ബാധ്യതയിൽ നിന്ന് ഒഴിവാക്കുമെന്നും കണ്ടെത്തി. എന്നാൽ രാം ബാബൂ തിവാരി കേസിൽ, പോളിസി വ്യവസ്ഥകൾ ലംഘിച്ചതിനാൽ ബാധ്യത ഒഴിവാക്കിക്കൊണ്ടുള്ള ഹൈക്കോടതിയുടെ ഉത്തരവ് ശരിവെച്ചിരുന്നുയെങ്കിലും, 'പണം നൽകിയിട്ട് ഈടാക്കുക' എന്ന ഹൈക്കോടതിയുടെ ഉത്തരവുകളിൽ ഇടപെടാൻ ഈ കോടതി വിസമ്മതിച്ചിരുന്നു.മേൽപറഞ്ഞ സാഹചര്യങ്ങളിൽ, ഈ കോടതിയുടെ നിരവധി വിധിന്യായങ്ങൾ കണക്കിലെടുക്കുമ്പോൾ, ഉത്തരവ് പാലിക്കാൻ ഇൻഷ്വറൻസ് കമ്പനിയോട് നിർദ്ദേശിക്കുന്നത് ഉചിതമാണ്. എന്നാൽ അങ്ങനെ നൽകിയ തുക പിന്നീട് വാഹനം ഇൻഷ്വർ ചെയ്ത ഉടമയിൽ നിന്ന് ഇൻഷ്വറൻസ് കമ്പനിയ്ക്ക് ഈടാക്കുവാൻ കഴിയും.

ബിലാസ്പൂരിലെ ഛത്തീസ്ഗഢ് ഹൈക്കോടതിയുടെ എം.എ.(സി.) നമ്പർ 876/2013-ലെ 11.06.2020–ാം തീയതിയിലെ വിധിന്യായത്തിനും അവാർഡിനും എതിരായാണ് അപ്പീൽവാദി (അവകാശവാദി) നിലവിലെ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്. അതിൽ, ഹൈക്കോടതി, അപ്പീൽവാദിയ്ക്ക് (അവകാശവാദിക്ക്) നൽകേണ്ട നഷ്ടപരിഹാരം വർദ്ധിപ്പിക്കുകയും, 3–ാം എതിർകക്ഷിയായ ഇൻഷ്വറൻസ് കമ്പനിയെ തുക നൽകേണ്ട ബാധ്യതയിൽ നിന്ന് ഒഴിവാക്കുകയും, 1–ഉം 2–ഉം എതിർകക്ഷികളായ ഡ്രൈവർക്കും ഉടമയ്ക്കും മേൽ ടി ബാധ്യത ചുമത്തു

കയും ചെയ്തു.

ഇൻഷ്വറൻസ് കമ്പനിയോട് ആദ്യം അവകാശവാദിക്ക് നഷ്ടപരിഹാര തുക നൽകാൻ ആവശ്യപ്പെടുകയും തുടർന്ന് നിയമം അനുശാസിക്കുന്ന രീതിയിൽ തുക ഈടാക്കുവാൻ ടി കമ്പനിയെ അനുവദിക്കുകയും ചെയ്യുന്ന "പണം ന ൽകിയിട്ട് ഈടാക്കുക" എന്ന സിദ്ധാന്തം ഹൈക്കോടതി പ്രയോഗിക്കേണ്ടതായിരുന്നു എന്നതാണ് അപ്പീൽവാദിയുടെ കേസ്. "പണം നൽകിയിട്ട് ഈടാക്കുക" എന്ന തത്വം പ്രയോഗിക്കേണ്ടതായിരുന്നു എന്ന വാദത്തെ പിന്തുണച്ച് അപ്പീൽവാദി ഈ കോടതിയുടെ ഷമണയും മറ്റൊരാളും v. ഡിവിഷണൽ മാനേജർ, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് ഉം മറ്റുള്ളവരും [2018 (9) SCC 650], പർമീന്ദർ സിംഗ് v. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡും മറ്റുള്ളവരും [2019 (7) SCC 217] എന്നീ കേസുകളിലെ വിധിന്യായങ്ങളെ ആശ്രയിച്ചു.

1-ാം എതിർകക്ഷി ഓടിച്ചിരുന്ന ട്രക്ക് 13.10.2011-ന് ഒരു ട്രാക്ടർ ട്രോളിയുമായി കൂട്ടിയിടിച്ചിരുന്നു. ഈ ട്രക്കിലെ കണ്ടക്ടറായിരുന്ന നന്ദ് കുമാർ അപ കടത്തിൽ പരിക്കേറ്റതിനെ തുടർന്ന് മരണപ്പെടുകയായിരുന്നു. അയാളുടെ അമ്മയാണ് ഈ കോടതി മുമ്പാകെയുള്ള അപ്പീൽവാദി.

ഛത്തീസ്ഗഡിലെ റായ്പൂരിലുള്ള 2-ാം അഡീഷണൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മരണപ്പെട്ട ആളുടെ മാതാപിതാക്കൾ സമർപ്പിച്ച അവകാശവാദ കേസ് നം. 64/2012-ൽ നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനുള്ള പ്രസക്തമായ മാനദണ്ഡങ്ങൾ പ്ര യോഗിച്ചുകൊണ്ട് 3 ലക്ഷം രൂപ നഷ്ടപരിഹാരമായി വിധിച്ചു. 1-ഉം 2-ഉം എതിർകക്ഷികളായ ഡ്രൈവറും ഉടമയും നഷ്ടപരിഹാര തുക അടക്കണമെന്നും, ട്രിബ്യൂണലിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി അത് വിത രണം ചെയ്യണമെന്നും ഉത്തരവിട്ടു. അപ കടം നടന്ന തീയതിയായ 13.10.2011-ന് 1-ാം എതിർകക്ഷിയായ ഡ്രൈവർക്ക് സാധുവായ ലൈസൻസ് ഇല്ലായിരുന്നുവെന്നും കണ്ടെത്തി.

നിലവിലെ അപ്പീൽവാദി ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച അപ്പീലിൽ, നഷ്ടപ രിഹാര തുക വിവിധ ശീർഷകങ്ങളിൽ വിലയിരുത്തികൊണ്ട് ട്രൈബ്യൂണൽ അനുവദിച്ചിരുന്ന 3 ലക്ഷം രൂപക്ക് പകരം 5,33,600/- രൂപയായി വർദ്ധിക്കുകയും ടി തുകയ്ക്ക് അവകാശവാദ അപേക്ഷ സമർപ്പിച്ച തീയതി മുതൽ തുക നൽകുന്നതുവരെ 7% വാർഷിക പലിശ അനുവദിക്കുകയും ചെയ്തു. 3-ാം എതിർകക്ഷിയായ ഇൻഷ്വറൻസ് കമ്പനിക്ക് തുക നൽകാനുള്ള ബാധ്യതയിൽ നിന്ന് ഒഴിവാകാൻ നിയമപരമായി അർഹതയുണ്ടെന്ന് വിധിച്ചുകൊണ്ട് ഹൈക്കോടതി 1-ഉം 2-ഉം എതിർകക്ഷികളായ ഡ്രൈവർക്കും ഉടമയ്ക്കും മേൽ ടി ബാധ്യത ചുമത്തി.

ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനായി 1-ാം എതിർകക്ഷിയും ട്രക്കിന്റെ ഡ്രൈവറുമായിരുന്ന പരസ് സത്നാമിക്ക് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നിന്ന് നൽകിയ CG.04/2002/0006140 നമ്പർ ഡ്രൈവിംഗ് ലൈസൻസിന് 20.06.2010 മുതൽ 02.11.2011 വരെ സാധുത ഉണ്ടായിരുന്നില്ല, കാരണം 20.06.2010-ന് അതിന്റെ സാധുത കാലഹരണപെട്ടിട്ട്, 03.11.2011 മുതൽ സാധുത വരുന്ന വിധത്തിൽ മാത്രമായിരുന്നു അത് പുതുക്കിയത്. എന്നാൽ അപകടം നടന്നത് 13-10-2011 നാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അപകടം നടന്ന തീയതിയിൽ ഡ്രൈവറുടെ കൈവശം സാധുവായ ലൈസൻസ് ഉണ്ടായിരുന്നില്ല. ഇക്കാരണത്താലായിരുന്നു പ്രസ്തുത വിഷയത്തിൽ ആക്സിഡന്റ്സ് ക്ലെയിം ട്രൈബ്യൂണലിന്റെ നിഗമനത്തോട് ഹൈക്കോടതി യോജിച്ചത്. ഡ്രൈവർക്ക് സാധുവായ ലൈസൻസ് ഇല്ലാത്തതിനാൽ ഇൻഷ്വറൻസ് കമ്പനിയെ നഷ്ടപരിഹാരം ന ൽകേണ്ട ബാധ്യതയിൽ നിന്ന് ഒഴിവാക്കിയ രാം ബാബു തിവാരി v. യുണൈറ്റഡ് ഇന്ത്യൻ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് [2008 (8) SCC 165] എന്ന കേസിലെ ഈ കോടതിയുടെ

വിധിന്യായത്തെയും ഹൈക്കോടതി ആശ്രയിച്ചു.

അപ്പീൽവാദിക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ. കസ്തൂഭ് ശുക്ലയെയും എതിർകക്ഷിയായ ഇൻഷ്വറൻസ് കമ്പനിക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ. ഗോപാൽ സിംഗിനെയും കേട്ടു.

"പണം നൽകിയിട്ട് ഈടാക്കുക" എന്ന തത്വം ഹൈക്കോടതി പ്രയോഗിക്കേണ്ടതായിരുന്നു എന്ന അപ്പീൽവാദിയുടെ വാദം മേൽസൂചിപ്പിച്ച ഷമണ കേസിലെയും പർമീന്ദർ സിംഗ് കേസിലെയും ഈ കോടതിയുടെ വിധിന്യായങ്ങളെ അടിസ്ഥാന മാക്കിയുള്ളതാണ്. മേൽസൂചിപ്പിച്ച ഷമണ കേസിൽ വാഹനാപകടത്തിൽ പെട്ട മൂന്നാം കക്ഷിയുടെ നഷ്ടപരിഹാരത്തിനുള്ള അവകാശവാദം ഈ കോടതി പരിഗണിച്ചിരുന്നു. മൂന്നാം കക്ഷിക്ക് നൽകേണ്ട നഷ്ടപരിഹാര തുക ഇൻഷ്വറർ (ഇൻഷ്വറൻസ് കമ്പനി) നൽകണമെന്നും തുടർന്ന് ഇൻഷ്വറൻസ് കമ്പനിക്ക് ഇൻഷ്വറൻസ് പോളിസി എടുത്തയാളിൽ നിന്ന് ആ തുക ഈടാക്കാമെന്നും നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് v. സ്വരൺ സിംഗ് [2009 (8) SCC 785] എന്ന കേസിലെ ഈ കോടതിയുടെ വിധിന്യായം പരാമർശിച്ചുകൊണ്ട് വീണ്ടും പറഞ്ഞു. "പണം നൽകിയിട്ട് ഈടാക്കുക" എന്ന സിദ്ധാന്തം പരിഗണിക്കപ്പെട്ട ഷമണ കേസിൽ, ഡ്രൈവർക്ക് സാധുവായ ലൈസൻസ് ഇല്ലായിരുന്നു, കൂടാതെ ഇൻഷ്വറൻസ് പോളിസി ലംഘിച്ചിരുന്നു. പർമീന്ദർ സിംഗ് കേസിൽ, ഇൻഷ്വറൻസ് പോളിസി വ്യവസ്ഥകൾ ലംഘിച്ച് വാഹനം ഓടിച്ചുവെന്ന് കണ്ടെത്തി ഇൻഷ്വറൻസ് കമ്പനിയെ ബാധ്യതയിൽ നിന്ന് ഒഴിവാക്കുകയും 'പണം നൽകിയിട്ട് ഈടാക്കുക' എന്ന തത്വം പ്രയോഗിക്കുകയും ചെയ്തിരുന്നു.

നിയമപരമായി നഷ്ടപരിഹാരം നൽകാൻ ഇൻഷ്വറൻസ് കമ്പനിക്ക് ബാധ്യതയില്ലെന്ന് കണ്ടെത്തിയതിന് ശേഷം "പണം നൽകിയിട്ട് ഈടാക്കുക" എന്ന തത്വം പ്രയോഗിക്കുന്നതിന്റെ യുക്തിയെ നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് v. പർവ്വത്നേനി [2009 (8) SCC 785] എന്ന കേസിൽ ഈ കോടതി സംശയിച്ചുവെന്ന് 3-ാം എതിർകക്ഷിയായ ഇൻഷ്വറൻസ് കമ്പനി ചൂണ്ടിക്കാട്ടി.

എന്നാൽ, ഈ വിഷയം കോടതി അഭിസം ബോധന ചെയ്തില്ല, കൂടാതെ ഉചിതമായ കേസിൽ തീരുമാനിക്കുന്നതിനായി ഈ നിയമപ്രശ്നം മാറ്റിവെച്ചുകൊണ്ട് 17.09.2013-ന് കേസ് തീർപ്പാക്കി.

ഹൈക്കോടതി ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ രാം ബാബു തിവാരി കേസിലെ വിധിന്യായത്തെ ആശ്രയിച്ചുകൊണ്ട്, മോട്ടോർ വെഹി ക്കിൾസ് ആക്റ്റിലെ പ്രത്യേക വ്യവസ്ഥകൾ അനുസരിച്ച്, ഡ്രൈവർക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഇല്ലെങ്കിൽ, അത് ഇൻഷ്വറൻസ് പോളിസിയുടെ വ്യവസ്ഥകളുടെ ലംഘനത്തിന് കാരണമാകുമെന്നും ഇൻഷ്വററെ (ഇൻ ഷ്വറൻസ് കമ്പനിയെ) ബാധ്യതയിൽ നിന്ന് ഒഴിവാക്കുമെന്നും കണ്ടെത്തി. എന്നാൽ രാം ബാബു തിവാരി കേസിൽ, പോളിസി വ്യവസ്ഥകൾ ലംഘിച്ചതിനാൽ ബാധ്യത ഒഴിവാക്കിക്കൊണ്ടുള്ള ഹൈക്കോടതിയുടെ ഉത്തരവ് ശരിവെച്ചിരുന്നുയെങ്കിലും, 'പ ണം നൽകിയിട്ട് ഈടാക്കുക' എന്ന ഹൈക്കോടതിയുടെ ഉത്തരവുകളിൽ ഇടപെടാൻ ഈ കോടതി വിസമ്മതി ച്ചിരുന്നു.

മേൽപറഞ്ഞ സാഹചര്യങ്ങളിൽ, ഈ കോടതിയുടെ നിരവധി വിധിന്യായങ്ങൾ കണക്കിലെടുക്കുമ്പോൾ, ഉത്തരവ് പാലിക്കാൻ ഇൻഷ്വറൻസ് കമ്പനിയോട് നിർദ്ദേശിക്കുന്നത് ഉചിതമാണ്. എന്നാൽ അങ്ങനെ നൽകിയ തുക പിന്നീട് വാഹനം ഇൻഷ്വർ ചെയ്ത ഉടമയിൽ നിന്ന് ഇൻഷ്വറൻസ് കമ്പനിയ്ക്ക് ഈടാക്കുവാൻ കഴിയും. അപ്പീൽ അനുവദിച്ചിരിക്കുന്നു.




# ഹൈക്കോടതി വിധി

## സംക്ഷിപ്തം

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ**

റിട്ട് പെറ്റീഷൻ (സിവിൽ) നം.34797/2024

**സി.ജെ. മാത്യൂസ് – ഹർജിക്കാരൻ**

**v.**

**എറണാകുളം ജില്ലാ കളക്ടറും മറ്റുള്ളവരും – എതിർകക്ഷികൾ**

(05.02.2026-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ഇതൊരു സങ്കടകരമായ അവസ്ഥയാണ്. ഒരു വാസഗൃഹത്തിലേക്ക് അപകടകരമായ നിലയിൽ ചാഞ്ഞുനിൽക്കുന്ന ഒരു വൃക്ഷം മുറിച്ച് നീക്കം ചെയ്യാൻ, ഒരു പൗരന് ഭരണഘടനാ കോടതിയെ സമീപിക്കേണ്ടതായി വന്നു. കോർപ്പറേഷൻ അധികാരികൾക്ക് ഇത് നാണക്കേടാണ്. എൺപത് വയസ്സുള്ളപ്പോൾ ഹർജിക്കാരൻ ഈ പോരാട്ടം ആരംഭിച്ചു. എക്സിബിറ്റ് പി 6 വ്യക്തമാക്കുന്നത് പോലെ 06.06.2017-ലായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ പരാതി. ഹർജിക്കാരൻ ഇപ്പോൾ ഒരു വന്ദ്യവയോധികനായിട്ടും അദ്ദേഹത്തിന്റെ പോരാട്ടം തുടർന്നുവരികയാണ്. ഈ രാജ്യത്തെ ഉദ്യോഗസ്ഥവൃന്ദം അവരുടെ ചുമതല നിർവഹിച്ചതിന് ശേഷം ഇങ്ങനെയുള്ള വയോധികരുടെ മുന്നിൽ യഥാർത്ഥത്തിൽ ശിരസ്സ് കുനിക്കണം. കടമകൾ നിർവഹിക്കാൻ വിസമ്മതിക്കുന്ന ഉദ്യോഗസ്ഥ വൃന്ദത്തിന് എതിരെ പ്രായം വകവയ്ക്കാതെ പോരാടുന്ന ഇതിഹാസപുരുഷനായ ടി.എസ്. തിരുമുമ്പ് പോലെയുള്ള ശക്തരായ പൗരന്മാർ ഇവിടെയുണ്ടെന്ന് അറിയാൻ അവർ ശ്രീ ടി.എസ്. തിരുമുമ്പ് എഴുതിയ കവിത 100 തവണ വായിക്കണം. പതിറ്റാണ്ടുകൾക്ക് മുമ്പ് ടി. എസ്. തിരുമുമ്പ് പറഞ്ഞതുപോലെ, ഈ രാജ്യത്തെ പൗരന്മാർ തല കുനിക്കാതെ ഉദ്യോഗസ്ഥവൃന്ദത്തോട് പോരാടട്ടെ. നിയമം എല്ലാവർക്കും വേണ്ടിയാണെന്നും നിയമം സൃഷ്ടിച്ച അവകാശം അവരുടെ മൗലികാവകാശമാണെന്നും ഉറക്കെ പറയട്ടെ. നിയമം ഉറപ്പുനൽകുന്ന അവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ ഒരു പൗരനും ഉദ്യോഗസ്ഥവൃന്ദത്തിന് മുന്നിൽ തല കുനിക്കേണ്ടതില്ല. ഉദ്യോഗസ്ഥ വൃന്ദം പരാജയപ്പെട്ടാൽ, ഭരണഘടനാ കോടതികൾ ഇടപെടും. വയോധികരായ വ്യക്തികളുടെ പരാതി പരിഹരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടത് ഈ കോടതിയുടെ കടമയാണ്. പ്രായം ചെന്ന ആളുകൾക്ക് അവരുടെ ജീവനും കുടുംബത്തിനും അപകടമുണ്ടെന്ന് മനസ്സിലാകുമ്പോൾ അവർ അത്യധികം ഉത്കണ്ഠാകുലരാകും. ഈ കേസിൽ ഹർജിക്കാരൻ പറയുന്നത് അയാളുടെ വീടിന് സമീപമുള്ള വസ്തുവിൽ അപകടകരമായ നിലയിൽ നിൽക്കുന്ന വൃക്ഷങ്ങൾ കാരണവും പാമ്പുകൾ വസിക്കുവാൻ സാധ്യത കൂടുതലുള്ള അതിലെ കുറ്റിക്കാടുകൾ മൂലവും അയാൾ ഭയപ്പെടുന്നു എന്നാണ്. അയാളുടെ പരാതി പരിഹരിക്കാൻ അദ്ദേഹം ബന്ധപ്പെട്ട അധികാരിയെ

സമീപിച്ചു. ഒരു നടപടിയും ഇല്ല. സി. ജെ. മാത്യു പോലുള്ള ഒരു വയോധികന് ഇത് കൂടുതൽ മാനസിക സമ്മർദ്ദം ഉണ്ടാക്കും. ഇതുപോലുള്ള പാരിസ്ഥിതിക ഭീഷണികൾ പ്രായമായവരിൽ ഉത്കണ്ഠ, സാമൂഹിക ഒറ്റപ്പെടൽ, ഉയർന്ന മാനസിക രോഗാവസ്ഥ എന്നിവയ്ക്ക് കാരണമാകും. ഹർജിക്കാരനെപ്പോലുള്ള വ്യക്തികൾ ഇത്തരം പരാതികൾ ഉന്നയിക്കുമ്പോൾ, ഔദ്യോഗിക സ്ഥാനം വഹിക്കുന്ന എതിർകകക്ഷികൾ ഇത്തരത്തിൽ വൈകിപ്പിക്കാൻ പാടില്ലായിരുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഒരു എൺപത്കാരന്റെ പോരാട്ടം തുടരുകയാണ്. അത് അയാൾ നവതിയിൽ എത്തിയപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഹർജിക്കാരനോ അയാളുടെ കുടുംബത്തിന്റെ ജീവനോ ഏതെങ്കിലും അപകടം ഉണ്ടാകുമെന്ന് ഭയം കൂടാതെ ഒരു ശതായുഷ്മാനായി ഹർജിക്കാരൻ അയാളുടെ വീട്ടിൽ താമസിക്കട്ടെ. അതിനാൽ, എക്സിബിറ്റ് പി 5-ൽ പരാമർശിച്ചിരിക്കുന്ന എല്ലാ അപകടക രമായ വൃക്ഷങ്ങളും ചുരുങ്ങിയ സമയത്തിനുള്ളിൽ മുറിച്ചുമാറ്റാൻ ഔദ്യോഗിക പദവിവഹിക്കുന്ന എതിർകക്ഷികൾക്ക് നിർദ്ദേശം നൽകാം. ഒരു സിവിൽ കേസ് നിലനിൽക്കുന്നതിനാൽ വസ്തുവിൽ പ്രവേശിക്കാൻ കഴിയില്ലെന്ന് അഞ്ചാമത്തെ എതിർകക്ഷി സമർപ്പിച്ചു. വസ്തുതകളിൽ നിന്നും വാദമുഖങ്ങളിൽ നിന്നും, വൃക്ഷങ്ങൾ അപകടകരമായ സാഹചര്യത്തിലാണ് നില്ക്കുന്നതെന്ന് വ്യക്തമാണ്. അതിനാൽ, 1994-ലെ ആക്റ്റിന്റെ 412 (2)-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ കോർപ്പറേഷന് പ്രയോഗിക്കാൻ കഴിയും.

താഴെപറഞ്ഞിട്ടുള്ള നിവൃത്തികൾക്കായാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത് :-

“ (i) രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച എക്സിബിറ്റ് P6 ഉത്തരവ് നടപ്പിലാക്കുവാൻ മൂന്നാം എതിർകകക്ഷിയോട് നിർദ്ദേശിക്കുന്ന ഒരു മാൻഡമസ് റിട്ട് അല്ലെങ്കിൽ ഉചിതമായ മറ്റ് ഏതെങ്കിലും റിട്ട് പുറപ്പെടുവിക്കുക.

(ii) കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 412, 427, 428 വകുപ്പുകൾ അനുസരിച്ച് ഫലപ്ര ദമായ നടപടികൾ സ്വീകരിക്കുവാൻ മൂന്നാം എതിർകക്ഷിക്ക് നിർദ്ദേശമോ ഉത്തരവോ നൽകുക.”

ശ്രീ. സി. ജെ. മാത്യൂസ് 92 വയസ്സുള്ള ആളാണ്. കഴിഞ്ഞ 9 വർഷമായി ഈ വയോധികൻ ഒരു യഥാർത്ഥ വിഷയത്തിനുവേണ്ടി പോരാടുകയാണ്. അയാളുടെ വസ്തുവിനും വാസഗൃഹത്തിനും അയൽപക്കത്തെ പുരയിടത്തിൽ നിൽക്കുന്ന വൃക്ഷങ്ങൾ മൂലം ഏത് നിമിഷവും അപക ടമുണ്ടാകുമെന്ന് അയാൾ ആശങ്കപ്പെടുന്നു. ആ മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിനായി വയോധികനായ ശ്രീ. സി. ജെ. മാത്യൂസ് ഉദ്യോഗസ്ഥവൃന്ദത്തിന്റെ വിവിധതലങ്ങളിൽ പോരാടുകയാണ്. അതിൽ അയാൾ പരാജയപ്പെട്ട് പോയിട്ടും അയാൾ പോരാട്ടം തുടരുകയും അവസാനം അയാൾ ഈ കോടതിയുടെ വാതിലുകളിൽ മുട്ടുകയായിരുന്നു. ശ്രീമാൻ സി. ജെ. മാത്യൂവിന്റെ ഈ പോരാട്ടവീര്യം കണ്ടപ്പോൾ ശ്രീ ടി. എസ്. തിരുമുമ്പ് എന്ന സ്വാതന്ത്ര്യ സമരസേനാനി എഴുതിയ പ്രശസ്തമായ “എന്റെ യുവത്വം” എന്ന കവിത ഞാൻ ഓർത്തുപോയി. ആ കവിതയിലെ നാല് വരികൾ അടർത്തി ഇവിടെ ഉദ്ധരിക്കുന്നത് നല്ലതാണ്.

“ *തല നരയ്ക്കുവതല്ലെന്റെ വൃദ്ധത്വം:*

*തല നരയ്ക്കാത്തതല്ലെൻ യുവത്വവും:*

*പിറവിതൊട്ടു നാളെത്രയെന്നെണ്ണുമ-*

*പ്പതിവുകൊണ്ടല്ലളപ്പതെൻ യൗവ്വനം*

*കൊടിയ ദുഷ്പ്രഭുത്വത്തിൻ തിരുമുമ്പിൽ*

*തലകുനിക്കാത്ത ശീലമെൻ യൗവനം;* ”

ഇതിഹാസപുരുഷനായ ശ്രീ. ടി.

എസ്. തിരുമുമ്പിന്റെ തീക്ഷണമായ ഈ വാക്കുകൾ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുവാൻ ഞാൻ മുതിരുന്നില്ല. കാരണം എനിക്ക് അത് അതേ അർത്ഥത്തിൽ പറയാൻ കഴിയണമെന്നില്ല. എന്നാൽ ഈ വിധിന്യായത്തിന്റെ ഉദ്ദേശത്തിലേക്കായി അതിൽ അടങ്ങിയിട്ടുള്ള സന്ദേശത്തിന്റെ ചുരുക്കം ഞാൻ പറയാം. തല നരക്കുന്നത് എന്റെ വാർദ്ധക്യമല്ലെന്നും അതുപോലെത്തന്നെ തല നരക്കാതിരിക്കുന്നത് എന്റെ യൗവന മല്ലെന്നും കവി പറയുന്നു. ജനനം മുതൽ ജീവിതാവസാനം വരെയുള്ള ദിനങ്ങൾ എണ്ണുന്നത് എന്റെ യൗവനത്തിന്റെ അളവ് കോലല്ലെന്നും കവി വീണ്ടും പറയുന്നു. ആ കാലഘട്ടത്തിൽ ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ നിഷ്ഠുരവാഴ്ചക്ക് മുമ്പിൽ ഒരിക്കലും തലകുനിക്കാതെ നിന്നിരുന്ന ധൈര്യം തന്റെ യുവത്വമാ യിരുന്നു എന്ന് കവി ഉറപ്പിച്ചു പറയുന്നു. "പ്രായമായവരെയും ചെറുപ്പക്കാരെയും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ സന്ദേശം. "പ്രായം ഒന്നിനും ഒരു തടസ്സമല്ല"; അത് നിങ്ങളുടെ മനസ്സിൽ നിങ്ങൾ സ്ഥാപിച്ചിട്ടുള്ള ഒരു പരിമിതിയും നിങ്ങളെ പിന്നോട്ട് വലിക്കുന്ന ഉത്സാഹമില്ലായ്മയുമാണ്".

ആദ്യമായി ഞാൻ സി. ജെ. മാത്യൂ എന്ന പോരാളിയുടെ രസകരമായ കഥ ചുരുക്കത്തിൽ പറയാം. ഏകദേശം മൂന്നു പതിറ്റാണ്ടോളം രാജ്യസേവനത്തിനുശേഷം ഭാരതസർക്കാരിന്റെ പ്രതിരോധ മന്ത്രാല യത്തിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥനാണ് ശ്രീ. സി. ജെ. മാത്യൂസ്. കൊച്ചി താലൂക്കിലെ രാമേശ്വരം വില്ലേജിലെ സർവ്വേ നം.660/1-4-ൽപ്പെട്ട 4.2 സെന്റ് സ്ഥലത്തിന്റെ പൂർണ്ണ ഉടമയും കൈവശക്കാരനുമാണദ്ദേഹം. പ്രസ്തുത വസ്തുവിൽ സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിലാണ് അയാൾ താമസിക്കുന്നത്. രാമേശ്വരം വില്ലേജ് ഓഫീസിൽ നിന്നും ഹർജിക്കാരന്റെ പേർക്ക് നൽകിയ നികുതി രസീതാണ് എക്സിബിറ്റ് P1. ഹർജിക്കാരന്റെ വസ്തുവിന്റെ തെക്ക് വശത്തായി 7 സെന്റ് വിസ്തീർണ്ണത്തിലുള്ള ഒഴിഞ്ഞ് കിടക്കുന്ന ഒരു പ്ലോട്ട് ഉണ്ട്. മുമ്പ് അതിന്റെ ഉടമസ്ഥത അഞ്ചാം എതിർകക്ഷിയുടെ പിതാവായ പരേതനായ ഹരിഹരമേനോൻ ആയിരുന്നു. അയാളുടെ മരണശേഷം ആ വസ്തു അഞ്ചാം എതിർകക്ഷിയുടെ കൈവശത്തിലും അനുഭവത്തിലുമാണ്. ഹർജിക്കാരന്റെയും അഞ്ചാം എതിർ കക്ഷിയുടെയും വസ്തുവകകൾ കാണി ക്കാനായി വസ്തുക്കളുടെ സ്കെച്ച്, എക്സിബിറ്റ് P2 ആയി ഹാജരാക്കി. അഞ്ചാം എതിർകക്ഷിയുടെ പിതാവിന്റെ മരണശേഷം അഞ്ചാം എതിർകക്ഷിയും വസ്തുവിന്റെ മറ്റ് കൂട്ട് ഉടമകളും വസ്തുവകകൾ പരിപാലിക്കുന്നതിനുവേണ്ട താല്പര്യം കാണിക്കാത്തതുമൂലം ആ വസ്തു മുഴുവനും മരങ്ങളും കുറ്റിച്ചെടികളും പാഴ്ചെടികളും പിടിച്ച് മൂടിക്കിടക്കുന്നു എന്നതാണ് ഹർജിക്കാരന്റെ കേസ്. ഈ സ്ഥലം ഇപ്പോൾ അപകടകാരികളായ പാമ്പുകൾകൾക്കും മറ്റ് ഉരഗങ്ങൾക്കും സൗകര്യപ്രദമായ വാസസ്ഥലമാണെന്നും സി. ജെ. മാത്യൂസ് പറയുന്നു. ഹർജിക്കാരന്റെ വസ്തുവും അഞ്ചാം എതിർകക്ഷിയുടെ വസ്തുവും വേർതിരിക്കുന്ന അതിർത്തിക്കടുത്തായി ഉയ രമുള്ളതും താരതമ്യേന വലിപ്പമുള്ളതുമായ രണ്ട് വൃക്ഷങ്ങൾ നിൽക്കുന്നുണ്ട്. വസ്തുവിന്റെ നിലവിലെ അവസ്ഥ കാണിക്കുന്നതിനുവേണ്ടി ഹർജിക്കാരൻ എക്സിബിറ്റ് P3, P4 ഫോട്ടോഗ്രാഫുകൾ ഹാജരാക്കി. എക്സിബിറ്റ് P4 ഫോട്ടോ ഗ്രാഫിൽ നിന്നും ഹർജിക്കാരന്റെ വാസഗൃഹത്തിന്റെയും അഞ്ചാം എതി ർകക്ഷിയുടെ ഉടമസ്ഥതയിലുള്ള വസ്തുവിന്റെയും കിടപ്പും സ്വഭാവവും ദൃശ്യമാണ്. അഞ്ചാം എതിർകക്ഷിയുടെ വസ്തുവിൽ നിൽക്കുന്ന മരത്തിന്റെ ശിഖരങ്ങളും വേരുകളും ഹർജിക്കാരന് സമാധാനപരമായി താമസിക്കുന്നതിന് ഗുരുതരമായ ഭീഷണി ഉയർത്തുന്നു എന്നതാണ് കേസ്. ഉയരത്തിലുള്ളതും വലിപ്പം കൂടിയതുമായ ശിഖരങ്ങൾ വലിയ അസൗകര്യം ഉണ്ടാക്കുന്നതായും അത് എല്ലായിപ്പോഴും, പ്രത്യേകിച്ച് മഴക്കാലത്തും ശക്തമായ കാറ്റുള്ള സമയങ്ങളിലും ജീവനും സ്വത്തിനും ഭീഷണിയാവുന്നതായും ഹർജിക്കാരൻ സമർപ്പിച്ചു. കൂടാതെ ഈ വൃക്ഷങ്ങളുടെ വേരുകൾ ഹർജിക്കാരൻ താമസിക്കുന്ന

കെട്ടിടത്തിന്റെ അടിസ്ഥാനവും അടിത്തറയും വാട്ടർ ടാങ്കും തുരന്ന് കയറിയതായി ഹർജിക്കാരൻ പറഞ്ഞു. ഇതിന്റെ ഫലമായി കെട്ടിടത്തിന്റെ ഭിത്തികൾക്ക് വിള്ളലും ബലക്ഷയവും സംഭവിച്ചതായും അത് മൂലം കുടിവെള്ളത്തിനുള്ളതും മലിനജലം പോകുന്നതിനുള്ളതുമായ പൈപ്പുകളിലും തടസ്സം ഉണ്ടാകുന്നു. ഹർജിക്കാരൻ ഉന്നയിച്ച മറ്റൊരു ആശങ്ക വൃക്ഷങ്ങളിൽനിന്നും ഉണങ്ങിയ ഇലകൾ നേരിട്ട് ഹർജിക്കാരന്റെ വസ്തുവിലും കെട്ടിടത്തിന്റെ സൺഷേഡിലും വീഴുന്നുവെന്നതാണ്. ടി വസ്തുവിൽ സ്ഥിതിചെയ്യുന്ന വൃക്ഷങ്ങൾ വവ്വാലുകളുടെ ആവാസകേന്ദ്രമാണെന്നും അത് ഹർജിക്കാരൻ ഉൾപ്പെടെയുള്ള പരിസരവാസികളുടെ ആരോഗ്യത്തിനും സൗഖ്യത്തിനും അപകടകരമാണെന്നും ഹർജിയിൽ പറയുന്നു.

ഈ ബുദ്ധിമുട്ടുകളെല്ലാം 06.06.2017-ലെ നിവേദനത്തിലൂടെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്, ഇത് എക്സിബിറ്റ് പി 5-ൽ നിന്നും വ്യക്തമാണ്. 19.07.2017-ലെ എക്സിബിറ്റ് പി 6 വ്യക്തമാക്കുന്നത് പോലെ രണ്ടാം എതിർകക്ഷി, വില്ലേജ് ഓഫീസർ മുഖേന അന്വേഷണം നടത്തുകയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 412-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാൻ മൂന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുകയും ചെയ്തു. രണ്ടാം എതിർകക്ഷി നൽകിയ എക്സിബിറ്റ് പി 6 കത്തിനെ തുടർന്ന്, കൊച്ചി കോർപ്പറേഷനിലെ തോപ്പുംപടിയിലെ സർക്കിൾ-08-ലെ ഹെൽത്ത് ഇൻസ്പെക്ടർ, രാമേശ്വരം വില്ലേജ് ഓഫീസർ മുഖേന ഹർജിക്കാരന്റെ വസ്തുവിനോട് ചേർന്നുള്ള ഏഴ് സെന്റ് വസ്തുവിന്റെ ഉടമസ്ഥാവകാശം മനസ്സിലാകുന്നതിനായി ഒരു അന്വേഷണം നടത്തി. 25.05.2021-ലെ ഈ കത്താണ് എക്സിബിറ്റ് പി 7. ഇതിനിടയിൽ നിയമസഹായം തേടി ഹർജിക്കാരൻ ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയെ സമീപിച്ചു. ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ ആവശ്യപ്രകാരം, രാമേശ്വരം വില്ലേജ് ഓഫീസർ വിശദമായ അന്വേഷണം നടത്തിയ ശേഷം, അയൽപക്കത്തുള്ള വസ്തുവിലെ മരങ്ങൾ മൂലം ഹർജിക്കാരന് ഉണ്ടായിട്ടുള്ള ശല്യം സ്ഥിരീകരിക്കുകയും, ഹർജിക്കാരന്റെ വസ്തുവിനോട് ചേർന്നുള്ള ഏഴ് സെന്റ് ഭൂമി അഞ്ചാം എതിർകക്ഷി കൈവശം വച്ച് അനുഭവിക്കുന്നതാണെന്ന് തിരിച്ചറിയുകയും ചെയ്തു. രാമേശ്വരം വില്ലേജ് ഓഫീസർ എറണാകുളം ജില്ലാ ലീഗൽ സർവീസ് അതോറിറ്റിക്ക് സമർപ്പിച്ച കത്താണ് എക്സിബിറ്റ് പി 8. അതിനുശേഷം, വില്ലേജ് ഓഫീസറോ കോർപ്പറേഷൻ ഹെൽത്ത് ഇൻസ്പെക്ടറോ ഈ വിഷയത്തിൽ ഫലപ്രദമായ ഒരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല എന്നതാണ് പരാതി. ഹർജിക്കാരന്റെ വസ്തുവിന് സമീപം അപകടകരമായ നിലയിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റാൻ എക്സിബിറ്റ് പി 6 ലൂടെ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിച്ച നിർദ്ദേശം നടപ്പിലാക്കുന്നതിൽ നിയമപ്രകാരമുള്ള അധികാരികൾ നിഷ്ക്രിയത്വം കാണിച്ചതിൽ ഹർജിക്കാരൻ ആവലാതിപ്പെട്ടു. അതിനാൽ, ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസറുടെ എക്സിബിറ്റ് പി 6 കത്തിലെ ഉത്തരവ് നടപ്പിലാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഹർജിക്കാരൻ വീണ്ടും എറണാകുളം ജില്ലാ കളക്ടറെ സമീപിക്കുകയും ജില്ലാ കളക്ടർ 16.12.2021 ലെ എക്സിബിറ്റ് പി 9 കത്തിലൂടെ അപേക്ഷകന്റെ ആവലാതികൾ കാലതാമസം കൂടാതെ പരിഹരിക്കുന്നതിന് അടിയന്തരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കാൻ മൂന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചതിനെ തുടർന്ന് മൂന്നാം എതിർകക്ഷിയായ കോർപ്പറേഷന്റെ കുറച്ച് തൊഴിലാളികൾ സ്ഥലത്തെത്തി അഞ്ചാം പ്രതിയുടെ വസ്തുവിലെ കുറ്റിക്കാടുകളും ചെടികളും വെട്ടിമാറ്റിയിരുന്നു എങ്കിലും മുകളിൽ വിവരിച്ചിട്ടുള്ള അതിർത്തിയോട് ചേർന്ന് അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചു നീക്കം ചെയ്യാനായി ഒന്നും ചെയ്തില്ല, ഇതാണ് ശ്രീ സി.ജെ. മാത്യുവിന്റെ പരാതിയുടെ രത്നചുരുക്കം.

അതുകൊണ്ടാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

റിട്ട് ഹർജിയിൽ ഉന്നയിച്ച വാദങ്ങൾ ഹർജിക്കാരന്റെ അഭിഭാഷകൻ ആവർത്തിച്ചു. ഔദ്യോഗിക പദവി വഹിക്കുന്ന എതിർകക്ഷികൾ എതിർവാദം ഫയൽ ചെയ്തില്ല. അഞ്ചാം എതിർകക്ഷി ഒരു എതിർ സത്യവാങ്മൂലം സമർപ്പിച്ചു. ഹർജിക്കാരന്റെ വസ്തുവിന്റെ തെക്ക് ഭാഗത്തുള്ള വസ്തു അവരുടെ പിതാവ് ഹരിഹര മേനോന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് അവർ പ്രസ്താവിച്ചു. ശ്രീ. രാജേന്ദ്രനും മറ്റൊരാളും സമർപ്പിച്ച ഒരു സിവിൽ കേസുമായി ബന്ധപ്പെട്ട്, മുകളിൽ പറഞ്ഞിട്ടുള്ള വസ്തുക്കൾ ജപ്തി ചെയ്തിട്ടുണ്ടായിരുന്നെന്നും എതിർകക്ഷിയുടെ മാതാപിതാക്കളോടൊപ്പം അവരുടെ രണ്ട് സഹോദരിമാരും 20 വർഷത്തിന് മുമ്പ് തന്നെ വീട് വിട്ടുപോയതായും അവർ പ്രസ്താവിച്ചു. അവർ വീട് മാറിപോയതിനുശേഷം എതിർകക്ഷിയുടെ മാതാപിതാക്കൾ മരിച്ചു പോയിട്ടുള്ളതാണെന്നും അവർക്ക് രണ്ട് സഹോദരിമാരുണ്ടെന്നും, ഈ കേസിൽ അവരെ കക്ഷികളാക്കിയിട്ടില്ലെന്നും അവർ പ്രസ്താവിച്ചു. അഞ്ചാം എതിർകക്ഷിയുടെയും അവരുടെ സഹോദരിമാരുടെയും അറിവില്ലാതെ ഹർജിക്കാരന്റെ വസ്തുവിന്റെ പടിഞ്ഞാറൻ അതിർത്തിയായി പരാമർശിച്ചിരിക്കുന്ന വസ്തുവിൽ നിന്നിരുന്ന മരങ്ങൾ അയാൾ മുറിച്ച് നീക്കം ചെയ്തുവെന്ന് അഞ്ചാം എതിർകക്ഷി വാദിച്ചു. 631/2005-ാം നമ്പർ ആർ.എഫ്.എ. ഇപ്പോഴും ഈ കോടതിയുടെ പരിഗണനയിലുള്ളതിനാൽ, അവർക്കും അവരുടെ സഹോദരിമാർക്കും വസ്തുവിൽ പ്രവേശിക്കാനോ അതിൽ ഒന്നും ചെയ്യാനോ കഴിയില്ലെന്നുമാണ് സത്യവാങ്മൂലത്തിൽ പറഞ്ഞിട്ടുള്ളത്. ഒരു സിവിൽ തർക്കത്തിൽ സ്വത്തിന്റെ യഥാർത്ഥ ഉടമ സിവിൽ കോടതി മുഖേന വസ്തു ജപ്തി ചെയ്യിപ്പിച്ചിട്ടുള്ളതിനാൽ, കോടതി പ്രത്യേകമായി അനുവദിക്കാത്തിടത്തോളം വസ്തുവിൽ പ്രവേശിക്കാനോ കാര്യങ്ങൾ ചെയ്യാനോ കഴിയില്ലെന്നും അഞ്ചാം എതിർകകഷി വാദിച്ചു. അതിനാൽ, നിലവിലുള്ള സിവിൽ കേസിലെ കക്ഷികൾക്ക് ഹാനികരമായ ഒരു പ്രവൃത്തിയും ചെയ്യാൻ അഞ്ചാം എതിർ കക്ഷിക്ക് കഴിയില്ലെന്ന് പറഞ്ഞു.

ഹർജിക്കാരന്റെയും അഞ്ചാം എതിർകക്ഷിയുടെയും വാദങ്ങൾ ഈ കോടതി പരിഗണിച്ചു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ,വന്ദ്യവയോധികനായ ഒരാൾ കഴിഞ്ഞ ഒമ്പത് വർഷമായി യഥാർത്ഥമായ ഒരു പരാതിക്കു പരിഹാരം തേടി നടക്കുകയാണ്. എക്സിബിറ്റ് പി 6 ഈ കോടതി പരിശോധിച്ചു. അപേക്ഷകനിൽ നിന്ന് ലഭിച്ച പരാതിയും അന്വേഷണ റിപ്പോർട്ടും മൂന്നാം എതിർകക്ഷിക്ക് അയച്ചതായി എക്സിബിറ്റ് പി 6 ൽ പറഞ്ഞിട്ടുണ്ട്. 1994 ലെ ആക്ടിലെ 412-ാം വകുപ്പ് പ്രകാരം നടപടിയെടുക്കാൻ റവന്യൂ ഡിവിഷണൽ ഓഫീസർ കോർപ്പറേഷൻ അധികാരികൾക്ക് നിർദ്ദേശം നൽകി. 1994 ലെ ആക്ടിലെ സെക്ഷൻ 412-ാം വകുപ്പ് പരിശോധിച്ചാൽ, അടിയന്തര നടപടി ആവശ്യമായ ഘട്ടങ്ങളിൽ വൃക്ഷങ്ങളോ അവയുടെ ശാഖകളോ അപകടകരമായ നിലയിൽ സ്ഥിതിചെയ്യുന്നുണ്ടെങ്കിൽ സെക്രട്ടറിക്ക് ആ വൃക്ഷമോ ശാഖകളോ മുറിച്ച് നീക്കം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാണ്. 1994 ലെ ആക്ടിലെ 412(2)-ാം വകുപ്പ് ലെ ഘടകങ്ങൾ ആകർഷിക്കപ്പെടുന്നിടത്ത്, നടപടിയെടുക്കുന്നതിന് നോട്ടീസ് പോലും ആവശ്യമില്ല. 412 (1)--ാം വകുപ്പ് പ്രകാരം ഏതെങ്കിലും വൃക്ഷമോ വൃക്ഷത്തിന്റെ ഏതെങ്കിലും ശാഖയോ ഏതെങ്കിലും വൃക്ഷത്തിലെ ഫലങ്ങളോ വീഴാനും അതുവഴി ഏതെങ്കിലും വ്യക്തിക്കോ ഏതെങ്കിലും നിർമ്മിതിയ്ക്കോ അപകടമുണ്ടാകാൻ സാധ്യതയുണ്ടെന്ന് സെക്രട്ടറി കരുതുന്നപക്ഷം. സെക്രട്ടറിക്ക് നോട്ടീസ് മുഖേന ആ വൃക്ഷത്തിന്റെ ഉടമയോട് ആ വൃക്ഷമോ അതിന്റ ശാഖയോ സുരക്ഷിതമാക്കാനോ വെട്ടിമാറ്റാനോ ആവശ്യപ്പെടാവുന്നതാണ്. എന്നാൽ 412 -ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം അടിയന്തര നടപടി ആവശ്യമായി വരുന്നിടത്ത്, അത്തരം അറിയിപ്പ് നൽകുന്നതിനുമുമ്പ്

അല്ലെങ്കിൽ അത്തരം അറിയിപ്പിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ്, സെക്രട്ടറി ആ വൃക്ഷമോ ഏതെങ്കിലും ശിഖരമോ സുരക്ഷിതമാക്കാനായി അത് വെട്ടിമാറ്റുകയോ മുറിച്ചുകളയുകയോ അല്ലെങ്കിൽ അതിലെ ഫലങ്ങൾ നീക്കം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും തെരുവിന്റെ ഒരു ഭാഗത്ത് വേലി കെട്ടുകയോ, അല്ലെങ്കിൽ അപകടം തടയുന്നതിന് സെക്രട്ടറിക്ക് യുക്തമെന്ന് തോന്നുന്ന മറ്റ് താൽക്കാലിക നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ, അതിന്റെ ചെലവ് വൃക്ഷത്തിന്റെ ഉടമയിൽ നിന്ന് 538-ാം വകുപ്പിൽ നിഷ്ക്കർഷിച്ചിരിക്കുന്ന രീതിയിൽ ഈടാക്കേണ്ടതാണ്. അതിനാൽ അടിയന്തര നടപടി ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ, വസ്തുവിന്റെ ഉടമയ്ക്ക് അറിയിപ്പ് നൽകാതെ പോലും വൃക്ഷങ്ങൾ മുറിച്ച് നീക്കം ചെയ്യേണ്ടത് കോർപ്പറേഷൻ സെക്രട്ടറിയുടെ കടമയാണ്.

ഹർജിക്കാരൻ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകിയതും എക്സിബിറ്റ് പി 6 പുറപ്പെടുവിക്കാൻ ഇടയാക്കിയതുമായ എക്സിബിറ്റ് പി 5 നിവേദനം കോടതി പരിശോധിച്ചു. ഹർജിക്കാരന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന തരത്തിലുള്ള വൃക്ഷങ്ങൾ ഏതൊക്കെയാണെന്ന് അയാൾ പ്രത്യേകം തിരിച്ചറിഞ്ഞിട്ടുണ്ട്. 19.07.2017-ാം തീയതിയിലെ എക്സിബിറ്റ് പി 6 പ്രകാരം, റവന്യൂ ഡിവിഷണൽ ഓഫീസർ 1994 ലെ ആക്ടിലെ 412-ാം വകുപ്പ് അനുസരിച്ച് നടപടിയെടുക്കാൻ മൂന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചു. വസ്തുവിന്റെ ഉടമയുടെ വ്യക്തിവിവരം ഉറപ്പിക്കാനായി കോർപ്പറേഷൻ ഹെൽത്ത് ഇൻസ്പെക്ടർ രാമേശ്വരം വില്ലേജിലെ വില്ലേജ് ഓഫീസർക്ക് ഒരു കത്ത് നൽകിയതല്ലാതെ കോർപ്പറേഷൻ അധികാരികൾ ഒരു നടപടിയും സ്വീകരിച്ചില്ല. ഒരു വൃക്ഷം അപകടകരമായ സാഹചര്യത്തിൽ നിൽക്കുമ്പോൾ വസ്തുവിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കാൻ കോർപ്പറേഷൻ അധികാരികൾ യഥാർത്ഥ ഉടമയുടെ പുറകേ പോകേണ്ടതില്ല. അത്തരമൊരു സാഹചര്യത്തിൽ, ഉടനടി നടപടി സ്വീകരിക്കേണ്ടതായിരുന്നു. മാത്രമല്ല, രാമേശ്വരം വില്ലേജ് ഓഫീസർ എറണാകുളത്തെ ലീഗൽ സർവീസ് അതോറിറ്റിക്ക് നൽകിയ എക്സിബിറ്റ് പി 8 നടപടി ഉത്തരവ് ഈ കോടതി പരിശോധിച്ചു. അതിൽ വൃക്ഷങ്ങൾ ഹർജിക്കാരന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നിട്ടും നടപടിയൊന്നും സ്വീകരിച്ചില്ല. അതിനുശേഷം ഹർജിക്കാരൻ എറണാകുളം ജില്ലാ കളക്ടറെ സമീപിക്കുകയും ജില്ലാ കളക്ടർ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തൽഫലമായി, മൂന്നാം എതിർകക്ഷിയുടെ കുറച്ച് തൊഴിലാളികൾ അഞ്ചാം എതിർകക്ഷിയുടെ വസ്തുവിൽ ചെല്ലുകയും അവിടെയുള്ള കുറ്റിക്കാടുകളും ചെടികളും വെട്ടിമാറ്റുകയും ചെയ്തു. എന്നാൽ അതിർത്തിക്കടുത്തായി അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റാൻ ഒന്നും ചെയ്തില്ല, അതാണ് ഹർജിക്കാരന്റെ പരാതി. അത്തരമൊരു പരാതിയുമായി ഹർജിക്കാരൻ വീണ്ടും എറണാകുളം ജില്ലാ കളക്ടറെ സമീപിക്കുകയും അതിനെത്തുടർന്ന് ജില്ലാ കളക്ടർ 16.12.2021 ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറിക്ക് എക്സിബിറ്റ് പി 9 കത്ത് നൽകി. എക്സിബിറ്റ് പി 9 -ൽ ഹർജിക്കാരന്റെ ബുദ്ധിമുട്ടുകൾ ഭാഗികമായി മാത്രമേ പരിഹരിക്കപ്പെട്ടിട്ടുള്ളൂ എന്ന് ചൂണ്ടിക്കാട്ടിയാണ് ഹർജിക്കാരൻ ജില്ലാ കളക്ടറെ സമീപിച്ചത് എന്ന് പറഞ്ഞിട്ടുണ്ട്. അതിൻപ്രകാരം, ഹർജിക്കാരന്റെ പരാതി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കോർപ്പറേഷൻ അധികാരികൾക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും ഒരു നടപടിയും ഉണ്ടായിട്ടില്ലെന്നാണ് സമർപ്പിച്ചിട്ടുള്ളത്.

ഇതൊരു സങ്കടകരമായ അവസ്ഥയാണ്. ഒരു വാസഗൃഹത്തിലേക്ക് അപകടകരമായ നിലയിൽ ചാഞ്ഞുനിൽക്കുന്ന ഒരു വൃക്ഷം മുറിച്ച് നീക്കം ചെയ്യാൻ, ഒരു പൗരന് ഭരണഘടനാ കോടതിയെ സമീപിക്കേണ്ടതായി വന്നു. കോർപ്പറേഷൻ അധികാരികൾക്ക് ഇത് നാണക്കേടാണ്. എൺപത് വയസ്സുള്ളപ്പോൾ ഹർജിക്കാരൻ ഈ പോരാട്ടം ആരംഭിച്ചു. എക്സിബിറ്റ് പി 6 വ്യക്തമാക്കുന്നത് പോലെ 06.06.2017-ലായിരുന്നു അദ്ദേഹത്തിന്റെ

ആദ്യത്തെപരാതി.ഹർജിക്കാരൻഇപ്പോൾഒരു വന്ദ്യവയോധികനായിട്ടും അദ്ദേഹത്തിന്റെ പോരാട്ടം തുടർന്നുവരികയാണ്. ഈ രാജ്യത്തെ ഉദ്യോഗസ്ഥവൃന്ദം അവരുടെ ചുമതല നിർവഹിച്ചതിന് ശേഷം ഇങ്ങനെയുള്ള വയോധികരുടെ മുന്നിൽ യഥാർത്ഥത്തിൽ ശിരസ്സ് കുനിക്കണം. കടമകൾ നിർവഹിക്കാൻ വിസമ്മതിക്കുന്ന ഉദ്യോഗസ്ഥ വൃന്ദത്തിന് എതിരെ പ്രായം വകവയ്ക്കാതെ പോരാടുന്ന ഇതിഹാസപുരുഷനായ ടി.എസ്. തിരുമുമ്പ് പോലെയുള്ള ശക്തരായ പൗരന്മാർ ഇവിടെയുണ്ടെന്ന് അറിയാൻ അവർ ശ്രീ ടി.എസ്. തിരുമുമ്പ് എഴുതിയ കവിത 100 തവണ വായിക്കണം. പതിറ്റാണ്ടുകൾക്ക് മുമ്പ് ടി.എസ്. തിരുമുമ്പ് പറഞ്ഞതുപോലെ, ഈ രാജ്യത്തെ പൗരന്മാർ തല കുനിക്കാതെ ഉദ്യോഗസ്ഥവൃന്ദത്തോട് പോരാടട്ടെ. നിയമം എല്ലാവർക്കും വേണ്ടിയാണെന്നും നിയമം സൃഷ്ടിച്ച അവകാശം അവരുടെ മൗലികാവകാശമാണെന്നും ഉറക്കെ പറയട്ടെ. നിയമം ഉറപ്പുനൽകുന്ന അവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ ഒരു പൗരനും ഉദ്യോഗസ്ഥ വൃന്ദത്തിന് മുന്നിൽ തല കുനിക്കേണ്ടതില്ല. ഉദ്യോഗസ്ഥ വൃന്ദം പരാജയപ്പെട്ടാൽ, ഭരണഘടനാ കോടതികൾ ഇടപെടും. വയോധികരായ വ്യക്തികളുടെ പരാതി പരിഹരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടത് ഈ കോടതിയുടെ കടമയാണ്. പ്രായം ചെന്ന ആളുകൾക്ക് അവരുടെ ജീവനും കുടുംബത്തിനും അപകടമുണ്ടെന്ന് മനസ്സിലാകുമ്പോൾ അവർ അത്യധികം ഉത്കണ്ഠാകുലരാകും. ഈ കേസിൽ ഹർജിക്കാരൻ പറയുന്നത് അയാളുടെ വീടിന് സമീപമുള്ള വസ്തുവിൽ അപകടകരമായ നിലയിൽ നിൽക്കുന്ന വൃക്ഷങ്ങൾ കാരണവും പാമ്പുകൾ വസിക്കുവാൻ സാധ്യത കൂടുതലുള്ള അതിലെ കുറ്റിക്കാടുകൾ മൂലവും അയാൾ ഭയപ്പെടുന്നു എന്നാണ്. അയാളുടെ പരാതി പരിഹരിക്കാൻ അദ്ദേഹം ബന്ധപ്പെട്ട അധികാരിയെ സമീപിച്ചു. ഒരു നടപടിയും ഇല്ല. സി. ജെ. മാത്യു പോലുള്ള ഒരു വയോധികന് ഇത് കൂടുതൽ മാനസിക സമ്മർദ്ദം ഉണ്ടാക്കും. ഇതുപോലുള്ള പാരിസ്ഥിതിക ഭീഷണികൾ പ്രായമായവരിൽ ഉത്കണ്ഠ, സാമൂഹിക ഒറ്റപ്പെടൽ, ഉയർന്ന മാനസിക രോഗാവസ്ഥ എന്നിവയ്ക്ക് കാരണമാകും. ഹർജിക്കാരനെപ്പോലുള്ള വ്യക്തികൾ ഇത്തരം പരാതികൾ ഉന്നയിക്കുമ്പോൾ, ഔദ്യോഗിക സ്ഥാനം വഹിക്കുന്ന എതിർകക്ഷികൾ ഇത്തരത്തിൽ വൈകിപ്പിക്കാൻ പാടില്ലായിരുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഒരു എൺപത്കാരന്റെ പോരാട്ടം തുടരുകയാണ്. അത് അയാൾ നവതിയിൽ എത്തിയപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഹർജിക്കാരനോ അയാളുടെ കുടുംബത്തിന്റെ ജീവനോ ഏതെങ്കിലും അപകടം ഉണ്ടാകുമെന്ന് ഭയം കൂടാതെ ഒരു ശതായുഷ്മാനായി ഹർജിക്കാരൻ അയാളുടെ വീട്ടിൽ താമസിക്കട്ടെ. അതിനാൽ, എക്സിബിറ്റ് പി 5-ൽ പരാമർശിച്ചിരിക്കുന്ന എല്ലാ അപകടകരമായ വൃക്ഷങ്ങളും ചുരുങ്ങിയ സമയത്തിനുള്ളിൽ മുറിച്ചുമാറ്റാൻ ഔദ്യോഗിക പദവി വഹിക്കുന്ന എതിർകക്ഷികൾക്ക് നിർദ്ദേശം നൽകാം. ഒരു സിവിൽ കേസ് നിലനിൽക്കുന്നതിനാൽ വസ്തുവിൽ പ്രവേശിക്കാൻ കഴിയില്ലെന്ന് അഞ്ചാമത്തെ എതിർകക്ഷി സമർപ്പിച്ചു. വസ്തുതകളിൽ നിന്നും വാദമുഖങ്ങളിൽ നിന്നും, വൃക്ഷങ്ങൾ അപകടകരമായ സാഹചര്യത്തിലാണ് നില്ക്കുന്നതെന്ന് വ്യക്തമാണ്. അതിനാൽ, 1994-ലെ ആക്റ്റിന്റെ 412 (2)-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ കോർപ്പറേഷന് പ്രയോഗിക്കാൻ കഴിയും. അതിനാൽ, ഈ റിട്ട് ഹർജി ഇനിപ്പറയുന്ന രീതിയിൽ അനുവദിച്ചിരിക്കുന്നു:

1. ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ, ഏത് വിധേനയും, എക്സിബിറ്റ് പി 5-ൽ പരാമർശിച്ചിരിക്കുന്ന അപകടകരമായ വൃക്ഷങ്ങൾ വെട്ടിമാറ്റുന്നത് മൂന്നാം എതിർകക്ഷി ഉറപ്പാക്കണം.

2. മുകളിൽ നിർദ്ദേശിച്ചതുപോലെ, മൂന്നാം എതിർകക്ഷി ഒരു മാസത്തിനുള്ളിൽ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ 1 ഉം 2 ഉം എതിർകക്ഷികൾ മേൽനോട്ടം വഹിക്കുകയും ആവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതുമാണ്.




# സുപ്രധാനവിധികൾ

## ഒറ്റനോട്ടത്തിൽ

## സോഹൻ വി. എം. V. കേരള സംസ്ഥാനം

**2026 : KER : 4236**

ഹർജിക്കാരന് സ്ഥിരവാസ (Domicile) സർട്ടിഫിക്കറ്റ് നിഷേധിച്ച തഹസീൽദാറുടെ നടപടി ചോദ്യം ചെയ്തുകൊണ്ടുള്ള റിട്ട് ഹർജിയാണ് കേരള ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വന്നത്.

പത്തൊൻപത് വയസ്സുള്ള ഹർജിക്കാരൻ 18/08/2006ന് കൊൽക്കത്തയിലാണ് ജനിച്ചത്. ഹർജിക്കാരന്റെ അച്ഛന്റെ പിതാവ് കേരളത്തിലെ കോഴിക്കോട് ജില്ലക്കാരനായിരുന്നു എങ്കിലും, ടിയാന്റെ (ഹർജിക്കാരന്റെ) മാതാപിതാക്കൾ രണ്ടുപേരും പശ്ചിമ ബംഗാളിലെ കൊൽക്കത്തയിലായിരുന്നു ജനിച്ച് വളർന്നത്. ഹർജിക്കാരന്റെ ജനനശേഷം 2007-ൽ ടിയാന്റെ മാതാപിതാക്കൾ കോഴിക്കോടേയ്ക്ക് താമസം മാറുകയും കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമത്തിലുള്ള അവർക്ക് പൈതൃകമായി ലഭിച്ച വീട്ടിൽ സ്ഥിര താമസമാക്കുകയും ചെയ്തു. ഹർജിക്കാരന്റെ സ്കൂൾ വിദ്യാഭ്യാസം മുഴുവനും കേരളത്തിലാണ് നടത്തിയത്. 2022-ൽ ഹർജിക്കാരന്റെ അച്ഛൻ കേരളത്തിൽ വെച്ച് മരിച്ചു. ഹർജിക്കാരനും അയാളുടെ അമ്മയും ഇപ്പോഴും കേരളത്തിലാണ് താമസിക്കുന്നത്. ഹർജിക്കാരന്റെ ആധാർ കാർഡ്, ടിയാന്റെ അമ്മയുടെ കൈവശമുള്ള റേഷൻ കാർഡ് എന്നിവ പ്രകാരം രണ്ടുപേരുടെയും സ്ഥിര മേൽവിലാസം കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരാണ്. ഇന്ത്യൻ സൈന്യത്തിലെ അഗ്നിവീർ (ജനറർ വിഭാഗം) തസ്തികയിലേക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിലേയ്ക്ക് സ്ഥിരവാസ സർട്ടിഫിക്കറ്റ് (Domicile Certificate) അത്യാവശ്യമായതിനാലാണ്, ഹർജിക്കാരൻ അതിന് വേണ്ടി അപേക്ഷിച്ചത്. അന്വേഷണത്തിന് ശേഷം സർട്ടിഫിക്കറ്റ് നൽകുവാൻ വില്ലേജ് ഓഫീസർ ശിപാർശ ചെയ്തു. എന്നാൽ, ഹർജിക്കാരനും മാതാപിതാക്കളും കൊൽക്കത്തയിലാണ് ജനിച്ച് വളർന്നതെന്ന് ചൂണ്ടിക്കാട്ടി തഹസിൽദാർ അപേക്ഷ നിരസിച്ചതിനെ തുടർന്നാണ് ഹർജിക്കാരൻ ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളത്.

കേരളത്തിന് പുറത്ത് ജനിച്ച ഒരാൾക്ക് സ്ഥിരവാസ സർട്ടിഫിക്കറ്റ് നൽകുവാൻ വിസമ്മതിക്കുന്നത് നിയമപ്രകാരം സാധൂകരിക്കാവുന്നതാണോ എന്നും, കേരളത്തിന് പുറത്ത് ജനിച്ച ഒരാൾക്ക് കേരളത്തിൽ നിന്നുമുള്ള സ്ഥിരവാസ സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയുമോ എന്നതുമാണ് കോടതി പരിഗണിച്ച ചോദ്യങ്ങൾ.

നിയമപ്രകാരമുള്ള സ്ഥിരവാസം രണ്ട് ഘടകങ്ങളെയാണ് ഉൾക്കൊള്ളുന്നത് -മൂലാധിവാസവും (Domicile of Orgin), തിരഞ്ഞെടുത്ത സ്ഥിരവാസവും (Domicile of Choice). ഒരു വ്യക്തിയുടെ ജനന സ്ഥലത്തെ അടിസ്ഥാനമാക്കിയാണ് എപ്പോഴും മൂലാധിവാസം നിശ്ചയിക്കപ്പെടുന്നത്. അതേസമയം ഒരു വ്യക്തി താൻ സ്ഥിരമായി താമസിക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള സ്ഥലം ഏതെന്നതനുസരിച്ച് തിരഞ്ഞെടുത്തിട്ടുള്ള സ്ഥിരവാസം മാറുന്നതാണ്. പൊതുവെ, നിയമപ്രകാരമുള്ള സ്ഥിരവാസം ഏതെന്ന് നിശ്ചയിക്കുന്നത് രാജ്യത്തെ അടിസ്ഥാനമാക്കിയാണ് അല്ലാതെ, സംസ്ഥാനം പോലെ ഒരു രാജ്യത്തിനുള്ളിലെ ഏതെങ്കിലും പ്രദേശത്തെ അടിസ്ഥാനമാക്കിയല്ല. ഒരു വ്യക്തി ഒരേ രാജ്യത്തിനുള്ളിലെ തന്റെ താമസസ്ഥലം മാറ്റുന്നതുകൊണ്ട് മാത്രം അയാളുടെ സ്ഥിരവാസം മാറുന്നില്ല. സ്ഥിരവാസം അടിസ്ഥാനപരമായി, സ്ഥിരമായ താമസ സ്ഥലത്തെ സൂചിപ്പിക്കുന്ന ഒരു നിയമപരമായ ആശയമാണ്. സ്ഥിരവാസം എന്നത്, മൂലാധിവാസ പ്രകാരമുള്ള സ്ഥിരവാസമായാലും തിരഞ്ഞെടുത്തിട്ടുള്ള സ്ഥിരവാസമായാലും, വ്യത്യസ്ഥമായ നിയമവ്യവസ്ഥയുള്ള ഒരു രാജ്യത്തിനെയാണ് സൂചിപ്പിക്കുന്നത്. അല്ലാതെ ആ രാജ്യത്തിൽ അയാൾ താമസിച്ചു വരുന്ന ഏതെങ്കില്ലും പ്രത്യേക സ്ഥലത്തെയല്ല.

നിയമത്തിൽ പരിഗണിക്കുന്നത് രാജ്യത്തിനെ അടിസ്ഥാനമാക്കിയുള്ള സ്ഥിരവാസം മാത്രമാണെന്നും, സംസ്ഥാനവുമായി ബന്ധപ്പെട്ടുള്ള സ്ഥിരവാസമല്ലായെന്ന സുസ്ഥിരമായ നിയമത്തെ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ള ഡോ. പ്രദീപ് ജെയിൻ് യൂണിയൻ ഓഫ് ഇന്ത്യ [(1984) 3 SCC 654] എന്ന കേസ് കോടതി പരിഗണിക്കുകയുണ്ടായി. സ്ഥിരവാസമെന്ന ആശയത്തിന് ഇന്ത്യൻ യൂണിയന്റെയോ സംസ്ഥാനങ്ങളുടേയോ മുനിസിപ്പൽ നിയമങ്ങളുടെ പ്രയോഗ സാധ്യതയുമായി യാതൊരു ബന്ധ വുമില്ലായെന്നും, അതിനാൽ തന്നെ, ഇന്ത്യൻ യൂണിയന്റെ ഭാഗമായിട്ടുള്ള ഒരു സംസ്ഥാനത്തിലോ അല്ലെങ്കിൽ മറ്റൊരു സംസ്ഥാനത്തിലോ ആണ് ഒരു ഇന്ത്യൻ പൗരന്റെ സ്ഥിരവാസം എന്ന് പറയുന്നത് ശരിയല്ലായെന്നും മേൽപരാമർശിച്ച കേസിൽ കോടതി നിരീക്ഷിക്കുകയുണ്ടായി. ഇന്ത്യൻ പൗരനുള്ള സ്ഥിരവാസം എന്നത് ഒരു സ്ഥിരവാസം മാത്രമാണ്, അതായത്, ഇന്ത്യയിലെ സ്ഥിരവാസം. ഒരു സംസ്ഥാനത്ത് സ്ഥിരമായി താമസിക്കുന്ന ഒരാൾ മറ്റൊരു സംസ്ഥാനത്ത് സ്ഥിര താമസമാക്കണമെന്ന ഉദ്ദേശത്തോടെ അവിടേയ്ക്ക് താമസം മാറുമ്പോൾ, അയാളുടെ സ്ഥിരവാസം ഒരു മാറ്റത്തിനും വിധേയമാകുന്നില്ല.

ഈ കേസിലേക്ക് വരുമ്പോൾ സൈന്യവുമായി ബന്ധപ്പെട്ട നിയമന ചട്ടങ്ങൾ പ്രകാരം ഒരു സംസ്ഥാനത്ത് നിന്ന് സ്ഥിരവാസ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതിന്റെ ആവശ്യകതയുടെ ഉദ്ദേശ്യം ഉദ്യോഗാർത്ഥി എവിടെ സ്ഥിര താമസം ആക്കിയിട്ടുള്ള ആളാണെന്ന് തിരിച്ചറിയുക എന്നതാണ്. അതിനാൽ, സ്ഥിരവാസ സർട്ടിഫിക്കറ്റ് എന്ന പദം യഥാർത്ഥത്തിൽ സ്ഥിരമായ 'താമസസ്ഥലം' സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നതെന്നും 'സ്ഥിരമായി അല്ലെങ്കിൽ അനിശ്ചിതകാലത്തേക്ക് താമസിക്കുവാനുള്ള ഉദ്ദേശ്യം' എന്ന അർത്ഥമാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നുമാണ് അനുമാനിക്കേണ്ടത്.

വിൻസി ദിനകരൻ V. കേരള സംസ്ഥാനം

[2021 (4) KLT 752] എന്ന കേസിൽ സമുഹത്തിന്റെ ഭാഗമായിരിക്കുന്നതുമായി (social belongingness) ബന്ധപ്പെട്ട് നൽകിയ ന്യായവാദം ഇവിടെ പ്രസക്തമാണ്. ഹർജിക്കാരൻ ഒന്നാം ക്ലാസ് മുതൽ ഹയർ സെക്കൻഡറി സ്കൂൾതലം വരെയുള്ള വിദ്യാഭ്യാസം കേരളത്തിൽ തന്നെ പൂർത്തിയാക്കിയതിനാലും അയാളുടെ അച്ഛൻ കേരളത്തിർ വെച്ച് മരണപ്പെട്ടതിനാലും അയാളുടെ അമ്മ കേരളത്തിൽ തന്നെ താമസം തുടർന്ന് വരുന്നതിനാലും ഹർജിക്കാരന്റെ ആധാർ കാർഡിലും റേഷൻ കാർഡിലും കേരളത്തെ സ്ഥിര താമസസ്ഥലമായി സൂചിപ്പിക്കുന്നതിനാലും അയാളുടെ അച്ഛന്റെ പിതാവ് കേരളത്തിൽ ജനിച്ചതിനാലും സ്ഥിരതാമസം കേരളത്തിലായതിനാലും ഹർജിക്കാരൻ പൂർണ്ണമായും കേരളവുമായി പൊരുത്തപ്പെട്ടിരിക്കുന്നു എന്നതിൽ സംശയമില്ല. പശ്ചിമ ബംഗാളിൽ ജനിച്ചു എന്നതല്ലാതെ കൊൽക്കത്തയിൽ താമസി ക്കാൻ ഹർജിക്കാരന് ഉദ്ദേശ്യമുണ്ടെന്ന് സൂചിപ്പിക്കുന്ന യാതൊന്നുമില്ല. ഇതെല്ലാം സൂചിപ്പിക്കുന്നത് ഹർജിക്കാരൻ കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിൽ സ്ഥിര താമ സമാണെന്നും അതിനാൽ അയാളെ കേരളീയനായി കണക്കാക്കണമെന്നുമാണ്.

ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ പരമാവധി 2 ദിവസത്തിനുള്ളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട പ്രകാരം സ്ഥിരവാസ സർട്ടിഫിക്കറ്റ് നൽകുവാൻ 2-ാം എതിർകക്ഷിയോട് ബഹു. കോടതി നിർദ്ദേശിച്ചു.

**ഷാജി സെബാസ്റ്റ്യന് V. ജൂലി ജോസഫ്**

**2026 : KER : 6855**

ഈ കേസിലെ കക്ഷികൾ 08/06/2003-ന് ക്രിസ്തുമതാചാരപ്രകാരം വിവാ ഹിതരായിട്ടുള്ളവരാണ്. വിവാഹസ മയത്ത് എതിർകക്ഷിയായ ഭാര്യയ്ക്ക് അവളുടെ മാതാപിതാക്കളുടെ സ്വത്തിൽ നിന്നും അവൾക്കുള്ള ഓഹരിയായി 3,50,000 രൂപ അവളുടെ ബന്ധുക്കൾ

അപ്പീൽവാദിയായ ഭർത്താവിന്റെ പിതാവിന് നൽകിയിരുന്നുവെന്നും, അതിൽ നിന്നും 1,50,000 രൂപ ഉപയോഗിച്ച് 44 പവൻ സ്വർണ്ണാഭരണങ്ങൾ വാങ്ങിയിട്ടുണ്ടായിരുന്നു എന്നുമാണ് എതിർകക്ഷിയുടെ അവകാശവാദം. എതിർകക്ഷി ഗർഭിണിയായപ്പോൾ, അവൾ മാതാപിതാക്കളുടെ വീട്ടിലേക്ക് പോവുകയും 20/12/2005ന് അവർക്ക് ഒരു കുഞ്ഞ് ജനിക്കുകയും ചെയ്തു. എന്നാൽ, അതിനുശേഷം അപ്പീൽവാദി അവളെ തിരികെ വിളിച്ചുകൊണ്ട് പോകാത്തതിനാൽ അന്ന് മുതൽ കക്ഷികൾ വെവ്വേറെയാണ് താമസിച്ച് വരുന്നത്. തന്റെ 28 പവൻ സ്വർണ്ണാഭരണങ്ങൾ അപ്പീൽവാദിയുടെ കൈവശമുണ്ടെന്നാണ് എതിർകക്ഷിയുടെ ആരോപണം. വിവാഹമോചനം ആവശ്യപ്പെട്ട് അപ്പീൽവാദി ഹർജി സമർപ്പിച്ചപ്പോൾ, സ്വർണ്ണാഭരണങ്ങൾ, 2,00,000രൂപ, പ്രായ പൂർത്തിയാകാത്ത കുട്ടിക്കും തനിക്കും മുൻകാല ജീവനാംശം എന്നിവ നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് എതിർകക്ഷിയും ഹർജി സമർപ്പിച്ചിരുന്നു. 'ഉപേക്ഷിക്കൽ' (Desertion) എന്നതിന്റെ അടിസ്ഥാനത്തിൽ കുടുംബ കോടതി വിവാഹമോചനം അപ്പീൽവാദിക്ക് അനുവദിക്കുന്നതിനോടൊപ്പം തന്നെ, സ്വർണ്ണം,പണം, ജീവനാംശം എന്നിവ നൽകണമെന്ന എതിർകക്ഷിയുടെ അവകാശവാദവും കോടതി അനുവദിച്ചു. സ്വർണ്ണാഭരണങ്ങളും പണവും തിരികെ നൽകണമെന്ന കുടുംബ കോടതിയുടെ നിർദ്ദേശത്തെയും, എതിർകക്ഷിക്ക് മുൻകാല ജീവനാംശം അനുവദിച്ചതിനെയും ചോദ്യം ചെയ്താണ് അപ്പീൽവാദി ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളത്.

ഹർജിയിൽ അവകാശപ്പെട്ട സ്വർണ്ണാഭരണങ്ങളും പണവും തിരികെ ലഭിക്കുവാൻ എതിർകക്ഷിയ്ക്ക് അർഹതയുണ്ടോ എന്നും, "ഉപേക്ഷിക്കൽ' (Desertion) എന്നത് എതിർകക്ഷിയ്ക്കെതിരെ കണ്ടെത്തിയിട്ടും മുൻകാല ജീവനാംശത്തിന് ടിയാൾക്ക് അർഹതയുണ്ടോ എന്നും, 1869-ലെ വിവാഹമോചന ആക്റ്റ് പ്രകാരമുള്ള 'ഉപേക്ഷിക്കൽ' സ്ഥാപിക്കുന്നതിൽ മതിയായ കാരണത്തിന്റെ അഭാവം ആവശ്യമുണ്ടായിരുന്നോ എന്നീ ചോദ്യങ്ങളായിരുന്നു ബഹു. ഹൈക്കോടതി മുമ്പാകെ പരിഗണനയ്ക്കായി ഉയർന്നുവന്നത്.

1869 ലെ വിവാഹമോചന ആക്ടിലെ 3(9)-ാം വകുപ്പ് പ്രകാരം, 'ഉപേക്ഷിക്കൽ' (Desertion) എന്ന വാക്ക് സൂചിപ്പിക്കുന്നത് ആ ആരോപണം ഉന്നയിക്കുന്ന കക്ഷിയുടെ ആഗ്രഹത്തിനെതിരായി അയാളെ പരിത്യജിക്കുന്നതിനെയാണ്. ന്യായമായ കാരണമില്ലാതെയുള്ള ഉപേക്ഷിക്കൽ മാത്രമേ വകുപ്പ് 10 പ്രകാരമുള്ള 'ഉപേക്ഷിക്കലിൻ' (Desertion) കീഴിൽ വരുകയുള്ളുയെന്ന് ആക്ടിൽ എവിടെയും പ്രകടമായി പറഞ്ഞിട്ടില്ല. നേരെമറിച്ച്, 1954-ലെ പ്രത്യേക വിവാഹ ആക്റ്റിലെ 27-ാം വകുപ്പിലെ വിശദീകരണത്തിലും, 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ 13(1)-ാം വകുപ്പിലും 'ഉപേക്ഷിക്കൽ' എന്ന പദം അർത്ഥമാക്കുന്നത് ന്യായമായ കാരണമില്ലാതെ വിവാഹബന്ധത്തിലെ ഒരു കക്ഷി മറ്റേ കക്ഷിയെ ഉപേക്ഷിക്കുക എന്നതാണ്. 1869-ലെ വിവാഹമോചന ആക്ടിൽ അങ്ങനെ പ്രകടമായി പറയുന്നില്ലെങ്കിൽ കൂടിയും, ആ പദത്തെ മറ്റൊരു വിധത്തിൽ മനസ്സിലാക്കുവാൻ കഴിയില്ല. കാരണം, ഇതിന് വിരുദ്ധമായിട്ടുള്ള മറ്റൊരു വ്യാഖ്യാനം നൽകുന്നത്, ന്യായമായ അല്ലെങ്കിൽ നീതീകരിക്കാവുന്ന കാരണത്താൽ വേർപിരിഞ്ഞ് താമസിക്കുന്ന ദമ്പതിയെ ഒരു വൈവാഹിക കുറ്റത്തിന് കാരണക്കാരനായി കണക്കാക്കുന്നതിലേക്കും, അത് വിവാഹബന്ധം വേർപെടുത്തുന്ന അവസ്ഥയിലേക്ക് നയിക്കും. അത് ന്യായയുക്തതയുടെയും നീതിയുടെയും ഭരണഘടനാതത്വങ്ങളുമായി പൊരുത്തപ്പെടില്ല. 1869-ലെ വിവാഹമോചന ആക്റ്റ് ഭരണഘടന നിലവിൽ വരുന്നതിന് മുൻപുള്ള നിയമമാണെങ്കിൽ കൂടിയും, 14-ഉം, 21-ഉം അനുഛേദങ്ങൾ പ്രകാരമുള്ള ഭരണഘടനാപരമായ ഉറപ്പുകളിൽ നിന്നും വേറിട്ട് വ്യാഖ്യാനിക്കാനും കഴിയില്ല. ആക്റ്റിലെ ഉപേക്ഷിക്കൽ എന്ന പദത്തിന് കർശനമായിട്ടുള്ള പദാനുപദ വ്യാഖ്യാനം നൽകുന്നത് മുഖാന്തരം, ന്യായയുക്തമായ

ബന്ധം (rational nexus) ഇല്ലാതെ വ്യത്യസ്ത വ്യക്തിനിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന സമസ്ഥാനീയരായ ദമ്പതികളെ വിവേചനത്തിന് വിധേയമാക്കുന്നതിനും, കൂടാതെ അന്യായമായതോ സുരക്ഷിത മല്ലാത്തതോ, അല്ലെങ്കിൽ അന്തസ്സിനും വ്യക്തിസ്വാതന്ത്ര്യത്തിനും വിരുദ്ധമായതോ ആയ സാഹചര്യങ്ങളിൽ സഹവാസത്തിന് നിർബന്ധിക്കുന്നത് വഴി 21-ാം അനുച്ഛേദത്തിന്റെ ലംഘനത്തിനും ഇടയാക്കും. അതിനാൽ, ആക്റ്റിലെ 10-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള 'ഉപേക്ഷിക്കൽ' (Desertion) എന്ന പദത്തിന് ഉദ്ദേശ്യ പൂർവ്വമായതും ഭരണഘടനാനുസൃത മായതുമായ വ്യാഖ്യാനമാണ് നൽകേണ്ടത്.

എതിർകക്ഷി അപ്പീൽവാദിയെ ഉപേക്ഷിച്ചു എന്ന കണ്ടെത്തൽ അന്തിമമായിട്ടുള്ളത് അർത്ഥമാക്കുന്നത്, ന്യായമായ കാരണവും നീതീകരണവും ഇല്ലാതെയാണ് അവൾ അവനെ ഉപേക്ഷിച്ചു എന്നതാണ്. ആക്റ്റിലെ 37-ാം വകുപ്പ് പ്രകാരം, ഭാര്യക്ക് ജീവനാംശം അനുവദിക്കുന്നതിന് മുമ്പായി, കോടതി അവരുടെ പെരുമാറ്റം പരിഗണിക്കേണ്ടതുണ്ടെന്നത് പ്രസക്തമാണ്. എതിർകക്ഷി അപ്പീൽവാദിയെ ഉപേക്ഷിച്ചു എന്ന് കണ്ടെത്തിയതിനാൽ, വിചാരണ കോടതി അവർക്ക് മുൻകാല ജീവനാംശം അനുവദിക്കുവാൻ പാടില്ലായിരുന്നു. മേൽപ്പറഞ്ഞ വിഷയത്തിൽ മാത്രമായി കോടതി ഇടപെടൽ ചുരുക്കുന്നു.

## പ്രണവ് മോഹനൻ V. ജില്ലാ ജിയോളജിസ്റ്റ്

**2025 : KER : 88205**

അനധികൃതമായി ധാതുക്കൾ കടത്തിയെ ന്നാരോപിച്ച് ഹർജിക്കാരന്റെ ചരക്ക് വാഹനം ജില്ലാ ജിയോളജിസ്റ്റ് കാര്യാല യത്തിലെ ഉദ്യോഗസ്ഥർ പിടിച്ചെടുത്തു. വാഹനം പിടിച്ചെടുത്ത സമയത്ത് അതിൽ ഒന്നുമില്ലായിരുന്നുവെന്നും ഒരു ഗ്രാനൈറ്റ് വ്യവസായ യൂണിറ്റിന്റെ പരിസരത്ത് വാഹനം പാർക്ക് ചെയ്തിരുന്നുവെന്നും ഹർജിക്കാരൻ അവകാശപ്പെട്ടു. വ്യവസായ യൂണിറ്റിന് സാധുവായ ജി.എസ്.ടി (GST) രജിസ്ട്രേഷൻ ഇല്ലെന്നറിഞ്ഞതിനെത്തുടർന്ന്, ചരക്കു കളൊന്നുമില്ലാതെ വാഹനവുമായി മടങ്ങാൻ ഒരുങ്ങുകയായിരുന്നു താനെന്ന് ഹർജിക്കാരൻ വാദിച്ചു. വാഹനം പിടിച്ചെടുത്ത നടപടി റദ്ദാക്കാനും വാഹനം വിട്ടുനൽകാനും ആവശ്യപ്പെട്ട് ഹർജിക്കാരൻ ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തു.

ഈ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയ്ക്കായി വന്ന ചോദ്യങ്ങൾ ഇവയായിരുന്നു :-

1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റിലെ 21(4)-ാം വകുപ്പ് പ്രകാരം, വാഹനം യഥാർത്ഥത്തിൽ ചലിക്കാതെ അതിലേക്ക് ധാതുക്കൾ കയറ്റുന്നത് 'കടത്തിക്കൊണ്ട് പോകൽ' (transport) എന്ന പദത്തിന്റെ പരിധിയിൽ വരുമോ എന്നും, അതുവഴി വാഹനം പിടിച്ചെടുക്കാനുള്ള അധികാരം ലഭിക്കുമോ എന്നതുമായിരുന്നു ചോദ്യം.

റിട്ട് ഹർജി തള്ളിക്കൊണ്ട്, ധാതുക്കൾ വാഹനത്തിലേക്ക് കയറ്റുന്നതോടെ തന്നെ 'കടത്തിക്കൊണ്ട് പോകൽ' പ്രക്രിയ ആരംഭിക്കുന്നുവെന്നും, 'കടത്തിക്കൊണ്ട് പോകൽ' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നതിന് വാഹനം യഥാർത്ഥത്തിൽ ചലിക്കണം എന്നത് ഒരു നിർബന്ധിത വ്യവസ്ഥയല്ല എന്നും കോടതി പ്രസ്താവിച്ചു.

ധാതുക്കൾ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കടത്തിക്കൊണ്ട് പോകുന്നതിന്റെ ആദ്യ പടി, അത് കൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന വാഹനത്തിലേക്ക് അത് കയറ്റുക എന്നതാണ്. അതിനാൽ, വാഹനത്തിന്റെ ചലനത്തിന് മാത്രം മുൻഗണന നൽകുന്നതിന് പകരം, 'കടത്തിക്കൊണ്ട് പോകൽ' പ്രക്രിയ ആരംഭിച്ചിട്ടുണ്ടോ എന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ഈ വ്യാഖ്യാനം 'ലക്ഷ്യാധിഷ്ഠിത വ്യാഖ്യാനം'

(Purposive interpretation), അതുപോലെ 'മിസ്ചീഫ് റൂൾ' (Mischief rule) എന്നിവയുമായി പൂർണ്ണമായും യോജിച്ച് പോകുന്നതാണ്. നിയമാനുസൃതമായ അനുമതിയില്ലാതെ ധാതുക്കൾ ഖനനം ചെയ്യാനോ കടത്താനോ ഉപയോഗിക്കുന്ന വാഹനമോ ഉപകരണമോ പിടിച്ചെടുക്കാൻ അധികൃതരെ പ്രാപ്തമാക്കുക എന്ന 21 (4)-ാം വകുപ്പിന്റെ ലക്ഷ്യത്തെ വിസ്മരിക്കാൻ കഴിയില്ല.

കടത്തിക്കൊണ്ടുപോകാനുള്ള ഉദ്ദേശ്യം (mere intention) ഉണ്ടെന്നതുകൊണ്ട് മാത്രം പിഴ നടപടികൾ (penalty proceedings) സ്വീകരിക്കാൻ പര്യാപ്തമല്ലെന്ന് വ്യക്തമാക്കിയ ' ഡിസ്ട്രിക്റ്റ് കളക്ടർ '. ഉനൈസ് ' എന്ന കേസിലെ വിധി, വാഹനം പിടിച്ചെടുക്കുന്ന സമയത്ത് അതിൽ ധാതുക്കൾ (minerals) കയറ്റിയിട്ടുള്ള സാഹചര്യങ്ങളിലും ബാധകമാകുമോ ?

വാഹനം പിടിച്ചെടുക്കുന്ന സമയത്ത് അതിൽ ധാതുക്കൾ (minerals) കയറ്റിയിട്ടുണ്ടെങ്കിൽ, 'ഉനൈസ്' കേസിലെ വിധി അവിടെ ബാധകമല്ലെന്ന് കോടതി വിധിച്ചു. കടത്തിക്കൊണ്ട് പോകുന്നതിനായി വാഹനത്തിൽ ധാതുക്കൾ കയറ്റുന്നത് വെറും ഉദ്ദേശ്യത്തിന് അപ്പുറമുള്ള ഒരു നടപടിയാണെന്നും, കടത്തിക്കൊണ്ട്പോകൽ പ്രക്രിയ യഥാർത്ഥത്തിൽ ആരംഭിച്ചു കഴിഞ്ഞു എന്ന് ഇത് വ്യക്തമാക്കുന്നുവെന്നും കോടതി നിരീക്ഷിച്ചു. എതിർകക്ഷികളായ ഉദ്യോഗസ്ഥരുടെ വാദമനുസരിച്ച്, പിടിച്ചെടുക്കുന്ന സമയത്ത് വാഹനത്തിൽ ലോഡ് കയറ്റിയിരുന്നു. എന്നാൽ രണ്ടാം എതിർകക്ഷിയായ എസ്.എച്ച്.ഒ (S.H.O.) മുൻപാകെ വാഹനം ഹാജരാക്കുന്നതിന് മുൻപായി അതിലെ ലോഡ് ഇറക്കിയിരുന്നു. കടത്തിക്കൊണ്ട്പോകൽ പ്രക്രിയക്കായി വാഹനത്തിൽ ധാതുക്കൾ കയറ്റിയിട്ടുള്ള സാഹചര്യത്തിൽ വലിയ മാറ്റമുണ്ടാക്കുമെന്ന് കോടതി അഭിപ്രായപ്പെട്ടു. അപ്രകാരം റിട്ട് ഹർജി തള്ളി.

## ഇൻ റേ : എൻ. പെഡി രാജുവും മറ്റുള്ളവരും

**2025 INSC 1321**

സുപ്രീം കോടതിയിൽ ഒരു ട്രാൻസ്ഫർ ഹർജി പരിഗണിച്ചപ്പോൾ അതിൽ, തെലങ്കാന ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിക്കെതിരെ ലജ്ജാകരവും അപകീർത്തികരവുമായ ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ടെന്ന് കോടതിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഹർജിയിൽ ഉപയോഗിച്ച ഭാഷയിൽ കോടതി അതൃപ്തി പ്രകടിപ്പിച്ചപ്പോൾ അത് പിൻവലിക്കാനുള്ള അനുമതിക്കായി അഭിഭാഷകൻ അഭ്യർത്ഥിച്ചിരുന്നെങ്കിലും കോടതി അത് നിരസിക്കുകയും 29/07/2025-ന് ഹർജി തള്ളുകയും ചെയ്തു. ടി ട്രാൻസ്ഫർ ഹർജിയുമായി ബന്ധപ്പെട്ട ഹർജിക്കാരനെയും അഭിഭാഷകരെയും വെറുതെ വിടാനാവില്ലെന്ന് കോടതി നിരീക്ഷിച്ചു. തുടർന്ന്, കോടതിയലക്ഷ്യ നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കാൻ ഈ മൂന്ന് പേർക്കും കോടതി നോട്ടീസ് അയച്ചു. കോടതി അലക്ഷ്യത്തിന് ആരോപണവിധേയരായവർ ക്ഷമാപണ സത്യവാങ്മൂലവുമായി കോടതിയെ സമീപിക്കുകയും, തുടർന്ന് ബന്ധപ്പെട്ട ഹൈക്കോടതി ജഡ്ജി മുമ്പാകെ നിരുപാധികം ക്ഷമാപണം നടത്താനുള്ള അനുമതി തേടുകയും ചെയ്തു.

ഈ കേസിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയ്ക്കായി ഉയർന്നുവന്ന ചോദ്യങ്ങൾ ഇവയായിരുന്നു :-

സിറ്റിംഗ് ജഡ്ജിമാർക്കെതിരെ അടിസ്ഥാന രഹിതവും അപകീർത്തികരവുമായ ആരോപണങ്ങൾ ഉൾക്കൊള്ളുന്ന വാദമുഖങ്ങളിൽ (pleadings) മതിയായ തെളിവുകളുണ്ടെന്ന് ബോധ്യപ്പെടാതെ ഒപ്പുവെക്കുന്ന അഭിഭാഷകർ കോടതിലക്ഷ്യത്തിന് കുറ്റക്കാരാകുമോ ?

അനുകൂല ഉത്തരവുകൾ ലഭിക്കാത്തപ്പോൾ, അഭിഭാഷകർ ജഡ്ജിമാർക്കെതിരെ അധിക്ഷേപകരവും അപകീർത്തികരവുമായ ആരോപണങ്ങൾ ഉന്നയിക്കുന്ന പ്രവണത

സമീപകാലത്ത് വർദ്ധിച്ചുവരുന്നതായി നിരീക്ഷിച്ചുകൊണ്ട് കോടതിയലക്ഷ്യ ഹർജി തള്ളി. അത്തരമൊരു പ്രവണത ശക്തമായി നിരുത്സാഹപ്പെടുത്തേണ്ടതാണ്. കോടതിയുടെ ഉദ്യോഗസ്ഥർ എന്ന നിലയിൽ അഭിഭാഷകർക്ക് കോടതിയോട് കടമയുണ്ട് എന്നതിൽ തർക്കമില്ല. മതിയായ കാരണങ്ങൾ ഉണ്ടെന്ന് പ്രഥമദൃഷ്ട്യാ സ്വയം ബോദ്ധ്യപ്പെടാതെ കോടതിയെ അപകീർത്തിപ്പെടുത്തുന്ന വിഷയങ്ങൾ അടങ്ങിയ അപേക്ഷകളിലോ വാദങ്ങളിലോ ഒപ്പിടുന്ന അഭിഭാഷകർ കോടതിയലക്ഷ്യത്തിന് കുറ്റക്കാരാണ്.

ബന്ധപ്പെട്ട ജഡ്ജി നിരുപാധികമായ ക്ഷമാപണം സ്വീകരിച്ച സാഹചര്യത്തിൽ, അത് അംഗീകരിക്കാവുന്നതാണോ ?

ഏത് ഹൈക്കോടതി ജഡ്ജിക്കെതിരെയാണോ അപകീർത്തികരവും മോശവുമായ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുള്ളത്, ആ ജഡ്ജി കോടതി അലക്ഷ്യത്തിന് ആരോപണവിധേയരായവർ സമർപ്പിച്ച നിരുപാധികമായ ക്ഷമാപണം സ്വീകരിക്കാനുള്ള വിശാല മനസ്സ് കാണിച്ച സാഹചര്യത്തിൽ, നിരുപാധികമായ സമർപ്പിച്ച ക്ഷമാപണം സ്വീകരിക്കാൻ സുപ്രീം കോടതിയും സമ്മതിച്ചു. നിയമത്തിന്റെ മഹത്വം വെളിപ്പെടുന്നത് ഒരാളെ ശിക്ഷിക്കുന്നതിലല്ല, മറിച്ച് തന്റെ തെറ്റ് സമ്മതിക്കുന്ന ഒരാളോട് ക്ഷമിക്കുന്നതിലാണ്.

കോടതിയെ അധിക്ഷേപിക്കുന്ന തരത്തിലുള്ള കാര്യങ്ങൾ അടങ്ങിയ വാദമുഖപത്രങ്ങളിൽ (pleadings) ഒപ്പുവെക്കുന്നതും, കക്ഷിയുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നതും തമ്മിൽ വൈരുദ്ധ്യം ഉണ്ടാകുന്നിടത്ത്, അഭിഭാഷകന് തന്റെ കക്ഷിയോടുള്ള കടമയേക്കാൾ ഉപരിയായി കോടതിയോടുള്ള കടമയ്ക്കാണോ മുൻഗണന നൽകേണ്ടത് ?

അഭിഭാഷകർ കോടതിയുടെ ഉദ്യോഗസ്ഥർ എന്ന നിലയിൽ കോടതിയോടുള്ള കടമ പുലർത്തേണ്ടതാണെന്നും, കക്ഷികളുടെ താല്പര്യങ്ങളുമായി വൈരുദ്ധ്യം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ പോലും അങ്ങനെയുള്ള കടമയ്ക്ക് മുൻഗണന നൽകേണ്ടതാണെന്നും കോടതി പ്രസ്താവിച്ചു.

## ഡോ. സൊഹൈൽ മാലിക്

**v.**

## യൂണിയൻ ഓഫ് ഇന്ത്യ

**2025 INSC 1415**

സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിൽ ഒ.എസ്.ഡി. ആയി സേവനമനുഷ്ഠിച്ചിരുന്ന ഇന്ത്യൻ റവന്യൂ സർവീസ് ഉദ്യോഗസ്ഥനായ അപ്പീൽവാദി 15.05.2023-ന് ഭക്ഷ്യ-പൊതുവിതരണ വകുപ്പിൽ ജോയിന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ഒരു ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (ഐ. എ. എസ്.) ഉദ്യോഗസ്ഥയെ അവരുടെ ജോലിസ്ഥലത്ത് വെച്ച് ലൈംഗികമായി പീഡിപ്പിച്ചതായി ആരോപണം ഉയർന്നിരുന്നു. ഇതിനെ തുടർന്ന് ഒരു എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും, 2013-ലെ ജോലിസ്ഥലത്ത് സ്ത്രീകൾക്കുനേരെയുള്ള ലൈംഗികപീഡനം (തടയലും നിരോധനവും പരിഹാരവും) ആക്റ്റ് (POSH ആക്റ്റ്) പ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പിൽ രൂപീകരിച്ച ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി (ഐ.സി.സി.) മുമ്പാകെ പരാതി നൽകുകയും ചെയ്തു. ഒരു ഹിയറിംഗ് ഷെഡ്യൂൾ ചെയ്തുകൊണ്ട് ഐ.സി.സി. അപ്പീൽവാദിക്ക് നോട്ടീസ് നൽകി.

പരാതിക്കാരി ജോലി ചെയ്യുന്ന വകുപ്പിൽ രൂപീകരിച്ച ഐ.സി.സി.യുടെ അധികാരീത ചോദ്യം ചെയ്തുകൊണ്ടും താൻ ജോലി ചെയ്യുന്ന വകുപ്പിലെ ഐ.സി.സി. ക്ക് മാത്രമേ പരാതി പരിഗണിക്കാനുള്ള അധികാരീതയുള്ളു എന്ന് വാദിച്ചുചെയ്തുകൊണ്ടും അപ്പീൽവാദി കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിരുനു. ട്രിബ്യൂണൽ അപേക്ഷ തള്ളുകയും, ഹൈക്കോടതി ആ തീരുമാനം ശരിവെക്കുകയും ചെയ്തു. തുടർന്ന്

ഐ.സി.സി.യുടെ അധികാരിത ചോദ്യം ചെയ്ത് അപ്പീൽവാദി സുപ്രീം കോടതിയെ സമീപിച്ചു.

ബഹു. സുപ്രീംകോടതിയുടെ പരിഗ ണനയ്ക്കായി ഉയർന്നുവന്ന ചോദ്യങ്ങൾ ഇവയായിരുന്നു:

കേന്ദ്ര സർക്കാരിന്റെ ഒരു വകുപ്പിൽ രൂപീകരിച്ചിട്ടുള്ള ഐ.സി.സി.ക്ക് മറ്റൊരു വകുപ്പിലെ ജീവനക്കാരനെതിരായ ലൈംഗിക പീഡന പരാതിയിന്മേൽ നടപ ടി സ്വീകരിക്കാൻ അധികാരമുണ്ടോ ?

POSH ആക്റ്റിൽ നൽകിയിട്ടുള്ള 'ജീവനക്കാരൻ' 'എതിർകക്ഷി', 'ജോലി സ്ഥലം-' എന്നിവയുടെ നിർവചനങ്ങൾ നിഷ്പക്ഷമാണെന്നും, എതിർകക്ഷി പരാതിക്കാരിയുടെ അതേ ജോലിസ്ഥലത്തെ ജീവനക്കാരനായിരിക്കണമെന്ന് ആക്റ്റ് ആവശ്യപ്പെടുന്നില്ലെന്നും, 2(o)(v) വകുപ്പി ലെ 'ജോലി സ്ഥലം' എന്നതിന്റെ വിപുലമായ നിർവചനം പരാതിക്കാരിയുടെ ജോലിസ്ഥലത്തെ ഐ.സി.സി.ക്ക് മറ്റൊരു ജോലിസ്ഥലത്തെ ജീവനക്കാരന്റെ മേൽ അധികാരിത പ്രയോഗിക്കാൻ പ്രാപ്തമാക്കുന്നു എന്നും കോടതി വിധിച്ചു.

POSH ആക്റ്റിലെ 11-ാം വകുപ്പിലെ 'എതിർകക്ഷി ഒരു ജീവനക്കാരൻ ആയിരിക്കുന്നിടത്ത്' എന്ന പ്രയോഗം എതിർകക്ഷിയുടെ ജോലിസ്ഥലത്ത് ഐ.സി.സി. നടപടികൾ സ്വീകരിക്കണമെന്ന് നിർബന്ധിക്കുന്നുണ്ടോ?

'എതിർകക്ഷിക്ക്' എതിരെയുള്ള ഐ.സി.സി. നടപടികൾ 'എതിർകക്ഷിയുടെ' ജോലി സ്ഥലത്ത് രൂപീകരിക്കുന്ന ഐ.സി.സി. മുമ്പാകെ മാത്രമേ ആരംഭിക്കാൻ കഴിയൂ എന്ന തരത്തിൽ 11-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന ' എതിർകക്ഷി ഒരു ജീവനക്കാരൻ ആയിരിക്കുന്നിടത്ത് ' എന്ന പ്രയോഗത്തെ വ്യാഖ്യാനിക്കാൻ കഴിയില്ലെന്ന് കോടതി വിധിച്ചു. POSH ആക്റ്റിലെ വ്യവസ്ഥകൾക്ക് ഒരു ഇടുങ്ങിയ വ്യാഖ്യാനം നൽകിയാൽ അത് ടി ആക്റ്റിന്റെ സാമൂഹിക ക്ഷേമ ഉദ്ദേശ്യത്തെ തന്നെ ദുർബലപ്പെടുത്തും, കാരണം അത് ഇരയായ സ്ത്രീക്ക് കാര്യമായ പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും. അതിനാൽ, 11-ാം വകുപ്പിന്റെ വ്യാഖ്യാനം അധികാരിതയിന്മേൽ നിയന്ത്രണങ്ങൾ സ്ഥാപിക്കുന്ന ഒന്നല്ല, മറിച്ച് ഒരു നടപ ടിക്രമ സ്വഭാവമുള്ളതാണ്.

പരാതിക്കാരി ജോലിചെയ്യുന്ന വകു പ്പിലെ ഐ.സി.സി.യുടെ കണ്ടെത്തലുകൾക്ക് അനുസൃതമായി എതിർകക്ഷിയുടെ വകുപ്പ് എങ്ങനെ നടപടിയെടുക്കണം ?

പരാതിക്കാരിയുടെ ജോലിസ്ഥലത്ത് രൂപീകരിച്ച ഐ.സി.സി.യാണ് POSH ആക്റ്റ് പ്രകാരം പ്രാഥമിക വസ്തുതാന്വേഷണ അന്വേഷണം നടത്തുന്നതെന്നും അതിന്റെ റിപ്പോർട്ടും ശുപാർശകളും എതിർകക്ഷിയുടെ തൊഴിലുടമയ്ക്ക് അയയ്ക്കുമെന്നും, തുടർന്ന് ബാധകമായ സർവീസ് ചട്ടങ്ങൾ പ്രകാരം ഔപചാരിക അച്ചടക്ക നടപടികൾ തൊഴിലുടമയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും, അതിൽ എതിർകക്ഷിയുടെ ജോലിസ്ഥലത്തെ ഐ.സി.സി. അന്വേഷണ അധികാരിയായി പ്രവർത്തിക്കുമെന്നും കോടതി വിധിച്ചു.

## എ.എൽ.കെ.എ.ആർ.എസ്.എഫ് അപ്പാരൽസ് പ്രൈവറ്റ് ലിമിറ്റഡ്

**v.**

## കേരള സംസ്ഥാനം

**2026 KER 2864**

വസ്ത്ര വ്യാപാരത്തിൽ എർപ്പെട്ടിരുന്ന ഒന്നാം ഹർജികക്ഷിയായ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയ്ക്കും അതിന്റെ മാനേജിംഗ് ഡയ റക്ടറായ രണ്ടാം ഹർജിക്കാരനും ടി വ്യാപാരം നടത്തിവന്നിരുന്ന വസ്തുവകകൾ ജില്ലാ കള ക്ടറുടെ 11-09-2024-ാം തീയതിയിലെ നടപ ടികൾ പ്രകാരം താൽക്കാലികമായി ജപ്തി ചെയ്തിട്ടുള്ളതായി അറിയിച്ചുകൊണ്ട് വില്ലേജ് ഓഫീസർ 15.11.2024-ന് നോട്ടീസ് നൽകി. പൊതുജനങ്ങളിൽ നിന്ന് നിക്ഷേപമായി സ്വീകരിച്ച തുക തിരിച്ചു കൊടുക്കുന്നതിൽ വീഴ്ച

വരുത്തി എന്ന് ആരോപിക്കപ്പെടുന്ന M/s. നിർമ്മൽ കൃഷ്ണ ലിമിറ്റഡ് / നിർമ്മൽ കൃഷ്ണ ബെനിഫിറ്റ് ഫണ്ട് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കെതിരെ ബഡ്സ് ആക്റ്റ് പ്രകാരം ആരംഭിച്ച നടപടികളുടെ അടിസ്ഥാനത്തിലായിരുന്നു ഈ ജപ്തി നടപടികൾ. ഒന്നാം ഹർജികക്ഷിയെ 14-ാം പ്രതിയായും രണ്ടാം ഹർജിക്കാരനെ 38-ാം പ്രതിയായും ചേർത്ത് ഒരു ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. ക്ഷമതയുള്ള അധികാരസ്ഥാനം 25-11-2023-ന് ബഡ്സ് ആക്റ്റ് പ്രകാരം താൽക്കാലിക ജപ്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി നോട്ടീസിനെ ചോദ്യം ചെയ്തും തങ്ങൾക്കെതിരെയുള്ള റിക്കവറി നടപടികൾ തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഹർജികക്ഷികൾ ഹൈക്കോടതിയെ സമീപിച്ചു.

ഈ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയ്ക്കായി ഉയർന്നുവന്ന ചോദ്യങ്ങൾ ഇവയായിരുന്നു :-

ബഡ്സ് ആക്റ്റിലെ 14-ാം വകുപ്പ് പ്രകാരം താൽക്കാലിക ജപ്തി നടപടികൾ നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരിക്കുന്നതിന് നിയുക്ത കോടതി മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിൽ ക്ഷമതയുള്ള അധികാര സ്ഥാനം പരാജയപ്പെട്ടാൽ, ബഡ്സ് ആക്റ്റ് പ്രകാരം താൽക്കാലിക ജപ്തി നടപ്പിലാക്കുന്ന നോട്ടീസ് നിലനിൽക്കുമോ?

ബഡ്സ് ആക്ടിലെ 14-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം താൽക്കാലിക ജപ്തി സ്ഥിരീകരണത്തിനായി അപേക്ഷ സമർപ്പിച്ചില്ലെങ്കിൽ, വകുപ്പിൽ പറഞ്ഞിരിക്കുന്ന കാലയളവിനപ്പുറം അങ്ങനെയുള്ള ജപ്തി നടപടികൾ തുടരാനാവില്ലെന്ന് കോടതി വിധിച്ചു. ഇക്കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം മാപ്പാക്കുന്നതിനുള്ള അധികാരം നിയമം നൽകുന്നില്ല എന്നതും ശ്രദ്ധേയമാണ്. അതിനാൽ, ബഡ്സ് ആക്ടിന്റെ ഘടനയും 14-ഉം 15-ഉം വകുപ്പുകളും അനുസരിച്ച്, താൽക്കാലിക ജപ്തിക്ക് ഉത്തരവിട്ടാൽ, താൽക്കാലിക ജപ്തിയുടെ സ്ഥിരീകരണത്തിനായി ക്ഷമതയുള്ള അധികാരസ്ഥാനം നിയുക്ത കോടതിയെ സമീപിക്കേണ്ടതാണ്. അതിനുശേഷം താൽക്കാലിക ജപ്തി സ്ഥിരീകരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യേണ്ടത് നിയുക്ത കോടതിയാണ്. ക്ഷമതയുള്ള അധികാരസ്ഥാനം നിയുക്ത കോടതിയെ സമീപിക്കുന്നതിൽ പരാജയപ്പെട്ടാൽ, താൽക്കാലിക ജപ്തി നടപടികൾ അനിശ്ചിതമായി തുടരാനാവില്ല.


ക്ഷമതയുള്ള അധികാരസ്ഥാനത്തിന് അത് പുറപ്പെടുവിച്ച താൽക്കാലിക ജപ്തി സ്വയം സ്ഥിരീകരിക്കാൻ അധികാരമുണ്ടോ?

ക്ഷമതയുള്ള അധികാരസ്ഥാനത്തിന് അത് പുറപ്പെടുവിച്ച താൽക്കാലിക ജപ്തി സ്വയം സ്ഥിരീകരിക്കാൻ അവകാശമില്ലെന്ന് കോടതി വിധിച്ചു. താൽക്കാലിക ജപ്തിയുടെ സ്ഥിരീകരണം നിയുക്ത കോടതിയുടെ അധികാരിതയിൽ വരുന്നതാണ്. ജപ്തി സ്ഥിരീകരണത്തിനുള്ള അപേക്ഷയിൽ കാരണങ്ങളും അത് സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കണം. ഒരു പ്രത്യേക നിയമത്തിലെ വ്യവസ്ഥ ഒരു പ്രവൃത്തി പൂർത്തിയാക്കുന്നതിന് ഒരു കാലയളവ് നിർദ്ദേശിക്കുകയും അതിൽ തന്നെ ദീർഘിപ്പിച്ച് നൽകാവുന്ന ഒരു കാലയളവ് കൂടി ഉൾപ്പെടുത്തുകയും ചെയ്യുന്നിടത്ത്, നിർദ്ദിഷ്ട നടപടി നിയമത്തിൽ നിശ്ചയിച്ചിരിക്കുന്ന കാലയളവിനപ്പുറം നടപ്പിലാക്കാൻ അനുവദിക്കാൻ കഴിയില്ല എന്നാണ് നിയമനിർമ്മാണസഭയുടെ ഉദ്ദേശ്യം എന്ന് വ്യക്തമാണ്.



# ലേഖനങ്ങൾ






# വിവരാവകാശ നിയമത്തിന്റെ 20 വർഷങ്ങൾ






**കെ പ്രസാദ്**
അഡീഷണൽ നിയമസെക്രട്ടറി (റിട്ട.)

ഇന്ത്യയിൽ വിവരാവകാശ നിയമം നിലവിൽ വന്നിട്ട് 20 വർഷങ്ങൾ പൂർത്തിയാവുകയാണ്. 2019-ലെ ജമ്മു-കാശ്മീർ പുനഃസംഘടന നിയമം നിലവിൽ വന്നതോടുകൂടി ഇന്ത്യ ഒട്ടാകെ പ്രാബല്യമുള്ള നിയമമായി വിവരാവകാശ നിയമം മാറി. 2005 മെയ് 11ന് ലോക്സഭയും, മെയ് 12ന് രാജ്യസഭയും പാസാക്കിയ ബില്ലിന് ജൂൺ 15ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുകയും 2005 ഒക്ടോബർ 12ന് ഔദ്യോഗികമായി നിലവിൽ വരികയും ചെയ്തു. നിയമം നിലവിൽ വന്ന് മണിക്കൂറുകൾക്കകം മഹാരാഷ്ട്രയിലെ പ്രധാന നഗരമായ പൂനയിലെ പോലീസ് സ്റ്റേഷനിൽ വിവരാവകാശ അപേക്ഷ ഫയൽ ചെയ്ത ഷഹീദ് റാസ ബർണി രാജ്യത്തെ ആദ്യ വിവരാവകാശ അപേക്ഷകൻ ആയി. ഭരണത്തിൽ സുതാര്യതയും, കാര്യക്ഷമതയും, ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിനുള്ള

വിവരാവകാശ നിയമത്തിന്റെ 20 വർഷത്തെ ജൈത്രയാത്രയിൽ ഭരണകൂടത്തെ പിടിച്ചുലച്ച നിരവധി കുംഭകോണങ്ങളും അഴിമതിക്കഥകളും പുറത്താവുകയും ഇന്ത്യൻ ഉദ്യോഗസ്ഥ സമൂഹം സ്വതവേയുള്ള മന്ദതയും അലസതയും വെടിഞ്ഞ് കൂടുതൽ ജാഗ്രതയോടെ വിവരങ്ങൾ തേടിയുള്ള സാധാരണക്കാരന്റെ അപേക്ഷകളെ വീക്ഷിക്കുവാനും തുടങ്ങി.

കേവലം 31 വകുപ്പുകൾ മാത്രമുള്ള ലഘുവും ലളിതവുമായ നിയമനിർമ്മാണമാണ് 2005ലെ വിവരാവകാശ നിയമം. നിയമത്തിന്റെ പ്രധാന ഉപഭോക്താക്കൾ സാധാരണക്കാരായ ഇന്ത്യൻ ജനത

ആയതിനാൽ നിയമഭാഷയിലെ സങ്കീർണതകൾ പരമാവധി ഒഴിവാക്കുവാൻ നിയമനിർമ്മാതാക്കൾ ജാഗ്രത കാണിച്ചിരുന്നു. വിവരാവകാശ നിയമം തികച്ചും ലളിതവും ഹ്രസ്വവും ആണെങ്കിലും അതിന്റെ വ്യാപ്തിയും പ്രഭാവവും അതിവിശാലമാണ്. നിയമനിർമ്മാണ സഭ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിങ്ങനെ ഭരണകൂടത്തിന്റെ 3 നെടുംതൂണുകൾക്കും ഒരുപോലെ ബാധകമായ നിയമമാണ് വിവരാവകാശ നിയമം. രാഷ്ട്രപതിഭവൻ, പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിമാരുടെയും കാര്യാലയങ്ങൾ, പാർലമെന്റും നിയമസഭകളും, സുപ്രീംകോടതിയും ഹൈക്കോടതികളും, വിവിധ മന്ത്രാലയങ്ങളും അടക്കമുള്ള ഭരണസംവിധാനങ്ങൾ മുതൽ താഴെത്തട്ടിൽ ഉള്ള പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കൃഷി ഓഫീസ് തുടങ്ങിയവയ്ക്കുവരെ ബാധകമാണ് ഈ നിയമം. കൂടാതെ കരസേന, നാവികസേന, വ്യോമസേന തുടങ്ങിയ സേനാവിഭാഗങ്ങളും വിവരാവകാശ നിയമത്തിന്റെ പരിധിയിലാണ്. 1923 ലെ ഔദ്യോഗിക രഹസ്യ നിയമത്തിന്റെ കർക്കശ വ്യവസ്ഥകളിൽ താഴിട്ട് പൂട്ടിയിരുന്ന പല ഔദ്യോഗിക രഹസ്യങ്ങളും വിവരങ്ങളും വിവരാവകാശ നിയമത്തിന്റെ വാതായനങ്ങളിലൂടെ വെളിച്ചം കണ്ടു .

2002-ൽ വാജ്പേയി സർക്കാരിന്റെ കാലത്ത് തന്നെ "ഫ്രീഡം ഓഫ് ഇൻഫർമേഷൻ ബിൽ" പാർലമെന്റ് പാസാക്കി നിയമമാക്കിയിരുന്നു എങ്കിലും ബന്ധപ്പെട്ട ചട്ടങ്ങളുടെ അഭാവത്തിൽ അത് നടപ്പിലാക്കപ്പെട്ടിരുന്നില്ല. 2005 ൽ ഡോ. മൻമോഹൻസിംഗിന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ കാലത്താണ് 2002ലെ നിയമം റദ്ദ് ചെയ്തു കൊണ്ട് വിവരാവകാശ നിയമം നടപ്പിലാക്കിയത്. "കിസാൻ - മസ്ദൂർ ശക്തി സംഘടൻ" അടക്കമുള്ള നിരവധി സർക്കാരിതര സംഘടനകളുടെയും സാമൂഹ്യപ്രവർത്തകരുടെയും വർഷങ്ങളായുള്ള പരിശ്രമ ഫലമാണ് 2005-ലെ നിയമനിർമ്മാണത്തിലേക്ക് നയിച്ചതെന്ന് പറയാം.


### രാജ്നാരായണൻ കേസ്

ജനാധിപത്യ പ്രക്രിയയിൽ ഓരോ വ്യക്തിക്കും സവിശേഷ പ്രാധാന്യമുണ്ടെന്നും ഒളിമറയല്ല മറിച്ച് സുതാര്യതയാണ് ജനാധിപത്യത്തിന്റെ ശക്തിയെന്നും ചൂണ്ടിക്കാട്ടിയ ഉത്തർപ്രദേശ് സംസ്ഥാനവും രാജ്നാരായണനും തമ്മിലുള്ള കേസിലെ 1975 ലെ സുപ്രീംകോടതി വിധി പലതുകൊണ്ടും നീതിന്യായ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 19(1) പ്രകാരമുള്ള മൗലിക സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ് വിവരങ്ങൾ അറിയുവാനുള്ള സ്വാതന്ത്ര്യം എന്ന് സുപ്രീംകോടതി ഈ കേസിൽ വ്യക്തമാക്കി. പിന്നീട് ജഡ്ജിമാരുടെ നിയമനം, സ്ഥലം മാറ്റം തുടങ്ങിയ രേഖകൾ പുറത്തുവരുന്നത് സംബന്ധിച്ച് ഇന്ത്യ ഗവൺമെന്റ് എസ്. പി ഗുപ്തയും തമ്മിലുള്ള കേസിലും (1985), ക്രിക്കറ്റ് പ്രേക്ഷണവുമായി ബന്ധപ്പെട്ട ബംഗാൾ ക്രിക്കറ്റ് അസോസിയേഷൻ കേസിലും (1995), ടെലിഫോൺ ചോർത്തലുമായി ബന്ധപ്പെട്ട പി.യു.സി.എൽ കേസിലും (1997), വിവരങ്ങൾ അറിയുവാനുള്ള പൗരന്മാരുടെ അവകാശം ഭരണഘടന ഉറപ്പു നൽകുന്ന മൗലിക സ്വാതന്ത്ര്യമായ അനുഛേദം 19 (1) ന്റെ ഭാഗമാണെന്ന് പരമോന്നത നീതിപീഠം ചൂണ്ടിക്കാട്ടി.

### അഴിമതിക്കെതിരായ പോരാട്ടം

ഇന്ത്യയിൽ അഴിമതിക്കെതിരായ പോരാട്ടത്തിന്റെ പ്രധാന ആയുധം വിവരാവകാശ നിയമമാണ്. സർക്കാർ സ്ഥാപനങ്ങളിൽ നടമാടുന്ന നിരവധി ക്രമക്കേടുകളും അഴിമതികളും 10 രൂപ ചെലവിൽ വിവരാവകാശത്തിലൂടെ ഇതിനകം പുറത്തുവന്നിട്ടുണ്ട്. 2010 ൽ ഡൽഹിയിൽ നടന്ന കോമൺവെൽത്ത് ഗെയിംസുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ രാജ്യാന്തരതലത്തിൽ തന്നെ രാജ്യത്തിന് മാനക്കേടായി മാറിയ സംഭവമാണ്. ഗെയിംസ് നടത്തിപ്പിനായി അനുവദിച്ച പണത്തിന്റെ വലിയൊരു ഭാഗം ദുരുപയോഗം ചെയ്തുവെന്നും ടെണ്ടറുകൾ നൽകിയതിൽ ക്രമക്കേടുകൾ നടന്നുവെന്നും വിവരാവകാശ അപേക്ഷകളിലൂടെയാണ്

വെളിവാക്കപ്പെട്ടത്. 2008ൽ ടെലികോം കമ്പനികൾക്ക് 2ജി സ്പെക്ട്രം ലൈസൻസ് അനുവദിച്ചതിലെ വലിയ ക്രമക്കേട് സുപ്രീംകോടതിയിൽ എത്തുകയും കോടതി കമ്പനികളുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്തു. സർക്കാരിന് കടുത്ത സാമ്പത്തിക നഷ്ടം ഉണ്ടായ ഇടപാടാണ് നടന്നതെന്ന് കോടതി വിലയിരുത്തി. ഇവിടെയും വിവരാവകാശ രേഖകളാണ് അഴിമതി പുറത്തുകൊണ്ടുവരാൻ സഹായകരമായത് . കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച സൈനികരുടെ കുടുംബങ്ങൾക്ക് വേണ്ടി മുംബൈയിൽ നിർമ്മിച്ച ആദർശ് ഹൗസിംഗ് സൊസൈറ്റി ഫ്ളാറ്റുകൾ വിതരണം നടത്തിയതിലെ ക്രമക്കേടുകളും വിവരാവകാശത്തിലൂടെയാണ് രാജ്യം അറിഞ്ഞത്. രാഷ്ട്രീയ നേതാക്കൾക്കും ഉദ്യോഗസ്ഥർക്കും കുറഞ്ഞ വിലക്ക് ഈ ഫ്ളാറ്റുകൾ നൽകിയതിലൂടെ ഇന്ത്യയിലെ രാഷ്ട്രീയ-ഉദ്യോഗസ്ഥ അഴിമതി കൂട്ടുകെട്ടിന്റെ മറ്റൊരു ജീർണിച്ച മുഖം വെളിവാക്കപ്പെട്ടു.




### സ്വകാര്യത v. സുതാര്യത

സ്വകാര്യതയും സുതാര്യതയും തമ്മിലുള്ള ഏറ്റുമുട്ടൽ സവിശേഷ പ്രാധാന്യമുള്ള ഒന്നായി മാറിയിട്ടുണ്ട്. സ്വകാര്യതയ്ക്കുള്ള അവകാശവും സുതാര്യതയ്ക്കുള്ള വിവരാവകാശവും ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങളിൽ ഉൾക്കൊള്ളുന്നു എന്ന് സുപ്രീംകോടതി പല സുപ്രധാന വിധിന്യായങ്ങളിലും ചൂണ്ടിക്കാട്ടുകയുണ്ടായി. ജസ്റ്റിസ് കെ. എസ്. പുട്ടസ്വാമിയും ഇന്ത്യൻ യൂണിയനും തമ്മിലുള്ള കേസിൽ (2017) സ്വകാര്യത അനുച്ഛേദം 21 ഉറപ്പു നൽകുന്ന മൗലികാവകാശമാണെന്ന് സുപ്രീംകോടതി വിധിച്ചു. പ്രശസ്തമായ ഗിരീഷ് ചന്ദ്ര ദേശ്പാണ്ഡെ കേസിലും (2012) ഒരു ഉദ്യോഗസ്ഥന്റെ സർവീസ് സംബന്ധമായ രേഖകൾ, അച്ചടക്കനടപടി, കോൺഫിഡൻഷ്യൽ റിപ്പോർട്ട് എന്നിവ തികച്ചും വ്യക്തിഗത വിവരങ്ങൾ ആണെന്നും

സ്വകാര്യതയുടെ ഭാഗമായതിനാൽ വെളിപ്പെടുത്താൻ ആവില്ലെന്നും കോടതി വിലയിരുത്തി.

സുതാര്യതയ്ക്കും അഴിമതിക്കെതിരായ പോരാട്ടത്തിലും വിവരാവകാശം പ്രധാന ആയുധം ആകുമ്പോൾ വ്യക്തികളുടെ അന്തസ്സുള്ള ജീവിതത്തിനും സ്വാതന്ത്ര്യസംരക്ഷണത്തിനും സ്വകാര്യത അനിവാര്യമാണ്. സുതാര്യതയ്ക്കും സ്വകാര്യതയ്ക്കും ഇടയിലുള്ള ഒരു ബാലൻസ്ടെസ്റ്റ് ഇവിടെ അനിവാര്യമാകുന്നു. വ്യക്തിയുടെ സ്വകാര്യതയെക്കാൾ പൊതു താൽപര്യത്തിന് മുൻതൂക്കം ഉണ്ടോ എന്ന് ഓരോ കേസും പരിശോധിച്ച് തീരുമാനിക്കേണ്ടിയിരിക്കുന്നുവെന്ന് സുഭാഷ് ചന്ദ്ര അഗർവാൾ കേസിൽ (2019) സുപ്രീം കോടതിയുടെ ഭരണഘടന ബഞ്ച് ചൂട്ടി കാട്ടി. ഉദ്യോഗസ്ഥരുടെ അഴിമതി, അധികാര ദുർവിനിയോഗം, യോഗ്യതകൾ തുടങ്ങിയവ പരിശോധിക്കപ്പെടുന്ന വിവരാവകാശ അപേക്ഷകളിൽ പൊതുതാല്പര്യം ഉണ്ടെന്ന് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് ഉത്തമ ബോധ്യം ഉണ്ടെങ്കിൽ സ്വകാര്യവിവരങ്ങൾ ആണെങ്കിൽ കൂടിയും വിവരാവകാശ നിയമ പ്രകാരം നൽകേണ്ടതുണ്ട്. എന്നാൽ വ്യക്തികളുടെയും സർക്കാർ ജീവനക്കാരുടെയും മെഡിക്കൽ രേഖകൾ, കുടുംബാംഗങ്ങളുടെ വിവരങ്ങൾ, കോൺഫിഡൻഷ്യൽ റിപ്പോർട്ട്, ടാക്സ് റിട്ടേൺ രേഖകൾ തുടങ്ങിയവ തികച്ചും സ്വകാര്യത സംബന്ധിക്കുന്നതാണ് എന്ന് കണ്ട് 8 (1) (j) വകുപ്പ് പ്രകാരം നൽകുവാനും പാടില്ല. ചുരുക്കത്തിൽ സുതാര്യതയും സ്വകാര്യതയും നേർക്കുനേർ വരുമ്പോൾ പൊതു താൽപര്യത്തിന്റെ അളവുകോൽ പരമപ്രധാനമാണ്.

**ഡേറ്റ സംരക്ഷണ നിയമവും വിവരാവകാശവും**

2023-ൽ പേഴ്സണൽ ഡിജിറ്റൽ ഡേറ്റാ പ്രൊട്ടക്ഷൻ ആക്ട് (2023-ലെ 22) നിലവിൽ വന്നതോടുകൂടി വിവരാവകാശനിയമം കൂടുതൽ ദുർബലപ്പെട്ടു എന്ന വാദത്തിന് ശക്തി കൂടുകയാണ്. ഡേറ്റാ സംരക്ഷണ നിയമം 44 (3) വകുപ്പ് വിവരാവകാശ നിയമത്തിലെ 8 (1) (j) വകുപ്പ് ഭേദഗതി ചെയ്യുകയും "വ്യക്തിഗത വിവരവുമായി ബന്ധപ്പെട്ട വിവരം" എന്ന് മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തു. വിവരത്തിന്റെ വെളിപ്പെടുത്തൽ ഭൂരിപക്ഷ പൊതുതാൽപര്യം ന്യായീകരിക്കുന്നു എന്ന് ബോധ്യപ്പെട്ടാൽ ആ വിവരം വ്യക്തിഗത വിവരമാണെങ്കിൽ കൂടിയും വെളിപ്പെടുത്താം എന്ന ഭാഗമാണ് ഒഴിവാക്കപ്പെട്ടത്. കൂടാതെ പാർലമെന്റിനോ നിയമ സഭകൾക്കോ നിഷേധിക്കാവുന്നതല്ലാത്ത വിവരം ഏതെങ്കിലും വ്യക്തിക്ക് നിഷേധിക്കുവാൻ പാടുള്ളതല്ല എന്ന 8 (1) (j) വകുപ്പിന്റെ ക്ലിപ്ത നിബന്ധനയും ഭേദഗതി വഴി ഒഴിവാക്കപ്പെട്ടു. പൊതുപ്രവർത്തകർ, ഉദ്യോഗസ്ഥർ, കരാറുകാർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് പുറത്തുവരേണ്ട പൊതുതാൽപര്യമുള്ള പല കാര്യങ്ങളും വ്യക്തിഗതവിവരം എന്ന് ചൂണ്ടിക്കാട്ടി ഇനി നിഷേധിക്കപ്പെടുമെന്ന് വിവരാന്വേഷകർ സംശയിക്കുന്നുണ്ട്.

എന്നാൽ 1923ലെ ഔദ്യോഗിക രഹസ്യ നിയമത്തിലും വിവരാവകാശ നിയമത്തിലെ 8(1) വകുപ്പിലും എന്തുതന്നെ പറഞ്ഞിരുന്നാലും വ്യക്തിഗതമായി സംരക്ഷിക്കപ്പെടേണ്ട താൽപര്യങ്ങൾക്കുണ്ടാകുന്ന ദോഷങ്ങളെകാൾ വിവരം വെളിപ്പെടുത്തുവാനുള്ള പൊതുതാൽപര്യത്തിനാണ് മുൻതൂക്കം എങ്കിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വ്യക്തിഗത വിവരമാണെങ്കിൽ കൂടിയും 8 (2) വകുപ്പ് പ്രകാരം വിവരം വെളിപ്പെടുത്താൻ കഴിയുന്നതാണ്. അഴിമതി, സ്വജനപക്ഷപാതം, സുരക്ഷ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങളിലെ വസ്തുതകൾ ഇപ്രകാരം വെളിച്ചത്തുകൊണ്ടുവരാൻ വിവരാന്വേഷകർക്ക് നേരത്തെ


കഴിഞ്ഞിരുന്നു, ഇനിയും കഴിയുന്നതാണ് എന്ന് ചുരുക്കം. ഡേറ്റ സംരക്ഷണ ബില്ലിന്റെ ചർച്ചയ്ക്കിടയിൽ ലോക് സഭയിൽ 130 ഓളം എം.പിമാർ 44 (3) വകുപ്പ് റദ്ദാക്കണമെന്നും വിവരാവകാശനിയമത്തിൽ വെള്ളം ചേർക്കരുത് എന്നും ശക്തമായി ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് വലിയ പൊതുജനാഭിപ്രായവും ചർച്ചകളും ഉയർന്നുവന്നെങ്കിലും 44 (3) വകുപ്പ് 13. 11. 2025 മുതൽ പ്രാബല്യത്തിൽ വരുത്തക്കവിധം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ലോകത്തെ ഏറ്റവും ശക്തവും ജനകീയവുമായ വിവരാവകാശ നിയമം നിലവിൽ ഇരിക്കുന്ന രാജ്യമാണ് ഇന്ത്യ. നിയമത്തിന്റെ വ്യാപകമായ അധികാരപരിധിയും എന്നാൽ തികച്ചും ലളിതമായ നടപടിക്രമങ്ങളും ഇന്ത്യൻ നിയമത്തിന്റെ സവിശേഷതയാണ്. ഭരണഘടന ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്നു എന്ന ബലവും വിവരാവകാശത്തിൽ ഉണ്ട്. അതേസമയം നിയമത്തിന്റെ എട്ടാം വകുപ്പിലെ വിവരം വെളിപ്പെടുത്തുന്നതിൽ നിന്നുള്ള ഒഴിവാക്കലുകൾ ഉദ്യോഗസ്ഥസമൂഹം വ്യാപകമായി ദുരുപയോഗിക്കുന്നു. വിവരാവകാശ കമ്മീഷനുകളിൽ രണ്ടാം അപ്പീലുകൾ സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നില്ല, വിവരാവകാശ പ്രവർത്തകർ നേരിടുന്ന ശാരീരിക ആക്രമണങ്ങൾ, നാലാം വകുപ്പ് പ്രകാരമുള്ള സ്വയം വെളിപ്പെടുത്തൽ പൊതു അധികാരികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല, ഹൈക്കോടതികളിൽ നിന്നുള്ള സ്റ്റേ ഉത്തരവുകളിൽ കുടുങ്ങി ദീർഘനാളായി വിവരം നിഷേധിക്കപ്പെടുന്നു എന്നിങ്ങനെ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് വിവിധ പരാതികളും പരിമിതികളും വിവരാവകാശ പ്രവർത്തകർ ചൂണ്ടിക്കാട്ടുന്നു.

ലക്കും ലഗാനുമില്ലാതെ തൊട്ടതിനും പിടിച്ചതിനുമെല്ലാം വിവരാവകാശ അപേക്ഷകൾ നൽകി നിയമത്തെ ദുരുപയോഗിക്കുന്നവരുടെ എണ്ണവും നാൾക്കുനാൾ കൂടി വരുന്നു. സർക്കാർ ഉദ്യോഗസ്ഥർ അവരുടെ സാധാരണ ഔദ്യോഗിക ജോലികൾക്ക് പുറമെയാണ് ദൈനംദിനം ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾ സമയബന്ധിതമായി തീർക്കാൻ യത്നിക്കുന്നത്. അതുകൊണ്ടുതന്നെ അനിയന്ത്രിതവും ചപലവുമായ അപേക്ഷകൾ നൽകി വിവരാവകാശ നിയമത്തെ ദുരുപയോഗിക്കാൻ പാടില്ലെന്ന കർശനനിർദേശം സി.ബി.എസ്.ഇ v. ആദിത്യ ബന്ധോപാധ്യായ കേസിൽ (2011) സുപ്രീംകോടതി പുറപ്പെടുവിക്കുകയും ഉണ്ടായി .

സദ്ഭരണത്തിനുള്ള പ്രധാന താക്കോൽ വിവരാവകാശമാണെന്ന് വീരപ്പ മൊയ്‌ലി അധ്യക്ഷനായ രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ ചൂണ്ടിക്കാട്ടുകയുണ്ടായി. ഇന്ത്യൻ ജനാധിപത്യത്തിന്റെ വേരുകൾ കൂടുതൽ ആഴങ്ങളിലേക്ക് വ്യാപരിക്കുവാൻ ഭരണത്തിലും പൊതുസംവിധാനങ്ങളിലും കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും ഉണ്ടാകേണ്ടിയിരിക്കുന്നു. സർക്കാരിന്റെയും പൊതുപ്രവർത്തകരുടെയും ജാഗ്രതാ നിരീക്ഷകരായി പൗരന്മാർ മാറേണ്ടിയിരിക്കുന്നു. "തെരഞ്ഞെടുപ്പ് ജനാധിപത്യ വാഴ്ച" എന്ന തലത്തിൽ നിന്നും ഭരണ പ്രക്രിയയിൽ ഓരോ വ്യക്തിക്കും സവിശേഷ പ്രാധാന്യമുള്ള "പങ്കാളിത്ത ജനാധിപത്യ വാഴ്ച്' യിലേക്കുള്ള മുന്നേറ്റത്തിന് ഇന്ത്യയിൽ വിവരാവകാശത്തെ ഒരു മൗലിക അവകാശമായി പൂർണ്ണാർത്ഥത്തിൽ വിനിയോഗിക്കേണ്ടതുണ്ട്.




# കാർബൺ ക്രെഡിറ്റ് (Carbon Credit)
## എന്ന ആശയവും ഇന്ത്യയിലെ നിയമ പിന്തുണയും



**ദിപിൻ റോയ് എസ്. എൽ.**
സെക്ഷൻ ഓഫീസർ.
നിയമ വകുപ്പ്.

കാലാവസ്ഥവ്യതിയാനം (Climate change), ആഗോളതാപനം (Global Warming), ഗ്രീൻഹൗസ് വാതകങ്ങളുടെ പുറന്തള്ളൽ (GHG emissions) എന്നിവയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് 'കാർബൺ ക്രെഡിറ്റ് (Carbon Credit) എന്നത്. ആദ്യം പരാമർശിച്ച മൂന്ന് വിഷയങ്ങളെക്കുറിച്ച് പൊതുസമൂഹത്തിന് ഒരു പരിധിവരെ ധാരണ ഉണ്ടാകാമെങ്കിലും, അവയോടൊപ്പം തന്നെ മനസ്സിലാക്കേണ്ട 'കാർബൺ ക്രെഡിറ്റ്' എന്നതിന്റെ പ്രായോഗിക പ്രസക്തിയും പ്രവർത്തനരീതിയും സംബന്ധിച്ച അറിവ് പൊതുജനങ്ങളിൽ ഇപ്പോഴും പരിമിതമാണെന്നതാണ് യാഥാർഥ്യം. കാർബൺ ക്രെഡിറ്റ് എന്ന ആശയത്തിന്റെ എല്ലാ വശങ്ങളും അതിന്റെ സമഗ്രതയിൽ ഒരു ലേഖനത്തിലൂടെ അവതരിപ്പിക്കുന്നത് സ്ഥലപരിമിതി മൂലം പ്രായോഗികമല്ലാത്തതിനാൽ, ഇതുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ ഒരു പൊതുധാരണ ജിജ്ഞാസുക്കൾക്ക് നൽകുക എന്നത് മാത്രമാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്. ഒപ്പം കാർബൺ ക്രെഡിറ്റ് ആശയത്തിന്റെ ഇന്ത്യയിലെ നിയമ പിന്തുണയും ഈ ലേഖനം പരിശോധിക്കുന്നു.

കാലാവസ്ഥ വ്യതിയാനം ഇന്ന് ലോകം നേരിടുന്ന ഏറ്റവും ഗുരുതരമായ പാരിസ്ഥിതിക വെല്ലുവിളികളിലൊന്നാണ്. വ്യവസായവൽക്കരണം, നഗരവൽക്കരണം, വാഹനങ്ങളുടെ അനിയന്ത്രിതമായ വർധന, വൈദ്യുതി ഉത്പാദനത്തിനായി ഫോസിൽ ഇന്ധനങ്ങളുടെ വ്യാപകമായ ഉപയോഗം, വനനശീകരണം എന്നിവയുടെ ഫലമായി

കാർബൺ ഡൈഓക്സൈഡ് ($CO_2$), മീഥേൻ ($CH_4$), നൈട്രസ് ഓക്സൈഡ് ($N_2O$) പോലുള്ള ഗ്രീൻഹൗസ് വാതകങ്ങളുടെ പുറന്തള്ളൽ വർധിക്കുകയും അതുവഴി ആഗോളതാപനം (Global warming) വേഗത്തിലാകുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനായി അന്താരാഷ്ട്ര തലത്തിൽ നിരവധി ആശയങ്ങളും സംവിധാനങ്ങളും രൂപപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ താപനില ഉയരുന്നതോടെ കാലാവസ്ഥ രീതികളിൽ ഗണ്യമായ മാറ്റങ്ങൾ സംഭവിക്കുന്നു. അതിവർഷം, കടുത്ത വരൾച്ച, ചുഴലിക്കാറ്റുകൾ, വെള്ളപ്പൊക്കം, ഹിമാനികളുടെ ഉരുകൽ, സമുദ്രനിരപ്പിന്റെ ഉയർച്ച തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ ആവർത്തിച്ച് സംഭവിക്കുന്നതിന് കാരണമാകുന്നു. ഇത് കാർഷിക ഉൽപ്പാദനം, ജലസ്രോതസുകൾ, മനുഷ്യാരോഗ്യം, ജൈവവൈവിധ്യം എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ കാലാവസ്ഥ വ്യതിയാനം പാരിസ്ഥിതിക പ്രശ്നം മാത്രമല്ല മറിച്ച് സാമ്പത്തികവും സാമൂഹികവുമായ ഒരു ആഗോള വെല്ലുവിളി കൂടിയാണ്.

ഈ സാഹചര്യത്തിൽ ഗ്രീൻഹൗസ് വാതകങ്ങളുടെ ഉത്സർജനം കുറയ്ക്കുന്നതിനായി ലോക രാജ്യങ്ങൾ വിവിധ അന്താരാഷ്ട്ര കരാറുകളും നയങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് കാർബൺ ക്രെഡിറ്റ് (Carbon Credit) എന്ന ആശയം. കാർബൺ ഉത്സർജനം (Carbon Emission) കുറയ്ക്കുന്ന പദ്ധതികൾക്കും സ്ഥാപനങ്ങൾക്കും സാമ്പത്തിക പ്രോത്സാഹനം നൽകുന്ന രീതിയിലാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. ഇതിലൂടെ പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുകയും വ്യവസായങ്ങളെ കൂടുതൽ ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ തന്നെ കാലാവസ്ഥ വ്യതിയാനത്തെ നിയന്ത്രിക്കുന്നതിൽ കാർബൺ ക്രെഡിറ്റ് സംവിധാനം ഇന്ന് ലോകത്ത് ഏറെ പ്രാധാന്യം നേടിയിരിക്കുകയാണ്.

**എന്താണ് കാർബൺ ക്രെഡിറ്റ് ?**

ഒരു കാർബൺ ക്രെഡിറ്റ് എന്നത് ഒരു ടൺ കാർബൺ ഡൈഓക്സൈഡ് ($CO_2$) അല്ലെങ്കിൽ അതിന് തുല്യമായ മറ്റ് ഗ്രീൻഹൗസ് വാതകങ്ങളുടെ പുറന്തള്ളൽ കുറക്കുന്നതിനെ പ്രതിനിധീകരിക്കുന്ന ഒരു സർട്ടിഫിക്കറ്റാണ് (typically a virtual certificate). ഒരു ക്രെഡിറ്റ് കൊണ്ട് ഒരു ടൺ കാർബൺ ഡൈ ഓക്സൈഡോ മറ്റ് ഹരിതഗൃഹ വാതകങ്ങളോ പുറന്തള്ളാൻ അനുവദിക്കുന്നു. അതായത് ക്രെഡിറ്റിന്റെ ഉടമയ്ക്ക് ഒരു നിശ്ചിത അളവിൽ കാർബൺ ഡൈ ഓക്സൈഡോ മറ്റ് ഹരിതഗൃഹ വാതകങ്ങളോ പുറന്തള്ളാൻ അനുവദിക്കുന്ന പെർമിറ്റുകളാണിവ എന്ന് ലളിതമായി പറയാം. ഒരു വ്യക്തിയോ സ്ഥാപനമോ അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന ഹരിതഗൃഹ വാതകങ്ങളുടെ (പ്രത്യേകിച്ച് കാർബൺ ഡയോക്സൈഡ്) ആകെ അളവിനെയാണ് കാർബൺ ഫൂട്ട്പ്രിന്റ് (Carbon Footprint) എന്ന് പറയുന്നത്. ഒരു കമ്പനി അല്ലെങ്കിൽ സ്ഥാപനം അവരുടെ പ്രവർത്തനങ്ങളിൽ നിന്ന് ഉണ്ടാകുന്ന കാർബൺ പുറന്തള്ളൽ കുറച്ചാൽ അവർക്ക് കാർബൺ ക്രെഡിറ്റുകൾ ലഭിക്കും. അതേസമയം കൂടുതൽ കാർബൺ പുറന്തള്ളുന്ന മറ്റൊരു കമ്പനിക്ക് ഈ ക്രെഡിറ്റുകൾ വാങ്ങി അവരുടെ പുറന്തള്ളൽ "ഓഫ്സെറ്റ്" ചെയ്യാൻ കഴിയും. അതായത് കാർബൺ ക്രെഡിറ്റുകൾ വാങ്ങാനും വിൽക്കാനും കഴിയുന്ന ഒരു കാർബൺ മാർക്കറ്റ് രൂപപ്പെടുന്നു. ഇതിലൂടെ കമ്പനികളെ പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യകൾ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. കാർബൺ ക്രെഡിറ്റ് സംവിധാനം പരിസ്ഥിതി സംരക്ഷണത്തിനും സാമ്പത്തിക പ്രോത്സാഹനത്തിനും ഒരുപോലെ സഹായിക്കുന്ന ഒരു സംവിധാനമാണ്. കൂടാതെ നവീകരണ ഊർജ്ജ പദ്ധതികൾക്ക് കൂടുതൽ നിക്ഷേപം ലഭിക്കുന്നതിനും ഇത് സഹായിക്കുന്നു. അന്തരീക്ഷത്തിലുള്ള കാർബൺ ഡൈഓക്സൈഡ് കുറയ്ക്കുന്നതിനായി പ്രകൃതിയിൽ തന്നെ ചില സ്വാഭാവിക സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഭൂമിയിലെ മരങ്ങളും സസ്യങ്ങളും സമുദ്രത്തിലെ പ്ലവകങ്ങളും കാർബൺ ആഗിരണം ചെയ്യുന്നതിൽ

പ്രധാന പങ്ക് വഹിക്കുന്നു. കൂടുതൽ മരങ്ങൾ നട്ട് ഭൂമിയെ പച്ചപ്പാക്കി നിലനിർത്തുന്നതിലൂടെ കാർബൺ ആഗിരണ പ്രക്രിയ ശക്തിപ്പെടുത്താനും കാർബൺ പുറന്തള്ളലിന്റെ ദോഷഫലങ്ങൾ കുറയ്ക്കാനും കഴിയും.

**കാർബൺ ക്രെഡിറ്റ് മാർക്കറ്റ് എങ്ങനെ പ്രവർത്തിക്കുന്നു?**

കാർബൺ ക്രെഡിറ്റ് സംവിധാനം ഒരു വിപണി രീതിയിലാണ് പ്രവർത്തിക്കുന്നത്. കാർബൺ ഉത്സർജനം കുറയ്ക്കുന്ന സ്ഥാപനങ്ങൾ കാർബൺ ക്രെഡിറ്റുകൾ സമ്പാദിക്കുകയും അവ വിപണിയിൽ വിൽക്കുകയും ചെയ്യുന്നു. കൂടുതൽ കാർബൺ പുറന്തള്ളുന്ന സ്ഥാപനങ്ങൾ ഈ ക്രെഡിറ്റുകൾ വാങ്ങി അവരുടെ പരിസ്ഥിതി ബാധ്യത കുറയ്ക്കുന്നു. ഈ രീതിയിലുള്ള വാങ്ങൽ-വിൽപ്പനയെ കാർബൺ ക്രെഡിറ്റ് ട്രേഡിംഗ് എന്ന് വിളിക്കുന്നു. സർക്കാർ അല്ലെങ്കിൽ നിയന്ത്രണ ഏജൻസികൾ ചില വ്യവസായങ്ങൾക്കും സ്ഥാപനങ്ങൾക്കും കാർബൺ ഉത്സർജനത്തിന്റെ ഒരു പരിധി (Emission limit) നിശ്ചയിക്കുന്നു. ഒരു കമ്പനി ഊർജ്ജ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് അല്ലെങ്കിൽ ഉൽപാദന രീതികൾ മെച്ചപ്പെടുത്തി കാർബൺ ഉത്സർജനം കുറയ്ക്കുകയാണെങ്കിൽ, അതിന്റെ അടിസ്ഥാനത്തിൽ അവർക്കു കാർബൺ ക്രെഡിറ്റുകൾ അനുവദിക്കപ്പെടും. സാധാരണയായി ഒരു കാർബൺ ക്രെഡിറ്റ് = ഒരു ടൺ $CO_2$ ഉത്സർജനം കുറച്ചത് എന്നാണ് അർത്ഥം. ഐക്യരാഷ്ട്രസഭ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരം, അന്തരീക്ഷത്തിൽ നിന്ന് ഒരു ടൺ കാർബൺ ഡൈഓക്സൈഡ് നീക്കം ചെയ്യുകയോ വേർതിരിച്ച് കുറയ്ക്കുകയോ ചെയ്താൽ അതിന് തുല്യമായ അംഗീകാരമാണ് ഒരു കാർബൺ ക്രെഡിറ്റ്. ഉദാഹരണമായി, ഒരു പ്രദേശത്ത് വ്യാപകമായി മരങ്ങൾ നട്ട് ഒരു ടൺ കാർബൺ ഡൈഓക്സൈഡ് അന്തരീക്ഷത്തിൽ നിന്ന് ആഗിരണം ചെയ്യാൻ സാധിച്ചാൽ, അതിന്റെ അടിസ്ഥാനത്തിൽ ഒരു കാർബൺ ക്രെഡിറ്റ് ലഭ്യമാകും. ഒരു കമ്പനി നിശ്ചിത പരിധിയേക്കാൾ കൂടുതൽ കാർബൺ പുറന്തള്ളുകയാണെങ്കിൽ, അത് നിയമപരമായി പാലിക്കാൻ മറ്റു കമ്പനികളിൽ നിന്ന് കാർബൺ ക്രെഡിറ്റുകൾ വാങ്ങാം. അതേസമയം, കൂടുതൽ ഉത്സർജനം കുറച്ച കമ്പനികൾക്ക് അവരുടെ അധിക കാർബൺ ക്രെഡിറ്റുകൾ വിപണിയിൽ വിൽക്കാം. ഈ വാങ്ങൽ-വിൽപ്പന പ്രക്രിയയെ കാർബൺ ക്രെഡിറ്റ് മാർക്കറ്റ് എന്ന് വിളിക്കുന്നു. ഈ മാർക്കറ്റ് വഴി കാർബൺ ഉത്സർജനം കുറയ്ക്കുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക ലാഭവും ലഭിക്കുന്നു.

**കാർബൺ ക്രെഡിറ്റ് എന്ന ആശയത്തിന്റെ ചരിത്രവും വികാസവും**

1970–1980 കാലഘട്ടം പരിസ്ഥിതി സംരക്ഷണ ചർച്ചകളുടെ ആരംഭഘട്ടം ആയി കരുതപ്പെടുന്നു. 1970–കളിൽ വ്യവസായവൽക്കരണത്തിന്റെ ഫലമായി ഉണ്ടായ വായു മലിനീകരണവും ഗ്രീൻഹൗസ് വാതകങ്ങളുടെ വർധനവും ലോക രാജ്യങ്ങളെ ആശങ്കപ്പെടുത്താൻ തുടങ്ങി. ഈ കാലഘട്ടത്തിൽ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര ചർച്ചകൾ ശക്തിപ്പെട്ടു. കാലാവസ്ഥാ വ്യതിയാനം ഒരു ആഗോള പ്രശ്നമാണെന്ന് രാജ്യങ്ങൾ തിരിച്ചറിഞ്ഞത് ഈ ഘട്ടത്തിലാണ്.

1992-ൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന Earth Summit-ൽ രൂപീകരിക്കപ്പെട്ട United Nations Framework Convention on Climate Change (UNFCCC)- 1992) കരാർ കാലാവസ്ഥ വ്യതിയാനം നിയന്ത്രിക്കുന്നതിനുള്ള ആദ്യ പ്രധാന അന്താരാഷ്ട്ര ചട്ടക്കൂടായിരുന്നു. ഗ്രീൻഹൗസ് വാതകങ്ങളുടെ പുറന്തള്ളൽ നിയന്ത്രിക്കാൻ രാജ്യങ്ങൾ തമ്മിൽ സഹകരിക്കണമെന്ന് ഈ കരാർ നിർദേശിച്ചു. പിന്നീട് രൂപപ്പെട്ട കാർബൺ ക്രെഡിറ്റ് സംവിധാനത്തിനുള്ള അടിസ്ഥാന ചിന്തകൾ ഈ കരാറിലൂടെ ശക്തമായി.

കാർബൺ ക്രെഡിറ്റ് ആശയത്തിന്റെ യഥാർത്ഥ രൂപീകരണവും പ്രായോഗിക പ്രാധാന്യവും 1997-ൽ സ്വീകരിച്ച Kyoto Protocol എന്ന അന്താരാഷ്ട്ര കാലാവസ്ഥ കരാറോടെയാണ് ആരംഭിച്ചത്. ഈ കരാർ പ്രകാരം വികസിത രാജ്യങ്ങൾക്ക് (developed countries) ഗ്രീൻഹൗസ് വാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കുന്നതിനുള്ള

നിയമപരമായ ബാധ്യത (legally binding targets) ഏർപ്പെടുത്തി. Kyoto Protocol മുഖേന Emission Trading, Clean Development Mechanism (CDM) തുടങ്ങിയ സംവിധാനങ്ങൾ അവതരിപ്പിച്ചതോടെ കാർബൺ ക്രെഡിറ്റ് ആശയം പ്രായോഗികമായി നടപ്പിലായി. അതുകൊണ്ട് തന്നെ, കാർബൺ ക്രെഡിറ്റ് ട്രേഡിംഗ് എന്ന ആശയം അന്താരാഷ്ട്ര തലത്തിൽ നിയമപരമായി അംഗീകരിക്കുകയും പ്രായോഗികമായി നടപ്പിലാക്കുകയും ചെയ്ത ആദ്യ പ്രധാന ഘട്ടമായി Kyoto Protocol കണക്കാക്കപ്പെടുന്നു.

2015-ൽ രൂപം കൊണ്ട Paris Agreement കാർബൺ ക്രെഡിറ്റ് ആശയത്തെ ഒരു പുതിയ ഘട്ടത്തിലേക്ക് ഉയർത്തിയ അന്താരാഷ്ട്ര കാലാവസ്ഥ കരാറാണ്. ഈ കരാർ വഴി കാലാവസ്ഥ വ്യതിയാനത്തെ നിയന്ത്രിക്കുന്നതിൽ എല്ലാ രാജ്യങ്ങളുടെയും പങ്കാളിത്തം നിർബന്ധിതമാക്കുന്ന ഒരു ആഗോള ചട്ടക്കൂട് രൂപീകരിക്കപ്പെട്ടു. Paris Agreement പ്രകാരം ഓരോ രാജ്യവും അവരുടെ Nationally Determined Contributions (NDCs) എന്നറിയപ്പെടുന്ന ദേശീയ പദ്ധതികൾ രൂപപ്പെടുത്തുകയും ഗ്രീൻഹൗസ് വാതകങ്ങളുടെ ഉത്സർജനം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഈ NDCs എന്നത് രാജ്യങ്ങൾ സ്വന്തം സാഹചര്യങ്ങളും വികസന ആവശ്യങ്ങളും പരിഗണിച്ച് തയ്യാറാക്കുന്ന പ്രവർത്തന പദ്ധതികളാണ്. കൂടാതെ, Paris Agreement-ന്റെ Article 6 പ്രകാരം രാജ്യങ്ങൾ തമ്മിൽ സഹകരിച്ച് കാർബൺ കുറയ്ക്കൽ പ്രവർത്തനങ്ങൾ നടത്താനും അന്താരാഷ്ട്ര കാർബൺ മാർക്കറ്റ് സംവിധാനങ്ങൾ വികസിപ്പിക്കാനും അവസരം നൽകുന്നു. ഇതിലൂടെ കാർബൺ ക്രെഡിറ്റ് ട്രേഡിംഗ് സംവിധാനത്തിന്റെ പ്രാധാന്യം ആഗോള തലത്തിൽ കൂടുതൽ ശക്തിപ്പെട്ടു. അതിനാൽ, Paris Agreement കാർബൺ ക്രെഡിറ്റ് സംവിധാനത്തെ ഒരു സർവദേശീയ സഹകരണ സംവിധാനമായി വികസിപ്പിക്കുന്നതിൽ നിർണായകമായ പങ്ക് വഹിച്ചു എന്ന് വിലയിരുത്തപ്പെടുന്നു.

കാർബൺ ക്രെഡിറ്റുകൾ പൊതുവേ രണ്ട് പ്രധാന വിഭാഗങ്ങളിലായി വേർതിരിക്കപ്പെടുന്നു : Compliance Carbon Credits എന്നതും Voluntary Carbon Credits എന്നതും. Compliance carbon credits സർക്കാർ അല്ലെങ്കിൽ അന്താരാഷ്ട്ര കരാറുകൾ പ്രകാരം നിയമപരമായി നിശ്ചയിച്ചിരിക്കുന്ന കാർബൺ ഉത്സർജന പരിധികൾ പാലിക്കുന്നതിനായി വ്യവസായങ്ങൾ ഉപയോഗിക്കുന്ന ക്രെഡിറ്റുകളാണ്. മറുവശത്ത്, Voluntary carbon credits എന്നത് നിയമപരമായ നിർബന്ധമില്ലാതെ സ്ഥാപനങ്ങളോ വ്യക്തികളോ സ്വമേധയാ അവരുടെ carbon emision കുറയ്ക്കുന്നതിനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പിന്തുണയ്ക്കുന്നതിനുമായി വാങ്ങുന്ന ക്രെഡിറ്റുകളാണ്. ഇവ സാധാരണയായി വനവൽക്കരണം, സോളാർ-വിൻഡ് ഊർജ്ജ പദ്ധതികൾ, മാലിന്യ സംസ്കരണം തുടങ്ങിയ പരിസ്ഥിതി സൗഹൃദ പദ്ധതികളിലൂടെ സൃഷ്ടിക്കപ്പെടുന്നു. കൂടാതെ, ചില കാർബൺ ക്രെഡിറ്റുകൾ അന്തരീക്ഷത്തിൽ ഇതിനകം സാന്നിധ്യമുള്ള കാർബൺ ഡൈഓക്സൈഡ് നേരിട്ട് നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്നവയാണ്. ഇവയെ സാധാരണയായി Removal Carbon Credits എന്ന് വിളിക്കുന്നു. വനസംരക്ഷണം, പുതുതായി വൃക്ഷത്തൈകൾ നട്ട് വളർത്തൽ (afforestation), മണ്ണിൽ കാർബൺ സംഭരണം (soil carbon sequestration), കൂടാതെ Carbon Capture and Storage (CCS) പോലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ച് അന്തരീക്ഷത്തിൽ നിന്നുള്ള കാർബൺ പിടിച്ചെടുത്ത് സുരക്ഷിതമായി സംഭരിക്കുന്ന നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇത്തരം ക്രെഡിറ്റുകൾ ലഭിക്കുന്നത്.

**ഇന്ത്യയിലെ കാർബൺ ക്രെഡിറ്റ് സംവിധാനത്തിന്റെ വികസനം**

ഇന്ത്യയിൽ കാർബൺ ക്രെഡിറ്റ് സംവിധാനത്തിന് നിയമപരമായ പിന്തുണ ലഭിച്ചത് പ്രധാനമായും Energy Conservation (Amendment) Act, 2022 വഴിയാണ്. ഈ നിയമം ഇന്ത്യയിൽ ഒരു ദേശീയ കാർബൺ മാർക്കറ്റ് രൂപീകരിക്കുന്നതിന് അടിസ്ഥാനമൊരുക്കി. ഇത് ഇന്ത്യയുടെ Net-Zero Emissions -2070 ലക്ഷ്യം കൈവരിക്കുന്നതിലേക്കുള്ള ഒരു

പ്രധാന നീക്കമാണ്. ഈ നിയമം പ്രകാരം കാർബൺ ഉത്സർജനങ്ങൾ കുറയ്ക്കുന്ന സ്ഥാപനങ്ങൾക്കും വ്യവസായങ്ങൾക്കും കാർബൺ ക്രെഡിറ്റ് സർട്ടിഫിക്കറ്റുകൾ നൽകാൻ സാധിക്കും. ഈ സർട്ടിഫിക്കറ്റുകൾ വിപണിയിൽ വാങ്ങാനും വിൽക്കാനും കഴിയുന്ന രീതിയിൽ ഒരു കാർബൺ ക്രെഡിറ്റ് ട്രേഡിംഗ് സംവിധാനം സർക്കാരിന് രൂപപ്പെടുത്താൻ കഴിയുന്നു. ഇതിലൂടെ വ്യവസായങ്ങൾ കാർബൺ ഉത്സർജനങ്ങൾ കുറയ്ക്കാൻ പ്രോത്സാഹനം ലഭിക്കുകയും പരിസ്ഥിതി സംരക്ഷണത്തിനും കാലാവസ്ഥ വ്യതിയാനം നിയന്ത്രിക്കുന്നതിനും സഹായകമാകുകയും ചെയ്യുന്നു.

2001-ലെ Energy Conservation Act-ൽ 2022-ൽ കൊണ്ട് വന്ന ഭേദഗതികൾ പ്രകാരം ഇന്ത്യയിൽ Carbon Credits, Carbon Credit Certificates എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് കേന്ദ്രസർക്കാർ 2023-ൽ Carbon Credit Trading Scheme, 2025-ൽ Greenhouse Gases Emission Intensity Target Rules എന്നിവ പുറപ്പെടുവിക്കുകയും Indian carbon market framework രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. Greenhouse Gases Emission Intensity Target Rules എന്നത് ഇന്ത്യയിലെ പ്രധാന വ്യവസായ മേഖലകളിൽ ഒരു യൂണിറ്റ് ഉൽപ്പാദനത്തിനിടെ പുറത്തുവിടുന്ന ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന ചട്ടങ്ങളാണ്. ഈ ചട്ടത്തിന്റെ പ്രധാന ലക്ഷ്യം, സുസ്ഥിരവും കുറഞ്ഞ കാർബൺ പുറന്തള്ളൽ പ്രാപ്തമാക്കുന്ന ടെക്നോളജികൾ സ്വീകരിക്കാൻ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുക, രാജ്യത്തെ ആഭ്യന്തര കാർബൺ വിപണി ശക്തിപ്പെടുത്തുക, കൂടാതെ ഇന്ത്യയുടെ അന്താരാഷ്ട്ര കാലാവസ്ഥാ പ്രതിബദ്ധതകൾ, അതായത് Paris Agreement പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള രാജ്യത്തിന്റെ Nationally Determined Contribution (NDC) ലക്ഷ്യങ്ങൾ നേടുന്നതിനുള്ള നടപടികൾക്ക് പിന്തുണ നൽകുക, Net-Zero ലക്ഷ്യവും കൈവരിക്കാൻ സഹായിക്കുക എന്നിവയാണ്. ഇതിലൂടെ സ്ഥാപനങ്ങൾക്ക് emission targets നിശ്ചയിക്കുകയും Emission Target പാലിക്കാത്ത സ്ഥാപനങ്ങൾക്ക് നിയന്ത്രണ സംവിധാനം ഒരുക്കുക, ലക്ഷ്യം കൈവരിക്കാത്തവർ carbon credit വാങ്ങുകയോ പിഴ അടയ്ക്കുകയോ വേണം എന്ന രീതിയിൽ ഉത്തരവാദിത്തം ഉറപ്പാക്കുകയും ചെയ്തു. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) ആണ് ഇതിന് മേൽനോട്ടം വഹിക്കുന്നത്.

Carbon Credit Trading Scheme 2023 എന്നത് കേന്ദ്ര സർക്കാർ രാജ്യത്തെ ഹരിതഗൃഹ വാതകങ്ങളുടെ (Greenhouse Gas) പുറന്തള്ളൽ നിയന്ത്രിക്കുകയും കുറയ്ക്കുകയും ചെയ്യുന്നതിനായി ആരംഭിച്ച ഒരു പ്രധാന ദേശീയ സംവിധാനമാണ്. ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം വ്യവസായങ്ങൾക്കും സ്ഥാപനങ്ങൾക്കും emission targets നിശ്ചയിച്ച് അവ പാലിക്കാൻ പ്രോത്സാഹനം നൽകുക എന്നതാണ്. Emission കുറയ്ക്കുന്ന സ്ഥാപനങ്ങൾക്ക് carbon credit certificates നൽകുകയും അവ കാർബൺ വിപണിയിൽ വാങ്ങാനും വിൽക്കാനും അവസരം ഒരുക്കുകയും ചെയ്യുന്നു. ഇതിലൂടെ മലിനീകരണം കുറയ്ക്കുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക പ്രോത്സാഹനം ലഭിക്കുകയും കൂടുതൽ പ്രകൃതി സൗഹൃദവും നവീനവുമായ സാങ്കേതികവിദ്യകൾ സ്വീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. കൂടാതെ, രാജ്യത്ത് ഒരു ശക്തമായ ആഭ്യന്തര carbon market രൂപീകരിക്കുന്നതിനും renewable energy ഉപയോഗം വർധിപ്പിക്കുന്നതിനും ഈ പദ്ധതി സഹായിക്കുന്നു. ഇതുവഴി ഇന്ത്യയുടെ അന്താരാഷ്ട്ര കാലാവസ്ഥ പ്രതിബദ്ധതകൾ പാലിക്കാനും 2070-ഓടെ Net-Zero emission ലക്ഷ്യം കൈവരിക്കാനും പരിസ്ഥിതി സംരക്ഷണവും സുസ്ഥിര വികസനവും ഉറപ്പാക്കാനും ഈ പദ്ധതി പ്രധാന പങ്ക് വഹിക്കുന്നു.

2026-ൽ ഇന്ത്യയുടെ കാർബൺ ക്രെഡിറ്റ് വിപണിയുടെ മൂല്യം 12,000 കോടി രൂപയായിരുന്നു. ഇന്ത്യയിലെ പ്രമുഖ കമ്പനികൾ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പ്രകാരം കാർബൺ ക്രെഡിറ്റ് (Carbon Credit) പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഉദാഹരണത്തിന് ഊർജ്ജക്ഷമതയുള്ള ഗതാഗത സംവിധാനം നടപ്പാക്കിയതിലൂടെ കാർബൺ ക്രെഡിറ്റ് ലഭിക്കുന്ന ലോകത്തിലെ ആദ്യത്തെ

മെട്രോ റെയിൽ സംവിധാനമായി ഡൽഹി മെട്രോ (DMRC) മാറി. റോഡ് യാത്രയ്ക്ക് പകരം മെട്രോ ഉപയോഗിക്കുന്നത് വഴി പ്രതിവർഷം ലക്ഷക്കണക്കിന് ടൺ കാർബൺ പുറന്തള്ളൽ കുറയ്ക്കാൻ ഇവർക്ക് സാധിക്കുന്നു. ഇതിലൂടെ പ്രതിവർഷം കോടിക്കണക്കിന് രൂപ ഡൽഹി മെട്രോയ്ക്ക് വരുമാനമായി ലഭിക്കുന്നുണ്ട്. കർഷകരെ മണ്ണ് സംരക്ഷണ രീതികൾ (Soil Carbon Farming) ശീലിപ്പിക്കുകയും, അതുവഴി അന്തരീക്ഷത്തിലെ കാർബൺ മണ്ണിൽ പിടിച്ചുനിർത്തുകയും ചെയ്യുന്നതിലൂടെ ഗ്രോ ഇൻഡിഗോ (Grow Indigo) എന്ന സ്ഥാപനം കാർഷിക മേഖലയിലെ കാർബൺ ക്രെഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. നിലവിൽ ഇന്ത്യ കാർബൺ ക്രെഡിറ്റ് ട്രേഡിംഗ് സ്കീം (CCTS) എന്ന പുതിയ സംവിധാനത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. BUREAU OF ENERGY EFFICIENCY (BEE) ആണ് ഈ വിപണിയെ നിയന്ത്രിക്കുന്നത്. കാർബൺ ക്രെഡിറ്റുകളുടെ രജിസ്ട്രേഷനും വ്യാപാരത്തിനുമായി ഇന്ത്യൻ കാർബൺ മാർക്കറ്റ് പോർട്ടൽ 2026 മാർച്ചിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സിമന്റ്, സ്റ്റീൽ, ടെക്സ്റ്റൈൽസ് തുടങ്ങിയ 9 പ്രധാന വ്യവസായ മേഖലകൾക്ക് സർക്കാർ നിശ്ചിത മലിനീകരണ പരിധി നിശ്ചയിച്ചിട്ടുണ്ട്. ഈ പരിധിയിൽ കുറവ് മലിനീകരണം നടത്തുന്ന കമ്പനികൾക്ക് കാർബൺ ക്രെഡിറ്റ് സർട്ടിഫിക്കറ്റുകൾ (CCC) ലഭിക്കും. കാർഷിക മേഖല, വന വൽക്കരണം തുടങ്ങിയ മേഖലകളിലെ ചെറുകിട സംരംഭകർക്കും വ്യക്തികൾക്കും ഇതിൽ പങ്കെടുക്കാം. ഇതിലൂടെ ലഭിക്കുന്ന ക്രെഡിറ്റുകൾ വലിയ കമ്പനികൾക്ക് വിൽക്കാൻ സാധിക്കും. കാർബൺ ഫാമിംഗ് വഴി കർഷകർക്ക് കൃഷിയിടങ്ങളിൽ മരം നട്ടുപിടിപ്പിക്കുക (Agroforestry), മണ്ണ് ഉഴുതുമറിക്കുന്നത് കുറയ്ക്കുക, ജൈവവളം ഉപയോഗിക്കുക എന്നിവയിലൂടെ അന്തരീക്ഷത്തിലെ കാർബൺ മണ്ണിൽ സംഭരിക്കാൻ സാധിക്കും. കമ്പനികൾക്കും വ്യവസായങ്ങൾക്കും ഊർജ്ജക്ഷമതയുള്ള മെഷീനുകൾ ഉപയോഗിക്കുകയോ പുനരുപ യോഗ ഊർജ്ജത്തിലേക്ക് (സൗരോർജ്ജം, കാറ്റ്) മാറുകയും ചെയ്യുക വഴി കാർബൺ ക്രെഡിറ്റ് സ്വന്തമാക്കാം.

കർഷകരെ സംബന്ധിച്ച് കാർബൺ ക്രെഡിറ്റ് വരുമാന മാർഗ്ഗമായി മാറ്റുന്നതെങ്ങനെ എന്ന് നോക്കാം. വ്യക്തിഗതമായി ക്രെഡിറ്റ് നേടുക പ്രയാസമായതിനാൽ, Farmer Producer Organisations (FPO) അല്ലെങ്കിൽ അഗ്രഗേറ്ററുകൾ വഴിയാണ് കർഷകർ ഇതിൽ ചേരേണ്ടത്. സമാന്തരമായി പ്രവർത്തിക്കുന്ന ചെറുകിട കർഷകരെയോ സ്ഥാപനങ്ങളെയോ ഏകോപിപ്പിച്ച്, അവരുടെ കാർബൺ ക്രെഡിറ്റുകൾ മൊത്തമായി വിൽക്കാൻ സഹായിക്കുന്ന ഏജൻസികളാണ് അഗ്രഗേറ്ററുകൾ (Aggregators). കൃഷിഭൂമിയുടെ വലിപ്പം, നിലവിൽ കൃഷി ചെയ്യുന്ന രീതികൾ, കഴിഞ്ഞ 3–5 വർഷത്തെ വിളവെടുപ്പ് വിവരങ്ങൾ എന്നിവ നൽകണം. രാസവളം കുറയ്ക്കുക, മരം നടുക, മണ്ണ് സംരക്ഷിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ കൃഷിയിടത്തിൽ നടപ്പിലാക്കണം. ഏജൻസികൾ സാറ്റലൈറ്റ് അല്ലെങ്കിൽ നേരിട്ടുള്ള പരിശോധന യിലൂടെ കാർബൺ പുറന്തള്ളൽ എത്ര കുറഞ്ഞു എന്ന് കണക്കാക്കും. ഗവൺമെന്റ് അല്ലെങ്കിൽ അന്താരാഷ്ട്ര ഏജൻസികൾ കാർബൺ ക്രെഡിറ്റ് സർട്ടിഫിക്കറ്റുകൾ നൽകുകയും അവ വിറ്റുകിട്ടുന്ന പണം കർഷകന്റെ അക്കൗണ്ടിലേക്ക് എത്തുകയും ചെയ്യും. കൈരളി അഗ്രികൾച്ചർ മൾട്ടി-സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (Kairali MSCS) കേരളത്തിൽ പ്രവർത്തിക്കുന്ന ഒരു Aggregator ആണ്. കൂടാതെ ഭൂമിത്ര (Boomitra), ഗ്രോ ഇൻഡിഗോ (Grow Indigo) എന്നിവ ഇന്ത്യയിൽ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുള്ള രാജ്യാന്തര തലത്തിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട Aggregators ആണ്. കാർബൺ ക്രെഡിറ്റ് ലഭിച്ചു തുടങ്ങാൻ സാധാരണയായി 2 മുതൽ 3 വർഷം വരെ സമയമെടുക്കാം.

കാർബൺ ക്രെഡിറ്റ് സംവിധാനം കാലാവസ്ഥ വ്യതിയാനത്തെ നേരിടാനുള്ള ഒരു പ്രധാന മാർഗ്ഗമായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഇതിനെതിരെ നിരവധി വിമർശനങ്ങളും ഇതിനോടകം ഉയർന്നിട്ടുണ്ട്. വലിയ കമ്പനികൾക്ക് മലിനീകരണം തുട രാൻ അവസരമൊരുക്കുന്നതിലൂടെ പാരിസ്ഥിതിക ലക്ഷ്യങ്ങളെ ഭാഗികമായി അട്ടിമറിക്കുന്നു എന്ന വിമർശനമാണ് പ്രധാനമായും ഉന്നയിക്കപ്പെടുന്നത്.

അതായത് യഥാർത്ഥ കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനേക്കാൾ ഇത് പലപ്പോഴും ഒരു തരം "ഗ്രീൻ വാഷിംഗ്' (greenwashing) (ഒരു കമ്പനിയുടെ ഉൽപ്പന്നങ്ങൾ പാരിസ്ഥിതികമായി എങ്ങനെ സംരക്ഷിക്കപ്പെടുന്നു എന്നതിനെക്കുറിച്ചുള്ള തെറ്റായ ധാരണ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾ കൈമാറുന്ന പ്രക്രിയയാണ് ഗ്രീൻവാഷിംഗ്) ആയി പ്രവർത്തിക്കുന്നു എന്നാണ് വിമർശനം. വ്യാജ ക്രെഡിറ്റുകൾ, വിപണിയിലെ കൃത്രിമത്വം, സാമ്പത്തിക ലാഭത്തിനായുള്ള ചൂഷണം എന്നിവ ഇതിന്റെ പ്രധാന ദോഷവശങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

ഹരിതഗൃഹ വാതകങ്ങൾ കുറയ്ക്കുന്നതിനും കാർബൺ വേർതിരിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനുള്ള ഫലപ്രദമായ സാമ്പത്തിക സംവിധാനമായി കാർബൺ വിപണികൾ ആഗോളതലത്തിൽ ഉയർന്നുവന്നിട്ടുണ്ട്. പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെയും ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെയും നേതൃത്വത്തിൽ ഒരു ദേശീയ കാർബൺ ക്രെഡിറ്റ്-ട്രേഡിംഗ് സ്കീമിന്റെ അന്താരാഷ്ട്രവൽക്കരണത്തിലേക്ക് ഇന്ത്യ നിലവിൽ പുരോഗമിക്കുകയാണ്. ഈ സാഹചര്യത്തിൽ, നിരവധി ഇന്ത്യൻ സംസ്ഥാനങ്ങൾ ഇതിനകം തന്നെ വനവൽക്കരണം, കണ്ടൽക്കാടുകളുടെ പുനഃസ്ഥാപനം, കാർഷിക വനവൽക്കരണം, ഭൂമി പുനഃസ്ഥാപനം, കാർബൺ ഫിനാൻസുമായി ബന്ധപ്പെട്ട മറ്റ് പ്രകൃതി അധിഷ്ഠിത പരിഹാരങ്ങൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. ഗുജറാത്ത്, തമിഴ്നാട്, ഒഡീഷ, ഹിമാചൽ പ്രദേശ്, ജാർഖണ്ഡ്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ അവരുടെ വനം വകുപ്പുകൾ, വിവിധ സമിതികൾ അല്ലെങ്കിൽ Special Purpose Vehicles എന്നിവയിലൂടെ കാർബൺ ക്രെഡിറ്റ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ നിരവധി കാർബൺ ക്രെഡിറ്റ് കമ്പനികൾ വനവൽക്കരണം, പുനരുപയോഗ ഊർജ്ജം, കാർഷിക പദ്ധതികൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സുസ്ഥിര രീതികളിലൂടെയും നൂതന കാർബൺ ഓഫ്സെറ്റ് പരിഹാരങ്ങളിലൂടെയും കാലാവസ്ഥ പ്രവർത്തനങ്ങളിൽ വിപ്ലവം സൃഷ്ടിക്കുകയാണ്. 2026-ൽ കേരളത്തിലെ കാർബൺ ക്രെഡിറ്റ് മാർക്കറ്റ് ഗണ്യമായി വളർന്നിട്ടുണ്ട്. കേരളത്തിൽ Carbon Credit പദ്ധതികൾ, വനസംരക്ഷണം, plantation മേഖല, കാർഷിക മേഖല, biogas പദ്ധതികൾ, carbon-neutral panchayat പദ്ധതികൾ എന്നിവ വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വിജയകരമായി പുരോഗമിക്കുന്നു. Kochi Metro Rail Limited കാർബൺ ഉത്സർജനം കുറയ്ക്കുന്നതിനുള്ള നടപടികൾക്ക് അടിസ്ഥാനമായി കാർബൺ ക്രെഡിറ്റുകൾ ലഭ്യമാക്കാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. Periyar Tiger Reserve പോലുള്ള വനമേഖലകളും Meenangadi പോലുള്ള പഞ്ചായത്തുകളും carbon sequestration വർധിപ്പിച്ച് carbon credits സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നു. ഇതിലൂടെ greenhouse gas emission കുറയ്ക്കുകയും sustainable development പ്രോത്സാഹിപ്പിക്കുകയും കൂടാതെ കർഷകർക്കും സ്ഥാപനങ്ങൾക്കും സാമ്പത്തിക പ്രോത്സാഹനം ലഭ്യമാക്കുകയും ചെയ്യുന്നു. കേരളത്തിന്റെ സമൃദ്ധമായ വനസമ്പത്തും ഹരിതാഭമായ ഭൂപ്രകൃതിയും കണ്ടൽക്കാടുകളും (Mangroves) കാർബൺ ക്രെഡിറ്റ് പോലുള്ള നൂതന ആശയങ്ങൾ മുന്നോട്ടു വയ്ക്കുന്ന അനന്ത സാധ്യതകളെ തുറന്നിടുന്നു.

ഈ സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിലൂടെ പരിസ്ഥിതി സംരക്ഷണവും സുസ്ഥിര വികസനവും ഉറപ്പാക്കുന്നതിനോടൊപ്പം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്കും പ്രാദേശിക സമൂഹങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വലിയ അവസരങ്ങൾ സൃഷ്ടിക്കാനാകും. അതുകൊണ്ട് തന്നെ 2001-ലെ Energy Conservation Act-ൽ 2022-ൽ കൊണ്ടുവന്ന ഭേദഗതികൾ രാജ്യത്തിന്റെയും കേരളത്തിന്റെയും ഹരിതഭാവി ശക്തിപ്പെടുത്തുന്നതിനുള്ള ഒരു ദിശാസൂചികയായി മാറുമെന്നു പ്രതീക്ഷിക്കാം.


വേറിട്ട
വിധികൾ
IndiGo
goIndiGo.in
IndiGo
LOST
LOST

*കുറിപ്പ് — വേറിട്ട വിധികളിൽ ഉൾപ്പെട്ടിരിക്കുന്ന വിധികൾ എല്ലാം അന്തിമവിധികളല്ല. വ്യത്യസ്ഥവും കൗതുകകരവുമായ ചില വിധികൾ വായനക്കാരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.*

**ബാഗേജ് നഷ്ടപ്പെട്ടതിന് 1.19 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ വിമാനക്കമ്പനിക്ക് നിർദ്ദേശം**

സൗദി അറേബ്യയിൽ നിന്നുള്ള മടക്കയാത്രയിൽ രണ്ട് യാത്രക്കാരുടെ ചെക്ക്-ഇൻ ചെയ്ത ബാഗേജ് നഷ്ടപെട്ടതിനെ തുടർന്ന് ജമ്മു കശ്മീരിലെ ബാരാമുള്ള/ബന്ദിപ്പൂരിലെ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഇൻഡിഗോ എയർലൈൻസിനോട് 1.19 ലക്ഷം രൂപ നഷ്ടപരിഹാരം അവർക്ക് നൽകാൻ ഉത്തരവിട്ടു. നഷ്ടപ്പെട്ട ബാഗേജിന്റെ വിലയായി 89,000 രൂപയും, ഉണ്ടായ മാനസിക ക്ലേശത്തിനും അസൗകര്യത്തിനുമായി 20,000 രൂപയും, കോടതി ചെലവായി 10,000 രൂപയും നൽകണമെന്ന് വിമാനക്കമ്പനിയോട് ജില്ലാ ഉപഭോക്തൃ കമ്മീഷൻ നിർദേശിച്ചു. ടി തുക 30 ദിവസത്തിനുള്ളിൽ അടയ്ക്കണമെന്നും, അല്ലാത്തപക്ഷം ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ തുക നൽകുന്നതുവരെ പ്രതിവർഷം 10 ശതമാനം നിരക്കിൽ പലിശ നൽകണമെന്നും കൂടി നിർദ്ദേശിച്ചു.

പരാതിക്കാരുടെ അഞ്ച് ബാഗേജുകൾ ചെക്ക്-ഇൻ ചെയ്തിരുന്നെങ്കിലും വിമാനം ഇറങ്ങിയ വിമാനത്താവളത്തിൽ നിന്നും അവർക്ക് നാല് ബാഗേജുകൾ മാത്രമേ ലഭിച്ചുള്ളൂവെന്ന് കമ്മീഷൻ നിരീക്ഷിച്ചു. പ്രോപ്പർട്ടി ഇറഗുലാരിറ്റി റിപ്പോർട്ട് (PIR) പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തെങ്കിലും, കാണാതായ ബാഗേജ് കണ്ടെത്താനായില്ല.

പരാതിക്കാരായ മുഹമ്മദ് മഖ്ബൂൽ ഹക്കീമും ഭാര്യ ഫർഹത്ത് അറയും സൗദി അറേബ്യയിലെ ദമാമിൽ നിന്ന് ഡൽഹി വഴി ശ്രീനഗറിലേക്ക് വിമാനം മുഖേന യാത്ര ചെയ്തിരുന്നു. ദമാം വിമാനത്താവളത്തിലെ ഇൻഡിഗോ ജീവനക്കാർ ശരിയായ രീതിയിൽ ചെക്ക-ഇൻ നടത്താതെ തങ്ങളുടെ ഗ്രൂപ്പിന്റെ ബാഗേജുകൾ കൂട്ടിയിട്ടെന്നും വ്യക്തിഗത ബാഗേജ് ടാഗുകൾ നൽകുന്നതിൽ വീഴ്ച വരുത്തിയെന്നും അവർ ആരോപിച്ചു.

ഡൽഹിയിൽ വിമാനം എത്തിയപ്പോൾ ഒരു ബാഗ് കാണാനില്ലായിരുന്നു. ഫോട്ടോഗ്രാഫുകൾ ഉൾപ്പെടെ ആവശ്യമായ എല്ലാ വിവരങ്ങളും നൽകിയിട്ടും ബാഗേജ് കണ്ടെത്താൻ വിമാന കമ്പനിക്ക് കഴിഞ്ഞില്ല. കാണാതായ ബാഗിൽ 89,000/- രൂപ വിലവരുന്ന വിലപിടിപ്പുള്ള വസ്തുക്കൾ ഉണ്ടായിരുന്നുവെന്നും കമ്പനിയുടെ അശ്രദ്ധ മൂലമാണ് നഷ്ടം സംഭവിച്ചതെന്നും പരാതിക്കാർ വാദിച്ചു.

മേൽപറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ, ഉപഭോക്തൃ കമ്മീഷൻ വിമാന കമ്പിനിയെ ഉത്തരവാദിയാക്കുകയും യാത്രക്കാർക്കുണ്ടായ നഷ്ടത്തിനും അസൗകര്യത്തിനും നഷ്ടപരിഹാരം നൽകുന്നത് ഉചിതമാണെന്ന് തീരുമാനിക്കുകയും ചെയ്തു.

*[സി. സി. നമ്പർ ........-ൽ ജമ്മു കാശ്മീരിലെ ബാരാമുള്ള/ബന്ദിപ്പൂരിലെ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പുറപ്പെടുവിച്ച 16.03.2026-ലെ വിധിന്യായത്തെ അടിസ്ഥാനമാക്കി]*




നിയമപദപരിചയം

# നിയമപദപരിചയം

Abalienate - അവകാശം കൈമാറുക

Blank indorsement -ഗുണഭോക്താവിനെ പരാമർശിക്കാതെ മേലൊപ്പ് വെക്കുക

Causa Proxima - നേരിട്ടുള്ള കാരണം

Causa Remota - വിദൂരകാരണം

Declinatory plea - വിസ്താരത്തിനു മുന്നേ തടസ്സവാദം (അധികാരിതയില്ലായ്മയെ പറ്റി)

Encumbered estate - കടബാധ്യതയുള്ള വസ്തുവകകൾ

Fiduciary - വിശ്വാസത്തിലധിഷ്ഠിതമായ

Geographical indications - ഭൂവിവരണ സൂചനകൾ

Heir-apparent- പ്രത്യക്ഷ അനന്തരാവകാശി

Imprimatur - ഔദ്യോഗിക അംഗീകാരം, ഔദ്യോഗിക അനുവാദം, ഔദ്യോഗിക അനുമതി

Literal construction - പദാനുപദ വ്യാഖ്യാനം

Misfeasance - അതിക്രമം

Non compos mentis - സമനില തെറ്റിയ മനസ്സ്

Par delictum - തുല്യമായി തെറ്റു ചെയ്ത

Restrictive trade practice - നിയന്ത്രിത വ്യാപാര സമ്പ്രദായം


Stare decisis - മുൻകാലവിധിപ്രമാണ പാലനം

Tenuous evidence - ദുർബലമായ തെളിവ്

Undischarged insolvent - അവിമുക്ത നിർദ്ധനൻ

Vicarious liability - പരോക്ഷ ബാധ്യത, ബദൽ ബാധ്യത

Wrongful restraint - അന്യായതടസ്സം




# നിയമസൂക്തങ്ങൾ
## (Legal Maxims)

***In contrahenda venditione, ambiguum pacutum contra venditorem interpretandum est - In the contract of sale, an ambiguous agreement is to be interpreted against the seller;*** അവ്യക്തമായ കച്ചവട ഉടമ്പടി വില്പനക്കാരന് എതിരായി വ്യാഖ്യാനിക്കണം.

***Ambiguitas verborum patens nulla verificatione excluditur - A patent ambiguity in the words of a written instrument cannot be cleared up by extrinsic evidence;*** പ്രമാണങ്ങളിലെ പ്രത്യക്ഷത്തിലുള്ള അവ്യക്തത ബാഹ്യമായ തെളിവുകൾ നൽകി പരിഹരിക്കാവുന്നതല്ല.

***Ubi jus incertum, ibi jus nullum - Where the law is uncertain, there is no law;*** അവ്യക്തമായ നിയമം, ഇല്ലാത്തതിന് തുല്യമാണ്.

***Judicis est jus dicere, non dare - It is the province of a judge to declare the law, not to prove it;*** ജഡ്ജിയുടെ കർമ്മം നിയമത്തെ നടപ്പാക്കുന്നതിലാണ്, തെളിയിക്കുന്നതിലല്ല.

***Breve judiciale non cadit pro defectu formae - A judicial writing does not fail through defect of form;*** രൂപത്തിലെ പിഴവ് വിധിയെ ബാധിക്കുകയില്ല.

***Lex nil facit frustra - The law does nothing in vain;*** നിയമം വിഫലമായ പ്രവൃത്തി ചെയ്യുകയില്ല.

***Ejus nulla culpa est, cuiparere ecesse sit - No guilt attaches to him who is compelled to obey;*** അനുസരിക്കാൻ നിർബന്ധിതനായ ആൾ കുറ്റം ചെയ്യുന്നില്ല.

***Prudenter agit qui praecepto legis obtemperat - He acts prudently who obeys the command of the law;*** നിയമത്തെ അനുസരിക്കുന്നവൻ സൂക്ഷ്മതയോടെ പ്രവർത്തിക്കും.

***Hominum causa jus constitutum est - Law is established for the benefit of man;*** നിയമം മനുഷ്യ നന്മയ്ക്കു വേണ്ടിയാണ്.

***Qui non habet, ille non dat - He who has not, gives not;*** ഒന്നും ഇല്ലാത്തവൻ ഒന്നും നൽകുന്നില്ല.

***Carcer non supplicii cause sed custodiae constitutus - A prison is ordained not for the sake of punishment, but of detention and guarding;*** ശിക്ഷിക്കാനല്ല, തടവിൽ വെക്കുന്നതിനും സൂക്ഷിക്കുന്നതിനുമാണ് ജയിൽ.

***Home ne sera puny pur suer des briefes en court le roy, soil il a droit ou a tort - A man shall not be punished for suing out writs in the king-'s court, whether he be right or wrong;*** കോടതിയിൽ വ്യവഹാരം ഫയൽ ചെയ്തുവെന്നതിന്റെ പേരിൽ ഒരാൾ ശിക്ഷിക്കപ്പെടരുത്, കേസ് കളവായിരുന്നാൽ പോലും

***Melior est justitia vere praeveneiens quam severe puniens - That justice which absolutely prevents is better than that which severely punishes it;*** പ്രതിരോധിക്കാൻ കഴിയുന്ന നിയമമാണ് കഠിനമായ ശിക്ഷ നൽകുന്നതിനെക്കാൾ ഉത്തമം.

***Cuicunque aliquis quid concedit concedere videtur et id, sine quo res ipsa esse non potuit - Whoever grants anything to another is supposed to grant that also without which the thing itself would be of no effect;*** ഒരാൾ ഒരു കാര്യം മറ്റൊരാൾക്ക് നൽകിയെങ്കിൽ അത് ഫലപ്രദമാകുന്നതിന് വേണ്ടിയുള്ള മറ്റ് കാര്യങ്ങളും അയാൾ നൽകിയിരിക്കണം.

***A verbis legis non est recedendum - You must not vary the words of a statute;*** നിങ്ങൾ നിയമത്തിലെ വാക്കുകൾക്ക് അർത്ഥഭേദം വരുത്തരുത്.

***Melior testatoris in testamentis spectanda est - In wills the intention of a testator is to be regarded;*** ഒസ്യത്തിന്റെ കാര്യമാവുമ്പോൾ അത് എഴുതിവെച്ച ആളുടെ ഇഷ്ടം ഗൗനിക്കപ്പെടേണ്ടതാണ്.

***Ubi pugnantia inter se in testamento juberentur - Where repugnant or inconsistent directions are contained in a will, neither is valid;*** ഒസ്യത്തിൽ പരസ്പരവിരുദ്ധമായ നിർദ്ദേശമുണ്ടെങ്കിൽ അവ രണ്ടും അസാധുവായിരിക്കും.




സെർഷ്യോററി

സെഷൻസ് ജഡ്ജി

സേവന-വേതനവ്യവസ്ഥ

സേവനമനുഷ്ഠിക്കുക

സൈബർ ഹാക്കിങ്

സൈബർസെൽ

സൈബർസുരക്ഷ

സൊസൈറ്റി

സോഫ്റ്റുവെയർ

സോഷ്യലിസം

സ്കൂൾ

സ്തോത്രം

സ്തോഭം

സ്ത്രീശക്തീകരണം

സ്ഥായിഭാവം

സ്ഥൈര്യം

സ്പീക്കർ

സ്പോർട്സ്

സ്ഫടികം

സ്ഫുലിംഗം

സ്രഷ്ടാവ്

സ്വതഃസിദ്ധം

സ്വത്വം

സ്വർഗം

സ്വർണ്ണം

സ്വർണ്ണപ്പണയം

സ്വസ്തി

സ്വാദിഷ്ടം

സ്വിച്ച്
സ്വീകർത്താവ്
സ്വീകാരം (സ്വീകരിക്കൽ)
സ്വീകാര്യം (സ്വീകരിക്കാവുന്നത്)
സ്വേച്ഛാധിപത്യം
സ്വേച്ഛാനുസരണം
സ്റ്റേപ്ളർ
സ്റ്റേഷൻ ഡയറക്ടർ
സ്റ്റോക്ക് രജിസ്റ്റർ
ഹർജി
ഹാർഡ് വെയർ
ഹാർദം
ഹാൾ
ഹിയറിങ്
ഹുസൂർ ശിരസ്തദാർ
ഹൃദിസ്ഥം
ഹൃദ്യം
ഹെഡ് അക്കൗണ്ടന്റ്
ഹെഡ് കോൺസ്റ്റബിൾ
ഹെഡ് ക്ലാർക്ക്
ഹെഡ്മാസ്റ്റർ
ഹെഡ്മിസ്ട്രസ്സ്
ഹെൽമറ്റ്
ഹേബിയസ് കോർപ്പസ്

ഹൈക്കോടതി
ഹൈഫൻ
ഹൈവേ
ഹ്രസ്വം
റഗുലേഷൻ
റഗുലേറ്റർ
റഫറി
റബ്ബർ
റവന്യൂ
റവന്യൂ റിക്കവറി
റിക്കവറി
റിട്ട്
റിട്ട് ഹർജി
റിപ്പോർട്ട്
റിമാൻഡ്
റിസർവ് ഓഫീസർ
റിസർവ് ബാങ്ക്
റിസീവർ (ഭരണം)
റെഗുലേഷൻ ഫീസ്
റെഗുലേറ്ററിക്കമ്മീഷൻ
റെയിൽവേ
റേഡിയോ
റേഷൻകാർഡ്
റോഡ്



# നിയമലോകം

**കാഴ്ച പരിമിതിയുള്ള വനിത കേരളത്തിൽ ആദ്യമായി ജുഡീഷ്യൽ ഓഫീസറായി.**

2025 വർഷത്തെ കേരള ജുഡീഷ്യൽ സർവീസ് പരീക്ഷയിൽ ബെഞ്ച്മാർക്ക് വൈകല്യമുള്ള വ്യക്തികളുടെ മെറിറ്റ് പട്ടികയിൽ ഒന്നാം സ്ഥാനം നേടിയ **അഡ്വ. താന്യ നാഥൻ** സി. കാഴ്ച വൈകല്യമുള്ള ആദ്യ വനിതാ ജഡ്ജിയായി നിയമിതയായി. ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, ആർ. മഹാദേവൻ എന്നിവരടങ്ങിയ സുപ്രീം കോടതി ബെഞ്ച് 2025-ൽ പുറപ്പെടുവിച്ച സുപ്രധാന വിധിയെ തുടർന്നായിരുന്നു (In Re Recruitment of Visually Impaired in Judicial Services : 2025 INSC 300) അഡ്വ. താന്യ നാഥന് ജഡ്ജിയാകാൻ അവസരം ലഭിച്ചത്.

കാഴ്ച വൈകല്യമുള്ള ഉദ്യോഗാർത്ഥികൾ ജുഡീഷ്യൽ സർവീസിന് 'യോഗ്യരല്ല' എന്ന് പറയാനാവില്ലെന്നും അവർക്ക് ജുഡീഷ്യൽ സർവീസിലെ തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ അർഹതയുണ്ടെന്നും എന്ന് ടി വിധിന്യായത്തിൽ ബഹു. സുപ്രീംകോടതി വ്യക്തമാക്കി. വൈകല്യമുള്ളവർക്ക് ജുഡീഷ്യൽ സർവീസിൽ നിയമനം നേടുന്നതിൽ ഒരു വിവേചനവും നേരിടേണ്ടി വരരുത് എന്നും, പകരം എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ചട്ടക്കൂട് തയാറാക്കുന്നതിന് സംസ്ഥാനത്തിന്റെ ഭാഗത്ത് നിന്ന് ക്രിയാത്മകമായ നടപടി ഉണ്ടാകണം എന്നും, ഒരു ഉദ്യോഗാർത്ഥിക്കും വൈകല്യത്തിന്റെ പേരിൽ മാത്രം പരിഗണന നിഷേധിക്കരുതെന്നും ബഹു. കോടതി വിധിച്ചിരുന്നു.

24 വയസ്സുള്ള അഡ്വ. താന്യ നാഥൻ കണ്ണൂർ സർവകലാശാലയിൽ നിന്ന് ഒന്നാം റാങ്കോടെ എൽ.എൽ.ബി. പൂർത്തിയാക്കിയ ശേഷം തളിപ്പറമ്പിലെ അഡ്വ. കെ.ജി. സുനിൽകുമാറിന്റെ ജൂനിയറായി പ്രാക്ടീസ് ചെയ്തുവരികയായിരുന്നു.



## പതിനഞ്ചാം കേരളനിയമസഭയുടെ 16-ാം സമ്മേളനത്തിൽ ആക്റ്റ് ആയ ബില്ലുകൾ

**2026-ലെ കേരള ധനവിനിയോഗ ആക്റ്റ്**

(2026-ലെ 2-ാം ആക്റ്റ്)

**2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ്**

(2026-ലെ 4-ാം ആക്റ്റ്)

**THE KERALA ADVOCATES-' WELFARE FUND (AMENDMENT) ACT, 2026**

(ACT 5 OF 2026)

**THE ABKARI (AMENDMENT) ACT, 2026**

(ACT 6 OF 2026)

**THE KERALA FINANCE ACT, 2026**

(ACT 7 OF 2026)

**2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ്**

(2026-ലെ 8-ാം ആക്റ്റ്)

**2026-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ്**

(2026-ലെ 9-ാം ആക്റ്റ്)

**2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൻെറ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ്**

(2026-ലെ 10-ാം ആക്റ്റ്)




# നിയമവകുപ്പ് വാർത്തകൾ

**നിയമം അനുശാസിക്കൽ ജീവിതരീതിയുടെ ഭാഗമാകണം : "മാറ്റൊലി 2026"ന്റെ ഉദ്ഘാടന വേളയിൽ ബഹു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്**

നിയമം അനുശാസിക്കൽ ജീവിതരീതിയുടെ ഭാഗമാണെന്നും സ്കൂളുകളിൽ നിയമ പഠന സിലബസ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് മുൻകൈയെടുത്ത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും ബഹു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ മഹേന്ദ്രൻ പറഞ്ഞു. നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കും വിദ്യാർഥികൾക്കും വേണ്ടി സംഘടിപ്പിക്കുന്ന സാമൂഹ്യ-നിയമ ബോധവൽക്കരണ പരിപാടിയായ "**മാറ്റൊലി 2026**" ന്റെ ഉദ്ഘാടനം 13.01.2026-ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഹാളിൽ നിർവഹിച്ചുകൊണ്ട്



സംസാരിക്കുകയായിരുന്നു അദ്ദേഹം. നിയമങ്ങൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം നിയമ വകുപ്പിനോ വകുപ്പ് മേധാവികൾക്കോ മാത്രമല്ല, എല്ലാവർക്കുമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ബഹു.നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ, അഡീഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ്, ആലപ്പുഴ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ശ്രീ. എസ് രഞ്ജിത്ത്, നിയമ വകുപ്പ് സെക്ഷൻ ഓഫീസർ ശ്രീമതി എം. എം. ഗായത്രി തുടങ്ങിയവർ സംസാരിച്ചു.

"ഇന്ത്യൻ ഭരണഘടനയും പുതിയ ക്രിമിനൽ നിയമങ്ങളും ഉറപ്പാക്കുന്ന സ്ത്രീ സുരക്ഷിതത്വം" എന്ന വിഷയത്തിൽ അഡ്വ. ഭുവനേന്ദ്രൻ നായർ വി. യും, "സ്ത്രീ ശാക്തീകരണത്തിൽ പ്രത്യേകനിയമങ്ങൾ വഹിക്കുന്ന പങ്ക്" എന്ന വിഷയത്തിൽ (റിട്ട.) അഡീഷണൽ നിയമസെക്രട്ടറി ശ്രീ. കെ. പ്രസാദും ക്ളാസുകൾ നയിച്ചു. ആലപ്പുഴ ജില്ലയിലെ കുടുംബശ്രീ പ്രവർത്തകർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.



**"മാറ്റൊലി 2026" പാലക്കാട് ജില്ലയിൽ സംഘടിപ്പിച്ചു**

നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കുമായുള്ള സാമൂഹ്യ-നിയമ ബോധവൽക്കരണ പരിപാടിയായ "**മാറ്റൊലി 2026**" പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ 30.01.2026-ന് സംഘടിപ്പിച്ചു. ബഹു. നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ, ബഹു. കേരള വനിതാ കമ്മീഷൻ അംഗം ശ്രീമതി മഹിളാമണി വി. ആർ. ഉദ്ഘാടനം നിർവ്വഹിച്ചു. നിയമ വകുപ്പ് അഡീഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ് സ്വാഗതവും, കുടുംബശ്രീ അസിസ്റ്റന്റ് ജില്ലാ മിഷൻ കോഡിനേറ്റർ ശ്രീ. സുഭാഷ് ആശംസയും, സെക്ഷൻ ഓഫീസർ ശ്രീമതി ഗായത്രി എം.എം നന്ദിയും അർപ്പിച്ചു.









“ഇന്ത്യൻ ഭരണഘടനയും പുതിയ ക്രിമിനൽ നിയമങ്ങളും ഉറപ്പാക്കുന്ന സ്ത്രീ സുരക്ഷിതത്വം” എന്ന വിഷയത്തിൽ കേരള ഹൈക്കോടതിയിലെ സീനിയർ ഗവണ്മെന്റ് പ്ലീഡറായ അഡ്വക്കേറ്റ് പ്രീത കെ. കെ. യും, “സ്ത്രീ ശാക്തീകരണത്തിൽ പ്രത്യേകനിയമങ്ങൾ വഹിക്കുന്ന പങ്ക്” എന്ന വിഷയത്തിൽ (റിട്ട.) അഡീഷണൽ നിയമസെക്രട്ടറി ശ്രീ. കെ. പ്രസാദും ക്ളാസുകൾ നയിച്ചു. പാലക്കാട് ജില്ലയിലെ കുടുംബ ശ്രീ പ്രവർത്തകർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.





## “മാറ്റൊലി 2026” കോട്ടയം ജില്ലയിൽ സംഘടിപ്പിച്ചു

സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും സാമൂഹ്യ-നിയമ അവബോധം നൽകുന്നതിനായി നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്ന ‘മാറ്റൊലി 2026’ ബോധവൽക്കരണ പരിപാടി 07.02.2026-ന് കോട്ടയം ജില്ലാ പ്ലാനിങ് കമ്മിറ്റി സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തി. ബഹു. നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ, ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ.



കെ. എം. ദിലീപ് ഉദ്ഘാടനം നിർവ്വഹിച്ചു. അഡീഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ് സ്വാഗതവും, കുടുംബശ്രീ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ശ്രീ. പ്രകാശ് ബി. നായർ ആശംസയും, അസിസ്റ്റന്റ് ലീഗൽ ഓഫീസർ ശ്രീമതി ആലീസ് കെ. പി. നന്ദിയും അർപ്പിച്ചു.

"ഇന്ത്യൻ ഭരണഘടനയും പുതിയ ക്രിമിനൽ നിയമങ്ങളും ഉറപ്പാക്കുന്ന സ്ത്രീ



സുരക്ഷിതത്വം" എന്ന വിഷയത്തിൽ അഡ്വ. ഭുവനേന്ദ്രൻ നായർ വി. യും, "സ്ത്രീ ശാക്തീകരണത്തിൽ പ്രത്യേകനിയമങ്ങൾ വഹിക്കുന്ന പങ്ക്" എന്ന വിഷയത്തിൽ (റിട്ട.) അഡീഷണൽ നിയമസെക്രട്ടറി ശ്രീ. കെ. പ്രസാദും ക്ളാസുകൾ നയിച്ചു. കോട്ടയം ജില്ലയിലെ കുടുംബശ്രീ പ്രവർത്തകർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

**വിദ്യാർത്ഥികളിൽ നിയമപരിജ്ഞാനത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ചുകൊണ്ട് *"മാറ്റൊലി"* ബോധവത്കരണ പരിപാടി നാലാഞ്ചിറ മാർ തിയോഫിലസ് ട്രെയിനിംഗ് കോളേജിൽ സംഘടിപ്പിച്ചു.**

സമൂഹത്തിൽ ജീവിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട സാമാന്യ നിയമങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് വിദ്യാർത്ഥികൾക്കായി സാമൂഹ്യ-നിയമ ബോധവത്കരണ പരിപാടിയായ "**മാറ്റൊലി 2026**" തിരുവനന്തപുരം മാർ തിയോഫിലസ് ട്രെയിനിംഗ് കോളേജിൽ വച്ച് 25.02.2026-ന് സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം ബഹു. നിയമസെക്രട്ടറി ശ്രീ. കെ. ജി.




സനൽ കുമാർ നിർവ്വഹിച്ചു. കോളേജ് ബർസർ ഫാദർ ജോൺസൻ പുതുവേലിൽ ചടങ്ങിന് അധ്യക്ഷത വഹിച്ചു. ബിഎഡ് വിദ്യാർത്ഥികൾക്ക് നിയമ അവബോധം നൽകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അവരിലൂടെ നിയമ പരിജ്ഞാനം കുട്ടികളിൽ കൂടുതൽ ഫലപ്രദമായി എങ്ങനെ എത്തിക്കാമെന്നതിനെക്കുറിച്ചും




നിയമസെക്രട്ടറി സംസാരിച്ചു. പ്രൊഫ. (ഡോ.) ബിന്ദു ബി. സ്വാഗതവും, അഡീഷണൽ നിയമസെക്രട്ടറി ശ്രീ.ഷിബു തോമസ് നന്ദിയും അർപ്പിച്ചു.

''എൻ.ഡി.പി.എസ്. നിയമങ്ങളും കുറ്റകൃത്യങ്ങളും'' എന്ന വിഷയത്തിൽ ജോയിന്റ് എക്സൈസ് കമ്മീഷണർ ശ്രീ. വിനോദ്കുമാർ എസ്. ഉം, ''പൊതുനിയമ സാക്ഷരത-ഇന്ത്യൻ ഭരണഘടനയും പുതിയ ക്രിമിനൽ നിയമങ്ങളും'' എന്ന വിഷയത്തിൽ അഡ്വ. ഭുവനേന്ദ്രൻ നായർ വി. യും. ക്ളാസുകൾ നയിച്ചു.

**നിരാകരണം** / disclaimer

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ ഔദ്യോഗിക അഭിപ്രായങ്ങളല്ല. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ്, അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

*പത്രാധിപസമിതി*







നിയമധ്വനിയുടെ
മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ
ലഭ്യമാണ്

***https://lawsect.kerala.gov.in***

RNI REG. No. KERMAL/2017/74542

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 09
ഇഷ്യൂ 03

DATE OF PUBLICATION
16/03/2026



Printed by Veeran. T the Superintendent of Government Presses, Thiruvananthapuram
Published by K. G. Sanal Kumar, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Government Central Press, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: K. G. Sanal Kumar